
GHSS PADIYOOR
പടവ്
little KITEs

## സമർപ്പണം

**പ്രളയത്തിന്റെ ദുരന്തക്കയത്തിൽ**
**ചേതനയറ്റുപോയ സഹോദരങ്ങൾക്ക്...**




# പടവ്

ഡിജിറ്റൽ മാഗസിൻ
2018–19

കണ്ണൂർ ജില്ലയിലെ
പടിയൂർ
ഗവൺമെന്റ്
ഹയർസെക്കൻഡറി
സ്കൂളിലെ
ലിറ്റിൽ കൈറ്റ്സ്
2018–2019
യൂണിറ്റ്
അംഗങ്ങളുടെ
പ്രസിദ്ധീകരണം

### ഉപദേശകസമിതി

പി.വി.ലളിത, ഹെഡ്മിസ്ട്രസ്

കെ.കെ.പുഷ്പജ, സീനിയർ അസിസ്റ്റന്റ്

### സ്റ്റാഫ് എഡിറ്റേഴ്സ്

കെ.വി.രാമചന്ദ്രൻ, കൈറ്റ് മാസ്റ്റർ

കെ.വാസന്തി, കൈറ്റ് മിസ്ട്രസ്

### സ്റ്റുഡന്റ് എഡിറ്റർ

അഭിനവ് കെ.

### അംഗങ്ങൾ

അഭിനന്ദ് കെ.ജെ., അഞ്ജിത പി., വൈശാഖ് ഹരീന്ദ്രൻ,
മാളവിക പി., നീഹാര വി.

### ടൈപ്പിംഗ്

ആഗ്നസ് ബാബു, അജന്യ സി.എച്ച്., അഞ്ജലി മനോജ്,
ആര്യശ്രീ പി., അശ്വതി പി., നന്ദന പി.സി.,
നന്ദന ടി.ജെ., സനിഷ കെ.പി., സനൂപ് കെ.,
തുഷാര കെ., അഭിഷേക് കൃഷ്ണ, ആദിത്യ ഐ.ആർ.,
അനഘ അരവിന്ദ്, അനാമിക ഇ., അനന്ദു വിജയൻ,
അഞ്ജിത പ്രകാശൻ, അനശ്വര കെ., ദേവിക വി.,
ഹൃദ്യശ്രീ കെ.എസ്., കീർത്തന കെ.കൃഷ്ണ,
കീർത്തന പി., റിനി ജോസഫ്

### ആർട്ട് എഡിറ്റേഴ്സ്

അഭിനന്ദ് പി., അക്ഷയ ആർ.പി., ദേവിക എൻ.സി.,
അദ്വൈത് പി.വി.

നമ്മുടെ വിദ്യാലയത്തിലെ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
'പടവ്' എന്ന പേരിൽ
ഒരു ഡിജിറ്റൽ മാഗസിൻ
തയ്യാറാക്കുന്നുണ്ടെന്നറിഞ്ഞതിൽ
വളരെ സന്തോഷം.
നമ്മുടെ വിദ്യാർത്ഥികളുടെ
കലാ-സാഹിത്യസൃഷ്ടികൾ
വളരെ മെച്ചപ്പെട്ടതാണെന്ന്
എനിക്കറിയാം.
കുട്ടികളുടെ കഴിവ് മുഴുവൻ
ഈ മാഗസിനിൽ പ്രതിഫലിക്കും
എന്നതാണ് എന്റെ വിശ്വാസം.
മുഴുവൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും
'പടവി'നും

എല്ലാവിധ ആശംസകളും നേരുന്നു.



പി.വി.ലളിത
ഹെഡ്മിസ്ട്രസ്
GHSS പടിയൂർ

വിദ്യാലയത്തിലെ
ഡിജിറ്റൽ കൂട്ടായ്മയായ
ലിറ്റിൽ കൈറ്റ്സിന്റെ
പ്രഥമ ബാച്ചിലെ കൂട്ടുകാരുടെ
സംഘപഠനത്തിന്റെയും
സഹവർത്തിതപഠനത്തിന്റെയും
അനുഭവങ്ങളിലൂടെ ചാലിച്ചെടുത്ത്
രൂപപ്പെടുത്തിയ
'പടവി'ലെ ഇഷ്ടികകളായത്
ഈ വിദ്യാലയത്തിലെ
കലാ-സാഹിത്യപ്രതിഭകളുടെ
രചനാമുദ്രകളാണ്.
മുഴുവൻ എഴുത്തുകൂട്ടത്തിനും
വരക്കൂട്ടത്തിനും
ഡിജിറ്റൽ ഭാഷ നൽകിയ
'കുഞ്ഞുപട്ട'ക്കൂട്ടത്തിനും
അഭിനന്ദനങ്ങൾ...!



കെ.വി.രാമചന്ദ്രൻ
കൈറ്റ് മാസ്റ്റർ

പടവ്

കുട്ടികളുടെ
സർഗാത്മകസൃഷ്ടികളെ
കടലാസിൽ നിന്ന്
യന്ത്രഭാഷയിലേക്ക് മൊഴിഭേദം
വരുത്തിയ എന്റെ സ്വന്തം ലിറ്റിൽ
കൈറ്റ്സ് കുട്ടുകാർക്ക് സ്നേഹം
നിറഞ്ഞ ആശംസകൾ...!

കെ.വാസന്തി
കൈറ്റ് മിസ്ട്രസ്



## കലാ-സാഹിത്യസൃഷ്ടികൾ രചിച്ച കുട്ടികാർ

അക്ഷയ ആർ.പി.
അജന്യ സി.എച്ച്.
അഞ്ജിത പി.
അദ്വൈത് പി.വി.
അനഘ കെ.
അഭിനന്ദ് കെ.ജെ.
അഭിനന്ദ് പി.
അഭിഷേക് കൃഷ്ണ
ആര്യ കെ.സുരേഷ്
ആര്യശ്രീ പി.
കീർത്തന കെ.കൃഷ്ണ
ദേവപ്രിയ വി.
ദേവിക വി
നീഹാര പി.
മാളവിക പി.
യദുപ്രിയ സി.
രഷ്ന രാജ്
വൈശാഖ് ഹരീന്ദ്രൻ
സംഗീർത്ത് എം.വി.
ഹൃദ്യശ്രീ കെ.എസ്.





## അകംപൊരുൾ

എനിക്കുമുണ്ടേറെ മോഹങ്ങൾ..........12
ഒടുങ്ങാത്ത നിലവിളി..........13
എന്നും തണലായ അമ്മ..........15
മലയാളത്തിന്റെ സ്വരമിടറുന്നു..........17
വർണത്തിളപ്പിന്റെ ലോകമെന്നെ മൂഢനാക്കി..........19
ആധുനികം..........20
പ്രശ്നോത്തരി..........22
തിരയുടെ നിഷ്ഫലമോഹങ്ങൾ..........23
തുല്യനീതി പുലരാത്ത ഇന്ത്യ..........25
എന്റെ തണൽ മരം... എന്റെ അച്ഛൻ..........26
ഒരു മിസ്ഡ് കോളിന്റെ ദൂരം..........27
വിധി..........28
പ്രളയം..........29
കടലാസിൻ ഇതളുകൾ..........31
ഇംഗ്ലീഷ് പദകേളി..........32
പ്രണയത്തിന്റെ മൗനം..........33
വിലാപം..........37
കടങ്കഥ..........38
കടങ്കഥ – ഉത്തരങ്ങൾ..........40
ഒരു കല്ലുപറഞ്ഞ കഥ... വേരിനോട് മാത്രം..........41
ജീവൻ..........42
വാക്കിലെ നോവ്..........45
वर्ष का गुस्सा..........47
സ്ഥലങ്ങളുടെ അപരനാമങ്ങൾ..........48
ഹേ, ഗാസാ..........49
മക്കൾ..........50
വാക..........53
രാത്രിയിലെ ജീവന്റെ മിടിപ്പുകൾ..........54
മോഹക്കടൽ..........57
ജീവിതവിജയത്തിന് ഗാന്ധിസൂക്തങ്ങൾ..........58
പുത്തനുണർവ്..........59
അണയാത്ത കാത്തിരിപ്പ്..........60
എല്ലാം നഷ്ടപ്പെട്ട ആൾ..........64
വിശപ്പടക്കാൻ..........65

കൂട്ടുകാർ നമ്മൾ.....68

അശ്രദ്ധ.....69

എന്റെ തണൽ മരം.....70

Maternity.....71

നിശബ്ദമീ നിലവിളി.....72

मत कहो , आप बेटी है।.....73

ജീവന്റെ വില.....74

ഇന്ത്യ വാക്കുകളിലൊതുങ്ങുന്നതല്ല.....75

നാട്ടുവൈദ്യം.....77

ശബ്ദം കേട്ട വഴി.....80

കുഴലൂത്തുകാരൻ.....82

പ്രശ്നോത്തരി.....84

മരണജീവിതം.....85

ആ രാത്രി (ഒരു കല്യാണത്തലേന്ന്).....88

സ്വപ്നം കാണാം ഏവർക്കും പുതിയ ഒരിന്ത്യയെ.....90

അറിയാമോ?.....92

പ്രശ്നോത്തരി (ബഹിരാകാശം).....95

സ്ഥലനാമങ്ങൾ.....95

ചോദ്യകേളി.....96

G.K QUIZ.....97

കേരളം ക്വിസ്.....98

പഴഞ്ചൊല്ലുകൾ.....99

മഹദ്വചനങ്ങൾ.....101

കവിത

# എനിക്കുമുണ്ടേറെ മോഹങ്ങൾ

എനിക്കുമുണ്ടേറെ മോഹങ്ങൾ
ഒരിക്കലും നടക്കാത്ത മോഹങ്ങൾ
വാനിൽ പറന്നു നടന്നെങ്കിൽ
പുഴയിൽ തിമിർത്തു മദിച്ചെങ്കിൽ
എന്റെ മോഹങ്ങൾ നിറവേറുകില്ല
എന്റെ സ്വപ്നങ്ങൾ നടക്കുകില്ല.

അറിയാമെങ്കിലും നെയ്യുന്നു ഞാൻ
വെറുതെയീ വെറുതെയീ മോഹങ്ങൾ
ഓർക്കുവാനൊന്നുമില്ലെൻ മനസിൽ
നടക്കാത്ത വെറും മോഹങ്ങൾ മാത്രം.



എങ്കിലും ഓർക്കുന്നു ഞാനിന്ന്
വെറുതെയീ വെറുതെയീ മോഹങ്ങൾ
ഇന്നുമെനിക്കുണ്ട് ഏറെ മോഹം
എന്റെ മനസ്സിലെ പാഴ് മോഹം.

നെയ്തുകൂട്ടുന്നു ഞാൻ മോഹങ്ങളെ
വെറുതെയി വെറുതെയി മോഹങ്ങളെ
എങ്കിലും തോന്നുന്നു എൻ മനസ്സിൽ
എന്റെ മോഹങ്ങളും സഫലമാകും
എന്റെ മോഹങ്ങളും പൂവണിയും
നിറവേറ്റാനാകാതെ ബാക്കി നിൽപ്പൂ
എന്റെ മാത്രം മോഹങ്ങൾ.

സമയമില്ലെനിക്കിവ നിറവേറ്റാൻ
സമയമില്ലിവയ്ക്കു നിറവേറുവാൻ
ഒരു മഴ പെയ്തു തോർന്നപോ-
ലെന്റെ മോഹങ്ങൾ
വെറുതെയീ വെറുതെയി മോഹങ്ങൾ
ഇപ്പൊഴീ മുറ്റത്തെ മാവിൻ തണലി-
ലെനിക്കൊപ്പമെൻ മോഹങ്ങൾ മാത്രം.

കഥ

# ഒടുങ്ങാത്ത നിലവിളി

അന്നൊരു ബുധനാഴ്ചയായിരുന്നു. ലീവ് കഴിഞ്ഞ് തിരിച്ച് ബാംഗ്ലൂരുള്ള എന്റെ ജോലി സ്ഥലത്തേക്ക് മടങ്ങുകയായിരുന്നു. രാത്രി 10 മണിക്കായിരുന്നു ബസ്. വീട്ടുകാരോട് യാത്ര പറഞ്ഞ് പതുക്കെ ഞാൻ ബസ് സ്റ്റാന്റിലേക്ക് നടന്നു.

ബസ് സ്റ്റാന്റിൽ പറയത്തക്ക വണ്ണം ആരുമുണ്ടായിരുന്നില്ല. പാതിജീവനോടെ കഴിയുന്ന ഒരു ബഞ്ചിലിരുന്ന് ഏകാന്തതയിലേക്ക് നോക്കി ഒരു സ്ത്രീ ഇരിക്കുന്നുണ്ടായിരുന്നു. ഞാൻ ആ ബെഞ്ചിലിരുന്നു. ബസ് സ്റ്റാന്റിലെ മങ്ങിയ വെളിച്ചം ആ സ്ത്രീയെ എനിക്ക് വ്യക്തമായി കാണാൻ സഹായിച്ചു. പഴകിയ ഒരു വസ്ത്രമായിരുന്നു അവർ ധരിച്ചിരുന്നത്. കണ്ണുകളിൽ പീളിയടിഞ്ഞിരുന്നു. നീണ്ടുമെലിഞ്ഞ വിരലുകൾ. ഇത്രയും അടുത്ത് ഒരാൾ ഇരുന്നിട്ടും ഒന്നുനോക്കാൻ പോലും അവർ കൂട്ടാക്കിയില്ല.

വെറുതെ എന്ന വണ്ണം ഞാൻ ചോദിച്ചു.

“എവിടെയാണ് പോവേണ്ടത് "?

ആ സ്ത്രീ ഒന്നും പ്രതികരിച്ചില്ല. പീളയടിഞ്ഞ ആ കണ്ണ് ഇരുട്ടിലേക്ക് തന്നെയായിരുന്നു നോക്കിയത്. അമ്മയുടെ പ്രായമായതിനാൽ അവരെ ഞാൻ അമ്മ എന്ന ആ രണ്ടക്ഷരം ചേർത്ത് കൊണ്ട് ചോദിച്ചു.

"അമ്മയ്ക്ക് എങ്ങോട്ടാണ് പോവേണ്ടത് "?

പെട്ടെന്ന് തന്നെ പീളയടിഞ്ഞ ആ കണ്ണുകളിൽ പ്രതീക്ഷ നിറച്ചുകൊണ്ട് ഇരുട്ടിൽ നിന്നും എന്റെ നേരേക്ക് തിരിഞ്ഞു.

അമ്മ ചോദിച്ചു.

“മോനേ .....മോനേ നീ വന്നോ"?

പ്രതീക്ഷ തുളുമ്പിയിരുന്ന ആ കണ്ണുകൾ നിരാശയോടെ താഴോട്ട് താണു. പിന്നെ ഒറ്റയ്ക്ക് പിറുപിറുത്തു. അമ്മ എന്നോട് ചോദിച്ചു

"എന്റെ മകനെ ഇവിടെയെങ്ങാനും കണ്ടിരുന്നോ?”4 ദിവസമായി അവനെ എനിക്ക് നഷ്ട്പ്പെട്ടിട്ട്. അവനില്ലാതെ ഞാൻ എങ്ങനെ വീട്ടിൽ പോകും?"

വിണ്ടുകീറിയ ചുണ്ടുകളോടെ എന്നോട് ചോദിച്ചു. അപ്പോഴും ദയനീയതയുടെ കണ്ണീർതുള്ളി ആ സ്ത്രീയുടെ കണ്ണിൽ നിന്നും മുളപൊട്ടിക്കൊണ്ടേയിരുന്നു. അപ്പോഴാണെനിക്ക് കാര്യം മനസ്സിലായത്, മകനെനഷ്ട്പ്പെട്ട വേദനയിലാണ് ഈ സ്ത്രീ ഇരിക്കുന്നത്. നാല് ദിവസങ്ങളായി ഒന്നും കഴിക്കാതെ ഇരിക്കുകയാണെന്ന് ആ മുഖത്ത് നിന്നും എനിക്ക് മനസ്സിലായി. എന്റെ അമ്മ എനിക്കായി ഒരു പൊതി പലഹാരങ്ങൾ തന്നിരുന്നു. എന്റെ കൈയിൽ വേറെ ഒന്നും ഇല്ലാത്തതിനാൽ ഞാൻ അവർക്ക് ആ പലഹാരം നൽകി. അത് വാങ്ങാനോ നോക്കാനോ തുനിയാതെ ആ സ്ത്രീ മകനുവേണ്ടി തിരഞ്ഞുകൊണ്ടേയിരുന്നു. അപ്പോൾ ഒരു പോലീസ് ഒരു അപരിചിതനേയും കൂട്ടി അവിടേക്ക് വരുന്നത് ഞാൻ ശ്രദ്ധിച്ചു.

"താൻ ഈ സ്ത്രീയുടെ ആരെങ്കിലും ആണോ"

ആരുമല്ലെന്ന് ഞാൻ മറുപടി പറഞ്ഞു. അവസാനം ഒരു ദയാദാക്ഷിണ്യവുമില്ലാതെ പോലീസുകാർ ആ അമ്മയുടെ മുഖത്തടിച്ചതുപോലെ പറഞ്ഞു.

നിങ്ങളുടെ മകനെ കൊന്നത് ഇയാളാണ്.

ആ അപരിചിതന്റെ തല..... കുറ്റബോധമാണോ എന്ന് എനിക്ക് അറിയില്ല. തകർന്ന മനസ്സുമായി അമ്മ പൊട്ടിക്കരഞ്ഞു. തന്റെ മകൻ ഒരിക്കലും വരില്ല എന്ന യാഥാർത്ഥ്യം, അവരെ എങ്ങനെ ആശ്വസിപ്പിക്കണം എനിക്കറി യില്ലായിരുന്നു.

എന്റെ ബസ് പതുക്കെ വരാൻ തുടങ്ങി. തന്റെ വേദന ഒരു നിലവിളിയിൽ തീർക്കുകയായിരുന്നു. ആ ബസ്സിൽ കയറാതിരിക്കൻ എനിക്ക് കഴിയില്ലായിരുന്നു. പുറകോട്ട് വലിക്കുന്ന മനസ്സുമായി ബസ്സിന്റെ പടികൾ ഞാൻ ചവിട്ടി പതുക്കെ കയറി. ബസ്സ് സ്റ്റാന്റിൽ നിന്നും നീങ്ങി. ബസ്സ് നീങ്ങുമ്പോഴും ഞാൻ ആ സ്ത്രീയെ തന്നെ ആയിരുന്നു നോക്കിയത്. ബസ്സ് നീങ്ങുന്നതിനനുസരിച്ച് ആ സ്ത്രീ എന്റെ കണ്ണിൽ നിന്നും പതിയെ മറഞ്ഞു. പക്ഷെ എന്റെ കാതുകളിൽ ആ സ്ത്രീയുടെ കൂട്ടനിലവിളി ഒടുങ്ങുന്നുണ്ടായിരുന്നു.



കവിത

# എന്നും തണലായ അമ്മ

വാത്സല്യത്തിൽ തണൽ മറക്കരുതേ...
ഈ അമ്മയുടെ തണൽ കളയരുതേ
നന്മയുടെ തണലിന്റെ  ശിഖരങ്ങൾ മുറിക്കരുതേ..

നീളും കരങ്ങളാൽ തലോടുന്ന
മനസ്സിൻ സന്തോഷമൊരു നിമിഷത്തിൽ
വേദനയായ് മാറുന്നതിനിടയാക്കരുതേ
അമ്മയുടെ സിരകളിൽ തുടിക്കും
ഞരമ്പുകളിൽ തുടിപ്പതും തങ്ങൾതന്നോമനകളെ
നോക്കാൻ കൊതിക്കുന്ന അമ്മമനസ്സ്



തണൽ മരങ്ങൾ മുറിക്കുമ്പോൾ
ഓർക്കണമാ വാത്സല്ല്യത്തിൻ സ്പർശം
ഭൂമി മാതാവിൻ വേദനയാരു കാണും?
തണൽവൃക്ഷം മുറിക്കുമ്പോളൊന്നറിയണം
പിൻതിരിഞ്ഞൊന്നു നോക്കണം
പോറ്റിവളർത്തിയൊരാ നൽവഴികളോർക്കണം

മണ്ണിലാണ്ടിരിക്കുന്ന വേരിന്നിഴചേർന്ന
കെട്ടിന്റെ ദൃഢബന്ധങ്ങളഴിക്കരുതേ..
അഴിയുമ്പോളറിയുമാ വേദന..
ഓർക്കുന്നു വാത്സല്യമോർക്കുന്നു സ്നേഹം
സ്നേഹപുഷ്പത്തിന്നോർമ്മകൾ
മങ്ങാതെ നിൽക്കും.

മുറിയരുത് തണലിനെ മുറിക്കരുത്....
ബന്ധത്തെ മുറിക്കരുത് സ്നേഹത്തിൻ തണൽമരത്തെ..
ബാല്യകാലത്തിലമ്മ പറഞ്ഞതിനപ്പുറം
ചെയ്യാതിരുന്നൊരാ പോയകാലം
മക്കൾക്കെന്നും തണലായി നിൽക്കുമോ..

ഓർക്കുന്നു ഞാനാ പോയകാലം..
ഓർക്കുന്നു ഞാനാ പോയകാലം..
തണലിനെ മുറിക്കവേയോർക്കുന്നു
ഞാനാ പോയകാലം

ഇനി വെട്ടില്ല ഞാനീ തണലിനെ
ഇനിവേദനിപ്പിക്കില്ല തണൽമരത്തെ
എന്നുമെപ്പൊഴും തണലായമ്മയുണ്ട്.

ലേഖനം

# മലയാളത്തിന്റെ സ്വരമിടറുന്നു

മലയാളി സ്വയം മാറുന്നതിലൂടെ നേട്ടങ്ങളെ തേടിപ്പോവാൻ ആഗ്രഹിക്കുന്നവൻ. തനിമയില്ലാത്ത മലയാളരൂപങ്ങളും മലയാളഭാഷയോട് കടുത്ത എതിർപ്പും പ്രകടിപ്പിക്കുകയാണ് നമ്മൾ, അല്ല, ഞാൻ എന്ന മലയാളി.

2013 എന്ന വർഷം മലയാളഭാഷയ്ക്ക് ചാർത്തിക്കൊടുത്ത ഒരു കേവലനെറ്റിപ്പട്ടമാണ് മലയാളികളുടെ മനസ്സിൽ ഈ ശ്രേഷ്ഠഭാഷാപദവി. എന്നാൽ അനേകായിരം വർഷങ്ങളിൽ മലയാളത്തെ സാധനയായും ഉപാസനയായും കണ്ട കവികളിലൂടെ അവരുടെ ചിന്തകൾ മലയാളത്തിലൂടെ പുറത്തുവന്നപ്പോൾ അതു വായിച്ച് വിരൂപിയായിരുന്ന മലയാളഭാഷയെ പുസ്തകത്തിന്റെ ധവളചാരുതയേകിയും അക്ഷരങ്ങളാൽ മെയ് ഉടച്ച് മിനുക്കിയും ബിംബങ്ങളാൽ കണ്ണെഴുതിയും പ്രതീകങ്ങളാൽ പൊട്ടുതൊട്ട് അതിലെ ആശയമാകുന്ന പാനപാത്രം സ്വത്വമെന്ന് കണ്ട് തങ്ങളുടെ ശൈലിപൂരിത ഭാഷയെ തേച്ചുമിനുക്കിയെടുത്ത പണ്ടത്തെ, പണ്ടത്തെതെന്ന് പറഞ്ഞാൽ മലയാളത്തെ മലയാളമെന്ന് വിളിച്ച ഒരു കൂട്ടം മലയാളികളും കവികളും അന്നത്തെ കേരളസസ്യങ്ങളും മരങ്ങളും സഹ്യനും പമ്പയും തെളിനീരുകളുമെല്ലാം ചേർന്ന് അവരുടെ വിയർപ്പിനാൽ കുളിച്ച് വരുന്നവളാണ് ഇന്ന് നാം കേൾക്കുന്ന മലയാളം.



വളരെ വർഷങ്ങൾക്കുമുൻപ് എന്റെ മലയാളം ഇന്നുകാണുന്ന മലയാളമായിരുന്നില്ല. പ്രകൃതം എന്ന ഭാഷയുരുത്തിരിഞ്ഞാണ് പിന്നീട് അത് വിവിധ ഭാഷകളായി വേർപെട്ടത്. പ്രകൃതം തമിഴായി പരിണമിക്കുകയും തമിഴിലൂടെ മലയാളം ജനിച്ചുവെന്നും ചില പഠനങ്ങൾ പറയുന്നു. മലയാളം പിതാവായി കാണുന്ന എഴുത്തച്ഛനാണ് ഇന്ന് കാണുന്നവിധം കഴിവുറ്റ നെയ്ത്തുകാരൻ സ്വർണ്ണനൂലാൽ നെയ്തെടുത്ത പട്ടുകുപ്പായം പോലെ നെയ്തെടുത്തത്.

മലയാളത്തിന് വേണ്ടി ഒരു നിഘണ്ടു തയ്യാറാക്കിയത്, ആദ്യമായി ഹെർമൻ ഗുണ്ടർട്ടാണ്. ഒരു വിദേശിയുടെ കരവിരുതിനാൽ നമുക്ക് ഇത്തരമൊരു അനുഭവമുണ്ടായാൽ നാം ഒരുമിച്ച് കുളിർകൊള്ളണ്ടതും, ലജ്ജിക്കേണ്ടതുമാണ്. എന്തെന്നാൽ സ്വന്തം മാതൃഭാഷയിൽ, ഭാഷയുടെ ഓളങ്ങൾ തിരയുവാനും അതിന്റെ ആഴം തിരിച്ചറിഞ്ഞ് സ്വന്തം ഭാഷാനിഘണ്ടു ആദ്യമായി തയ്യാറാക്കുവാനും ഒരു

പടവ്


മലയാളി ശ്രമിച്ചില്ല എന്നത് നമുക്ക് സംഭവിച്ച ഒരു പിഴവുകൂടിയാണ്.

എന്നാൽ ഇതേ സമയം വളരെ കാലങ്ങൾക്കുമുൻപ് തന്നെ നമ്മുടെ ഭാഷയെ അതിശ്രേഷ്ഠമായി കണ്ടവർ ഉണ്ടായിരുന്നു. ഗുണ്ടർട്ട് നമ്മുടെ ഭാഷയെ വിശകലനം ചെയ്ത് പഠിച്ച് നമുക്കായി തന്നു. എന്നാൽ സ്വന്തം അമ്മയായ മലയാളത്തിന് മക്കളായ നമ്മളെന്തു നൽകി? പരിഹാസവും അവഗണനയും എന്നു തുടങ്ങി പുരസ്കാരങ്ങൾ ധാരാളമാണ്. ഭാഷാപിതാവിനെ മുൻപുള്ള ചില വരികളിലൂടെ അനുസ്മരിച്ചിരിക്കുന്നു. എന്നാൽ ആരാണ് ഭാഷാ മാതാവ്? മലയാളത്തിന്റെ മാതാവ് ലിംഗഭേദമന്യേ, ഈ ഭാഷാമലയാളമായി അതിന്റെ ചാരുതയോ ആര് സംസാരിക്കുന്നോ അവരാണ് മലയാള ഭാഷയുടെ മാതാവ്.

എന്നാൽ ആധുനികതയുടെ ലോകം ഒരു സ്ത്രീയെ മലയാള ഭാഷയുടെ മാതാവ് എന്ന് വിശേഷിപ്പിച്ചു. അവരുടെ പേര് എന്റെ ഈ രചനയിൽ ഉൾപ്പെടുത്താൻ എന്റെ നാരായം സമ്മതിക്കുന്നില്ല.

തെറ്റായ ഭാഷാപ്രയോഗവും, മലയാളത്തിനിടയിലെ അന്യഭാഷാ പ്രയോഗവും മലയാളത്തിന്റെ ചാരുത നഷ്ടപ്പെടുത്തുന്നു. മലയാളത്തിൽ അന്യഭാഷകൾ, പ്രത്യേകിച്ചും ആംഗലഭാഷ തിരുകിക്കയറ്റുന്ന മലയാളി സ്വയമറിയാതെ അത് അന്തസ്സിന്റെ പ്രതീകമായി കാണുന്നു. സമകാലികരംഗത്ത് മലയാളം മലയാളിക്ക് അന്യമാകാൻ കാരണം ആംഗലേയഭാഷയാണ്.

ഉറങ്ങിക്കിടക്കുന്ന ഖസാക്കിന്റെ ഇതിഹാസങ്ങളും, സുന്ദരികളും സുന്ദരൻമാരും, നാലുകെട്ടും, അഗ്നിസാക്ഷികളുമെല്ലാം ഇന്ന് ചില്ല് കൂടാവുന്ന ജയിൽകമ്പികൾ തകർത്തെറിഞ്ഞ് വായുവാകുന്ന ശ്രവണജാലകത്തിൽ നീന്തിക്കടക്കാൻ കൊതിക്കുന്നു. എന്റെ മനസ്സിനാൽ നെയ്തെടുത്ത ഈണത്താൽ മെഴുകിയ ഈ ഗാനം ഞാൻ പാടാൻ തുടങ്ങുന്നു. നിങ്ങളെനിക്കായി വീണക്കമ്പികൾ മീട്ടുമോ? മലയാളത്തിന്നീ ഇംഗ്ളീഷ് ജയിൽ മോചനം നൽകുവാൻ........!



കവിത

# വർണത്തിളപ്പിന്റെ ലോകമെന്നെ മൂഢനാക്കി

വെയിലും മഴയും ചൂടും ഏൽക്കാതെ
തണലായ് നിൽക്കുന്നൊരമ്മ
അമ്മതൻ മക്കളാം ഞങ്ങൾക്കു തുണയായി
തണലായ് നിൽക്കുന്നതമ്മ
അമ്മ പകർന്നൊരു സ്നേഹം
മനസിൽ പ്രകാശമായ് നിൽപ്പൂ

കാലങ്ങളേറെ കടന്നു പോയി
അമ്മ വാർദ്ധക്യത്തിൻ പിടിയിലായി
നിസ്സഹായയായ് നിൽപ്പൂ
ഞാനുമേറെ വളർന്നുപോയി



പിന്നെ പിന്നെ വർണ്ണത്തിളപ്പിന്റെ ലോകം
അമ്മയെ തള്ളാനെന്നെ നിർബന്ധിതനാക്കി
മനസിന്റെ വിങ്ങലില്ല, അമ്മയെ
ഉപേക്ഷിക്കാനുള്ള ചിന്തമാത്രം
ഉറക്കത്തിലുമമ്മയുടെ രൂപം
വല്ലാതെയെന്നെ പിൻതുടർന്നു
നാളെ പുലർച്ചയിലമ്മയുമായി
പുറപ്പെടാമെന്നു കരുതി കണ്ണടച്ചു...

വിങ്ങലുമായി ഞാനമ്മയുമായി
പടിയിറങ്ങി, പണ്ടമ്മയെന്നെ
വിദ്യാലയത്തിൽ കൊണ്ടു പോയത്
മനസിലൂടപ്പോൾ കടന്നു പോയി...
കാലുകൾ പതറുന്നു ചുണ്ടുകൾ വിറയ്ക്കുന്നു
എങ്കിലുമുപേക്ഷിക്കാതെ വയ്യ...

"അമ്മ"യെന്ന രണ്ടക്ഷരമാദ്യമായ്
ചൊല്ലിത്തന്നതോർത്തു ഞാൻ
ഗുരുവായൂരമ്പലനടയിലെത്തി
അമ്മയെ നടയിൽതന്നെ തള്ളി
ഓടി മറഞ്ഞു ഹാ! ഞാൻ നിർദയം...

ഉറക്കത്തിലമ്മയുടെ സ്നേഹരൂപം
എന്നെ വിളിച്ചുകൊണ്ടിരുന്നു, അമ്മേ...

കഥ

# ആധുനികം

നഗരജീവിതവും നഗരയാത്രയും അയാൾക്ക് പ്രിയങ്കരമായി തോന്നിയില്ല. സഹോദരിയുടെ വിവാഹത്തിന് ആഭരണം എടുക്കുവാൻ വന്നതായിരുന്നു. പുകയും പൊടിപടലങ്ങളും അയാൾക്കു അസഹ്യമായിരുന്നു. ഉഷ്ണക്കാറ്റ് അയാളെ അസ്വസ്ഥനാക്കി. പെട്ടിക്കടിയിൽ നിന്നും ലൈംസോഡ കുടിച്ച് അയാൾ തന്റെ ക്ഷീണം തീർത്തു.



കുറച്ചുകഴിഞ്ഞ് അയാൾ ബസ്സ് സ്റ്റോപ്പിൽ കയറിനിന്നു. അവിടെ ഒരുപാട് നഗരവാസികൾ നിൽക്കുന്നുണ്ടായിരുന്നു. അവരുടെ സംഭാഷണത്തിൽ തന്നെ സ്വാർത്ഥതയും അഹങ്കാരവും നിറഞ്ഞിരുന്നു. അയാൾ ഒരു കുട്ടിയെ കണ്ടു. അവന്

പത്തുവയസ്സുപോലും ഉണ്ടായിരുന്നില്ല. അവന്റെ കയ്യിൽ ഒരു വലിയ സാധനം ഉണ്ടായിരുന്നു. അയാൾ അവനോട് ചോദിച്ചു.

"മോനേ നിന്റെ കയ്യിൽ എന്താണ് ?" അവൻ ഒന്നും മിണ്ടിയില്ല.

അവിടെ ഒരു വൃദ്ധനും ഉണ്ടായിരുന്നു. അയാൾ എന്തോ ആലോചിക്കുകയായിരുന്നു. കുറച്ച് ന്യൂജനറേഷൻ ബോയ്സും അവിടെ ഉണ്ടായിരുന്നു. അവർ സ്ത്രീജനങ്ങളുടെ വായ്നോക്കി നിൽക്കുകയായിരുന്നു.

പെട്ടെന്നാണ് വികടമായ ഒരു ശബ്ദത്തോടുകൂടി ഒരു ബൈക്ക് അവിടേക്ക് പ്രത്യക്ഷപ്പട്ടത്. നല്ല സ്പീഡിൽ വന്ന ആ ബൈക്ക് ഗട്ടറിൽ വീണു. ചെന്ന് നോക്കുമ്പോൾ ദാ അവന്റെ തല പൊട്ടി ചോരവാർന്നു കിടക്കുന്നു. രക്ഷിക്കാൻ ശ്രമിച്ച അയാളെ ഒരാൾ തടഞ്ഞു. എന്നാൽ ആ വൃദ്ധൻ വീണുകിടക്കുന്നയാളുടെ അടുത്തേക്ക് ഓടിച്ചെന്നു.

"കണ്ണിൽ ചോരയുള്ള ഒരാളെങ്കിലും ഉണ്ടല്ലോ!" എന്ന് അയാൾ സ്വന്തം പറഞ്ഞാശ്വസിച്ചു .

എന്നാൽ ആ വൃദ്ധൻ തന്റെ ഫോൺ എടുത്ത് തലങ്ങും വിലങ്ങും ഫോട്ടോ എടുക്കാൻ തുടങ്ങി. പിന്നെ അത് ഫേസ്ബുക്കിൽ ഇട്ടു.

"ഡോ, താനെന്താ ഈ ചെയ്യുന്നത് ! അയാളെ രക്ഷിക്കാതെ ഫോട്ടോ എടുത്ത് കളിക്കുന്നോ?

താനൊന്ന് പോടോ ! കുറച്ചുലൈക്ക് കിട്ടുമോ എന്ന് നോക്കട്ടെ, അപ്പോഴാണ് തന്റെയൊരു ദയ.

കണ്ണിൽ ദയയുടേയും കരുണയുടേയും ഉറവ വറ്റിയ ഒരുപാട് പേരെ അയാൾ ആ ബസ്സ്റ്റോപ്പിൽ കണ്ടു. കണ്ടുനിന്നവർ പറയുണ്ടായിരുന്നു, പൊതുമരാമത്ത് മന്ത്രിയുടെ മകനാണവനെന്ന്. മീശപോലും മുളയ്ക്കാത്ത ആ പയ്യന്റെ കയ്യിൽ ബൈക്കു കൊടുത്തുവിട്ട അവന്റെ മാതാപിതാക്കളെ ചിലർ ശപിക്കുന്നുണ്ടായിരുന്നു. കരുണയുടേയും ദയയുടേയും പ്രതിരൂപമായ ആംബുലൻസിൽ അവന്റെ മൃതദേഹം കൊണ്ടുപോകുന്നതുവരെ അയാൾ നിശ്ചലനായി. പെട്ടൊന്നൊരു ശബ്ദം. അയാൾ ഞെട്ടി,

അയ്യോ........."

അപ്പോഴതാ ആ വൃദ്ധൻ കാറിന്റെ ഇടയിൽപ്പെട്ടുകിടക്കുന്നു. അയാൾ ജീവനുവേണ്ടി പിടയുമ്പോൾ ഒരാൾ അയാളുടെ അടുത്ത് ചെന്ന് എടുത്തു. ഒരു സെൽഫി............!

" ക്ലിക്ക്........!"

# പ്രശ്നോത്തരി

1. ലോകത്തിലെ ഏറ്റവും വലിയ ഒറ്റക്കല്ലിൽ നിർമ്മിച്ച ശില്പം ?
2. തരിസാപ്പള്ളി ശാസനം മുഖേന പ്രശസ്തനായ രാജാവ് ?
3. തിരു-കൊച്ചി സംസ്ഥാനം നിലവിൽ വന്ന വർഷം ?
4. പഴശ്ശിരാജയെ 'കേരള സിംഹം' എന്ന് വിശേഷിപ്പിച്ചത് ആര് ?
5. സംസ്ഥാന രൂപീകരണ സമയത്ത് കേരളത്തിൽ എത്ര ജില്ലകൾ ഉണ്ടായിരുന്നു ?
6. അക്ഷയ ഐ.ടി  സാക്ഷരത പദ്ധതി നടപ്പിലാക്കിയ സംസ്ഥാനത്തെ ആദ്യ ജില്ല ?
7. കേരളത്തിലെ ഗിരിവർഗക്കാരുടെ നൃത്തരൂപം ?
8. കോഴിക്കോട്ട രാജാക്കൻമാർ ഏത് പേരിൽ അറിയപ്പെട്ട ?
9. ഹൈക്കോതി ചീഫ് ജസ്റ്റിസ് ആയ ആദ്യ വനിത മലയാളി?
10. മംഗോളിയൻ സാമ്രാജ്യം സ്ഥാപിച്ചത് ആര് ?
11. മംഗോളിയൻ സാമ്രാജ്യം സ്ഥാപിച്ച  ചെങ്കിസ്ഖാന്റെ യഥാർത്ഥ നാമം ?
12. സൂര്യന്റെ ഏറ്റവും അടുത്ത് പോകുന്ന മനുഷ്യ നിർമ്മിത പേടകം ?
13. നക്ഷത്രങ്ങളുടെ ജനനാവസ്ഥ ഏതു പേരിലറിയപ്പെടുന്നു ?

## ഉത്തരങ്ങൾ

1. സ്ഫിംഗ്സ്
2. സ്ഥാണരവി
3. 1949
4. സർദാർ കെ എം പണിക്കർ
5. 5
6. മലപ്പുറം
7. മുടിയാട്ടം
8. സാമൂതിരിമാർ
9. കെ കെ ഉഷ
10. ചെങ്കിസ്ഖാൻ (Genghis Ghan )
11. തെമുചിൻ (Themuchin )
12. പാർക്കർ സോളാർ പ്രോബ് (Parker Solar Probe)
13. നെബുല (Nebula )

കവിത

# തിരയുടെ നിഷ്ഫലമോഹങ്ങൾ



ആകാശം ചോന്ന് തുടിക്കണ നേരത്ത്
അമ്പിളി പൊട്ടി വിരിയണ സമയത്ത്
കടലിന്റെ തീരത്തിലേകയായൊരു ഭ്രാന്തി
അരികിലവളുടെയച്ഛനില്ലാക്കുഞ്ഞും
പകൽമാന്യരാവും മനുഷ്യരാ ഭ്രാന്തിക്ക്
ഇരുളിൽ മറവിൽ കൊടുത്ത സമ്മാനം.

പിച്ചവയ്ക്കും കുഞ്ഞ് തിരയോട്
കിന്നാരമോതി കളിച്ചു ചിരിച്ചുനടക്കവെ
തിരയാ കുഞ്ഞിനെ മാറോടു ചേർത്തു
പാഞ്ഞലറുന്ന കടലിന്റെ മടിയിൽ ഒളിക്കവെ
കടലിന്റെ സംഗീത വേദിയിൽ കുഞ്ഞിന്റെ
ഹൃദയമിടിപ്പു നിലച്ചോരാ നേരത്ത്

പൊട്ടിച്ചു കൊണ്ടാ ഭ്രാന്തി  കടലിന്റെ
തീരത്തൊരുന്മാദനൃത്തം ചവിട്ടവെ
ഞെട്ടിത്തരിച്ചുവിറച്ചു നിന്നീടുന്നു
കുഞ്ഞിനെ നെഞ്ചോടടുക്കി പകച്ചുനിന്നു തിര
കണ്ണുരുറിച്ചു വയറും  തീർത്തൊരാ
വികൃത രൂപം  നോക്കി തിരകൾ നിന്നീടുന്നു.

തിരയോടു കിന്നാരമോതുവാൻ  വന്നൊരാ
കുഞ്ഞിന്റെ ചുണ്ടിലായ് പുഞ്ചിരി ബാക്കിയായ്
ഏറിയ ദുഃഖത്തിലമ്മതൻ മടിയിലാ
കുഞ്ഞിളം മേനി  വലിച്ചെറിഞ്ഞീടുന്നു.
മാധുര്യമേറുന്ന കുഞ്ഞിന്റെ ചുണ്ടിലായ്
ചുംബനപ്പൂക്കൾ  ചൊരിഞ്ഞിടുന്നാളമ്മ.

അമ്മതന്നുണ്ണിക്ക് മാമം തരാമെന്നു
ചൊല്ലിയാ കുഞ്ഞിനെ മാറോടു ചേർക്കുന്നു.
പുഞ്ചിരി തങ്ങിയ കുഞ്ഞിളം ചുണ്ടതിൽ
പച്ചമണൽ  നിറച്ചീടുന്നൊരാ മാതൃഭ്രാന്തി
കണ്ണുകൾ ഇരുളിൽ തറച്ചു നിന്നീടുന്നു.

തിര തന്റെ നെഞ്ചതിൽ സങ്കടമായ് കുഞ്ഞ്
പിന്നെയായിരം മോഹങ്ങളായ് പിറന്നു പോയ്
ഒരു വട്ടം കൂടിയാ കുഞ്ഞിന്റെ ചുണ്ടതിൽ
മാധുര്യമൂറും ചിരി വിരിഞ്ഞിരുന്നെങ്കിൽ
ഒരു വട്ടം മാത്രമാ കൊഞ്ചും മൊഴികളെ
മനസ്സിന്റെ കോണിതിൽ കേൾക്കാൻ കഴിഞ്ഞെങ്കിൽ

നിഷ്ഫലം മോഹങ്ങളെങ്കിലും തിരയുന്നൊരായിരം
ആശകൾ നോവാലെ തുന്നുന്നു.
ഒരു മാത്ര കൂടിയാ കുഞ്ഞീ കടലിന്റെ
തീരത്തിലൂടെയൊന്നോടി നടന്നിരുന്നെങ്കിൽ

തേന്നൂറും ചുണ്ടാലെയോതിയ  കൊഞ്ചലും
ഇടിമിന്നൽ പോലെയെൻ  ഹൃദയത്തിൽ കൊള്ളുന്നു
വെറുതെയീ മോഹങ്ങളെങ്കിലും തിരതന്റെ
ആശതൻ വഞ്ചി  കടലിലിറക്കുന്നു.

ഇന്നും കരയുന്നുവെന്നോ അകന്നൊരാ
കുഞ്ഞിനെ ഓർത്തുള്ളിലെത്രയോ മോഹങ്ങൾ
തിരതന്റെ കണ്ണീരിനുപ്പാണ് കടലിന്റെ
ഉപ്പായി മാറിയതോർക്കണമിന്നു നാം

ഇന്നും തിരയുന്നു കടലിന്റെ തീരത്തിലെന്നോ
മറഞ്ഞുപോം കുഞ്ഞിന്റ കൊഞ്ചലും.



ലേഖനം

# തുല്യനീതി പുലരാത്ത ഇന്ത്യ

ഭൂമിയിലെ ഒരു ചെറിയ രാജ്യമാണ് ഇന്ത്യ. ഇന്ത്യയിൽ നീതി ഉണ്ട്. നീതിന്യായ കോടതിയുണ്ട്. എന്നാൽ അത് ശരിയായ രീതിയിൽ നീതി ലഭിക്കേണ്ടവർക്ക് ലഭിക്കുന്നില്ല.




"ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുത്. എന്നാൽ ഇന്ത്യയിൽ വെറും നടക്കാത്ത സ്വപ്നമാണിത്. അതിന് ഒട്ടേറെ തെളിവുകൾ നമുക്ക് കാണാൻ സാധിക്കും, ഈ കാലഘട്ടത്തിൽ.

ഇവിടെ നീതി ലഭിക്കുന്നത് മിക്കവാറും കുറ്റവാളികൾക്കാണ്. പണത്തിന്റെയും അധികാരപ്പെരുമയിൽ അവ നീതീ ലഭിക്കേണ്ടവന് അനർഹമാണ്. എല്ലാവരും അവനവനുവേണ്ടി പ്രയത്നിക്കുന്നു. ആണെന്നോ പെണ്ണെന്നോ വ്യത്യാസമില്ലാതെ.

ഇന്ത്യയിലെ മറ്റൊരു കാഴ്ചയാണ് ആൺ-പെൺ അല്ലെങ്കിൽ സ്ത്രീ-പുരുഷ വ്യത്യാസം. നമ്മുടെ കൊച്ചു കേരളത്തിൽ അത് കുറവാണെങ്കിലും ബാക്കിയുള്ള മിക്കവാറും രാജ്യങ്ങളിൽ അവ സ്ഥിരം കാഴ്ചയാണ്. പെണ്ണിനെക്കാൾ കൂടുതൽ മുൻതൂക്കം ആണിനാണ്. ഇവിടെ നീതി സ്ത്രീകൾക്ക് വിലക്കാണ്. വീട്ടിൽ നിന്നു തുടങ്ങി രാജ്യത്തിന്റെ എല്ലാ മേഖലയും ഇത് കാണാൻ സാധിക്കും.

"നീതി" ഒരു വാക്കുമാത്രമായി ഒതുങ്ങിപ്പോകുന്ന കാഴ്ചയാണിവിടെ. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ "നീതി" ലഭിക്കേണ്ടവർക്ക് ലഭിക്കേണ്ടത് കുറവാണ്. ഇന്ത്യയിൽ തുല്യനീതി ലഭിക്കുന്നത് പണക്കാർക്ക് മാത്രമാണ്. ഓരോ ആളുടേയും അവകാശം ഇവിടെ നിഷേധിക്കപ്പെടുന്നു, സ്വാതന്ത്ര്യവും. കുറ്റവാളികൾ രക്ഷപ്പെടുകയും നീതി ലഭിക്കേണ്ടവർ ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. ചുരുക്കത്തിൽ "വാദി പ്രതിയാകുന്നതു പോലെ" നീതി ലഭിക്കുന്നവർ വളരെ കുറവാണിന്ത്യയിൽ.


ഒരാളുടെ അവകാശത്തിന്റെ ഭാഗം തന്നെയാണ് നീതി. അത് എല്ലാവർക്കും ഒരേ പോലെ കിട്ടുകയും വേണം. ഇന്ത്യ എന്നും തുല്യനീതി കിട്ടുന്ന രാജ്യമായ് മാറണം. എല്ലാ കുറ്റങ്ങൾക്കും മതിയായ രീതിയിൽ ശിക്ഷ നടപ്പിലാവുകയും ചെയ്യണം. വലിയ കുറ്റങ്ങൾക്ക് ജാമ്യം നിഷേധിക്കപ്പെടണം എന്നാണ് എന്റെ അഭിപ്രായം. ഒരു കുറ്റവും ചെയ്യാൻ ആരും മുതിരാത്ത അവസ്ഥയിൽ എത്തിക്കണം. ലഭിക്കേണ്ടവർക്ക് നീതി ലഭിക്കുകയും ചെയ്യണം. തുല്യനീതി പുലരുന്ന ഒരു രാജ്യമായ് ഇന്ത്യ മാറുകയും ചെയ്യണം. ഇനി പുതുതലമുറയിലെ കുട്ടികൾ അതിന് പ്രയത്നിക്കണം. ജന്മഭൂമിയേയും ഒരോ മനുഷ്യനേയും അതിനായ് നാം തയ്യാറാക്കുക.

പടവ്

കവിത

# എന്റെ തണൽ മരം... എന്റെ അച്ഛൻ

താങ്ങായ് തണലായ് നിന്നതാര്
എൻ മലർ കൈ പിടിച്ചതാര്
വീടിന്റെ ഉമ്മറകോലായിലായ്
ചാരുകസേരമേൽ ചാഞ്ഞിരിപ്പൂ
ഇന്നന്റെ താങ്ങാകുമെൻ തോഴൻ
അക്ഷര മന്ത്രങ്ങൾ
ചൊല്ലിപ്പഠിപ്പിച്ച
ആദ്യ ഗുരുനാഥനാകുമച്ഛൻ
താങ്ങായ് തണലായ് പന്തലിപ്പൂ
ഹരിതകുടയായെന്റെയച്ഛൻ
എന്റെയീ കൂട്ടുകുടുംബത്തിനു-
പച്ചപ്പുതപ്പായ് നിൽക്കുമച്ഛൻ
ആരോരുമില്ലാത്ത
അമ്പലത്തെരുവാകും
എന്റെ മനസ്സിൽ തണലേകും
ആൽമരമായ് നിൽപ്പൂ!
ആശയും മോഹവും
ഞാത്തുനിർത്തി
ബലഹീനമായ ചില്ലരണ്ടും
നൂറു കിനാവുകൾക്ക്
ചിറകായെന്റെയച്ഛൻ
മെല്ലെ കാർന്നുതിന്നാൻ തുടങ്ങി
വാർദ്ധക്യമെന്ന ചിതൽപ്പുറ്റുകൾ
ഓരോ അംഗങ്ങളായവൻ
പൊൻ മരത്തെയാക്രമിപ്പൂ
തണൽ വറ്റി നിഴൽ വറ്റി
യൗവനമാകെയൊഴിഞ്ഞുപോയി
ലാഭമില്ലാത്തൊരു സേവനപാതയിൽ
വൻമരം മെല്ലേ ചായുകയായി
വാർദ്ധക്യമോരോ തണൽമരത്തെയും
കാർന്നു തിന്നുന്ന നേരമായി
ഏറെ പണിപെട്ടു നേരെനിൽക്കാൻ
ഉറക്കെ വിളിക്കാൻ പാടത്തിറങ്ങാൻ,
പക്ഷേ ...
പ്രതിനായകനായി വന്നെൻ
തണൽമരത്തടിയില..........
ഓരോ മരത്തേയും വെട്ടിമുറിക്കുമ്പോൾ
ഓർക്കുക നാം.....
ഇന്നന്റെ വീട്ടിലെ തണൽ മരത്തെ
വെട്ടി മുറിക്കാൻ നേരമായ്
ഇനി ആ തണലും തഴുകും കാറ്റുമില്ല
അനാഥമായ് നിൽക്കും എന്റെ മനസ്സിൽ
ഒന്നു പറയാൻ ബാക്കിയുണ്ട്....,
നോവിക്കരുത് കരയരുത്
എന്റെ തണൽ മരം എന്നെന്നേക്കുമായ്..



കഥ

# ഒരു മിസ്ഡ് കോളിന്റെ ദൂരം

രാവിലെ എഴുന്നേറ്റു. നേരം വൈകിയിരുന്നു. ഇന്ന് രാഹുലിന്റെ കൂടെ പോകാമെന്ന് സമ്മതിച്ചതാണ്. എല്ലാം പെട്ടെന്ന് തീർത്തു.

ബൈക്കുമായി ചെന്നപ്പോൾ അവൻ ഇല്ല. പോയിക്കാണുമോ എന്ന് സംശയിച്ച് തിരിച്ചുവരുമ്പോഴാണ് രാഹുലിന്റെ കോൾ വരുന്നത്. എടുക്കാൻ ഒരുങ്ങുന്നതിന് മുമ്പേ അത് നിലച്ചു. കാത്തുനിൽക്കാത്തെ പോയതിന്റെ അമർഷത്തിൽ തിരിച്ച വിളിക്കാൻ മനസ്സ് സമ്മതിച്ചില്ല.

ക്ലാസ് വിട്ട് വരുമ്പോൾ എല്ലാവരും കൂടി തീരുമാനിച്ചതാണ് ഞായറാഴ്ച ബീച്ചിൽ പോകാമെന്ന്. പോകാൻ കഴിയാതെ വന്നപ്പോൾ വല്ലാത്ത നിരാശ തോന്നി..... പ്രീയപ്പെട്ടതെന്തോ നഷ്ടപ്പെട്ടതുപോലെ......

വീട്ടിൽ തിരിച്ചെത്തിയപ്പോൾ വീടിന്റെ ഉമ്മറത്തിരുന്ന് അച്ഛൻ പത്രം വായിക്കുന്നുണ്ട് . മുറിയിലിരിക്കുമ്പോൾ പിന്നാമ്പുറത്ത് അമ്മ തുണി അലക്കുന്ന ശബ്ദം കേൾക്കുന്നുമുണ്ട്. ആകെ ഒരു നിശ്ചലാവസ്ഥ. കൂട്ടുകാരുമായി കറങ്ങുന്നത് അച്ഛന് ഇഷ്ടമല്ല. ബൈക്ക് അമിതവേഗത്തിൽ ഓടിക്കരുതെന്ന് എപ്പോഴും ഉപദേശിക്കും. എങ്ങനെയെക്കെയോ പറഞ്ഞ് സമ്മതിപ്പിച്ചതാണ് ഈ യാത്ര. അത് നടന്നില്ല. വിടിന്റെ അന്തരിക്ഷത്തിൽ വീർപ്പ് മുട്ടിയപ്പോൾ വണ്ടിയുമായി പുറത്തേക്കിറങ്ങി.

അച്ഛൻ പുറകിൽ നിന്ന് വിളിച്ച് പറഞ്ഞു

"വണ്ടി എടുക്കുമ്പോൾ സൂക്ഷിക്കണം ട്ടോ.... നിനക്ക് വേഗം കൂടുതലാണ് ഞാൻ അറിഞ്ഞു." ഒന്നും കേട്ടില്ല. വണ്ടിയുടെ വേഗത്തിന് അനുസരിച്ച് അവന്റെ മനസിൽ നിരാശയും കാറ്റുപോലെ പടരാൻ തുടങ്ങി. എതിരെ വന്ന വാഹനത്തിന്റെ ഹോൺ അടി കേട്ടപ്പോഴാണ് അവൻ വിണ്ടും ഉണർന്നത്. പിന്നെ വിണ്ടും നിശ്ചലാവസ്ഥ.

'അന്ന് ഞാൻ വിളിച്ചപ്പോൾ അവൻ ഫോൺ എടുത്തിരുന്നെങ്കിൽ അവനീ ഗതി വരില്ലായി രുന്നു '

രാഹുൽ കണ്ണുനീർ തൂകിയ മിഴികളോടെ ഓർത്തു. ഒരു മിസ്ഡ് കോളിന്റെ ദൂരത്ത് വച്ച് അവന് നഷ്ടപ്പെട്ടത് തന്റെ പ്രിയസുഹൃത്തിനെ ആയിരുന്നു........ !

കവിത

# വിധി



ആനന്ദലഹരിയിലെന്നോ
പോലിഞ്ഞയെൻ ജീവിത-
മോർക്കുന്നു ഞാനൊരിക്കൽക്കൂടി.
ഇന്നുമോർക്കുന്നു ഞാൻ
അന്നത്തെയാ രാത്രിയെ,
ആ നിശതൻ ഭീകരതയെ.
പഴിക്കുന്നു ഞാൻ ഈ
അജ്ഞാതലഹരിയിലാണ്ടയെൻ
മനുഷ്യജന്മത്തെ
നുണഞ്ഞുഞാനാദ്യമായ്
കാഞ്ഞിരക്കയ്പ്പുള്ള മനുഷ്യരെ,
ഹേ മനുഷ്യാ സ്മരിക്കുന്നുവോ നീ,
നാരിതൻ മടിക്കുത്തഴിച്ച രാപ്പകലുകൾ

എന്നുമീ ഇമകൾക്കാനന്ദം
നിശതൻ തീരാസൗന്ദര്യം.
എന്നാലെൻ ഇമകൾക്കാനിശ
എന്നുമൊരു പേടിസ്വപ്നമായി

പാടിപ്പുകഴ്ത്തുന്നീ പ്രകൃതിതൻ സൗന്ദര്യം,
അറിയാതെ പാടുന്നീ നിശതൻ സൗന്ദര്യം.
ഓർത്തുപോയി ഞാനാ രാത്രീ
എനിക്കെന്നെ നശിച്ചയാ രാത്രീ
ഒന്നുനിലവിളിക്കാൻ പോലുമാവാതെ
വീണു പിടഞ്ഞയാ രാത്രി
എന്നിലെ സ്ത്രീയെ നശിച്ചയാ രാത്രി
ശപിക്കുന്നു ഞാനാ രാത്രിയെ,
ഇന്നുമാ മനുഷ്യ ജന്മങ്ങളെ,
വേദനിക്കുന്നു ഞാനിന്നും ,
കൊതിക്കുന്നു ഞാനിന്നും,
പുലരരുതേ ഇങ്ങനെയൊരു ദിനം,
മാപ്പ് മനുഷ്യാ മാപ്പ്
നിന്നെ പഴിക്കുന്നതിലർത്ഥമില്ല,
ശപിക്കുന്നതിലർത്ഥമില്ല,
കരയുന്നതിലർത്ഥമില്ല,
കാരണമതായിരുന്നു എൻ വിധി,
ദൈവം തന്നൊരെൻ വിധി.

നിരീക്ഷണം

# പ്രളയം



കെട്ടുകൾമുറുക്കി നാം നെയ്തുകൂട്ടിയ കൊച്ചു മണിമാളികകൾ.... പ്രകൃതിയെ കീറിമുറിച്ച് നാം തീർത്ത വലിയ മനോഹാരിതകൾ.. ഇന്ന് അവയെല്ലാം എവിടെ? കറുത്ത നിറമുള്ള മേഘക്കുന്നുകളിൽ നിന്ന് പ്രവഹിച്ച വർഷശരങ്ങൾ ഒരു പ്രഭാതത്തിൽ രാക്ഷസീയമായി പൊട്ടിപ്പുറപ്പെട്ട വൻപ്രളയത്തിലേക്ക് വഴിതിരിച്ചു. അത് മഹാമഴയാണ്. അത് കലിതുള്ളിയാർത്തു നൃത്തം ചവിട്ടി. അത് വൻകുരുതിക്ക് വഴി തെളിച്ചു.

ഇതെല്ലാമൊരു ഓർമ്മപ്പെടുത്തലാണ്. ദൈവത്തിന്റെ സ്വന്തം നാട്. സസ്യശ്യാമളഭംഗി നിറഞ്ഞൊഴുകിയ മലനാട്ടുകൾ. തീരം പുണർന്ന കൊച്ചു കടലിന്റെ മക്കൾ. ആലോലം ആർത്തലച്ചു നടന്ന കുഞ്ഞരുവി. അരുവിക്കരയിൽ അതിന്റെ അവസാന പടവിൽ വന്ന് നോക്കുന്ന മീൻകുഞ്ഞുങ്ങൾ. അവയെല്ലാം ഇന്നെവിടെ! അലമുറയിട്ട് രക്തദാഹം തീരാതെ ഘോരശബ്ദം മുഴക്കി എങ്ങും കൊട്ടും താളം ചവിട്ടി എടുത്തു അവൾ, പതിനായിരങ്ങളുടെ ജീവൻ. ക്ഷോഭിതമായ അന്തരീക്ഷത്തിൽ തന്റെ ജീവനു വേണ്ടിയുള്ള കൊതിയിൽ അവർ അലമുറയിട്ടു. പ്രസവവേദനയിൽ തന്റെ കുഞ്ഞിനു വേണ്ടി കരഞ്ഞവർ ഏറെ. എന്നാലും ആ കൊട്ടുംക്രൂരത മതിയായില്ല. ഒരിറ്റ് വെള്ളത്തിനും ഭക്ഷണത്തിനും വേണ്ടി മറ്റുകെട്ടിടങ്ങളിൽ നിന്ന്



അവർ അലറിവിളിച്ചു.

പെട്ടെന്നായിരുന്നു എല്ലാം സംഭവിച്ചത്. ശാന്തയായി ആനന്ദനൃത്തം ചവിട്ടിയവൾ പെട്ടെന്ന് ക്രൂരയായി. അവൾ മല നെടുകെ പിളർന്നു. വീടുകൾ തുടച്ചുനീക്കപ്പെട്ടു. ചുഴലി പോൽ വന്ന് കാലന്റെ കരങ്ങളാൽ ജീവനെടുത്തു. ചിലർക്ക് സഹായഹസ്തം ലഭ്യമായി. എന്നാൽ ചിലർ അതിനായ് അലഞ്ഞു. എന്ത് സംഭവിച്ചു. കൊച്ചു




കേരളത്തിലെ ദൈവം എന്തിനു കണ്ണടയ്ക്കുന്നു. എല്ലാം കൂടാതെ മൃഗമരണവും ദുർഗന്ധവും രോഗഭീഷണിയും. ഇവയെല്ലാം കണ്ട് കേരളത്തിന് എന്താണ് സംഭവിച്ചതെന്നു ചോദിക്കാത്തവർ ആരുമുണ്ടാവില്ല. അതിവൃഷ്ടി വരുത്തിവെച്ച ദുരിതങ്ങൾ ഈ നൂറ്റാണ്ടു കണ്ട ഏറ്റവും ഭീകരമായ ദുരന്തമായി ഓരോ കേരളീയനും...

കവിത

# കടലാസിൻ ഇതളുകൾ

മഴയിൽ നനഞ്ഞു കുളിക്കുന്നീ
കടലാസിന്നിതളുകൾ
എന്തുതെറ്റു ചെയ്തീ പാവം
കടലാസുതന്നിതളുകൾ


കുട്ടികൾ കീറിമുറിക്കുമ്പോഴും
നൊമ്പരമുള്ളിലടക്കുന്നു.
ഇത്രയും നൊമ്പരം ഉള്ളിലടക്കുന്ന
കടലാസിന്നിതളുകളെന്തുചെയ്തു?

തോരാത്ത നൊമ്പരം ഉള്ളിലടക്കുന്ന
കടലാസിന്നിതളുകൾ എന്തുചെയ്തു?
കടലാസിൻ ഇതളിന്റെ നൊമ്പരം
മനസ്സിലാക്കാത്തതെന്തുകൊണ്ട്?

ഞാനെന്റെ ഹൃദയത്തിൻ താളുകളിൽ
സൂക്ഷിച്ചുവെക്കും നിൻ കുസൃതികൾ
ഒരിക്കലും നിന്റെ കുസൃതികൾ
എനിക്കുമറക്കാനാവതില്ല.

അറിവുതൻ കടലാസുതോണിയായി
ഇനിയുമീ കടലാസിൻ ഇതളുകൾ
വാഴ്വതേണ്ടേ പിന്നെന്തിനുവേണ്ടി
നീ കൊച്ചു കടലാസിൻ ഇതളിനെ കൊല്ലുന്നു?

ലോകമെമ്പാടും അറിവുപകരുന്ന
കടലാസിൻ ഇതളുകൾ
നിന്നോടൊരിക്കലും തെറ്റുചെയ്തതുമില്ലല്ലോ
പിന്നെന്തിനുവേണ്ടി കൊല്ലുന്നു?



നന്മനിറഞ്ഞ മനസ്സിൽ അറയാണ്
ഈ കടലാസിൻ ഇതളുകൾ
മലയാള മനസ്സിന്റെ അടിമയാണീ
പാവം കടലാസിൻ ഇതളുകൾ.
ഇന്നുതൻ കേരളം
നാളെതൻ കടലാസ്
എഴുതുന്ന കേരള ഭാവിയീ
കൊച്ചു കടലാസിൻ ഇതളുകളിൽ.

# ഇംഗ്ലീഷ് പദകേളി

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 2 | | 3 | | | | |
| | 4 | | | | 6 | | |
| | | | | | 7 | 8 | |
| 5 | | | | | | | |
| | 9 | | 10 | | 11 | | |
| | | | | 12 | | | |
| | | | | | | | |
| | 13 | 14 | | 15 | | | |
| | | | | | | | |
| | | | | | | | |
| 15 | 16 | | | | | | |
| | | | | | | | |

*വലത്തോട്ട്*

1. ഭൂമിയുടെ സിംഹഭാഗവും ഇതാണ്.
4. നീളം
5. --- മനസ്സുണ്ടെങ്കിലേ പഠനം ശരിയാകുകയുള്ളൂ.
7. മൂങ്ങ
10. ഇതുണ്ടെങ്കിലേ വില്ലുകൊണ്ട് പ്രയോജനമുള്ളൂ.
12. ഈ ചെടി ജലത്തിൽ വളരുന്നു.
13. ഭക്ഷണം ചവച്ചരച്ച് കഴിക്കാൻ നമ്മളെ സഹായിക്കുന്നത് ഇവരാണ്.
15. മുക്കുവർ ഇതുപയോഗിക്കുന്നു.
16. നാശമില്ലാത്തത്

*താഴോട്ട്*

2. വ്യക്തമായത്
3. കാട്ടിലെ ജന്തു
6. വിനോദയാത്ര
8. മൊത്തം
9. മറ്റൊരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളവ നമ്മൾ ഉപയോഗിക്കുമ്പോൾ ഇത് കൊടുക്കാറുണ്ട്.
11. സമ്പന്നനായ
13. എടുക്കുക
14. നാം ജീവിക്കുന്ന ഗ്രഹം
15. കരയുമ്പോൾ ഒപ്പമുണ്ടാകും. (ചിലപ്പോൾ സന്തോഷിക്കുമ്പോഴും!)

*ഉത്തരങ്ങൾ 93-ാം താളിൽ*

കഥ

# പ്രണയത്തിന്റെ മൗനം

പുറത്ത് അന്തിമയങ്ങിയിരുന്നു. തെക്കോട്ടു പോവുന്ന ആ തീവണ്ടിയുടെ വേഗം പോലെ അവന്റെ മനസ്സും വേഗത്തിൽ സഞ്ചരിക്കുകയായിരുന്നു. ഇടയ്ക്ക് എപ്പോഴോ കേട്ട ആ ചെറുകിളിയുടെ കളകൂജനം അവന്റെ ഹൃദയത്തിന്റെ ശബ്ദമായിരുന്നു. അതേ അവൻ പോവുകയാണ് അവളെ കാണാൻ. മരണം അതിന്റെ തിരശ്ശീല നീക്കിയ ആ സമയത്ത് ജീവിക്കാനും സന്തോഷിക്കാനും പഠിപ്പിച്ച ആ മിസ്ഡ്കോളിന്റെ ഉടമയെതേടി. അതെ അവന്റെ അജ്ഞാത കാമുകിയെതേടി .



യൗവനത്തിന്റെ എല്ലാമധുരവും ആഘോഷിക്കുന്ന ഒരു ചെറുപ്പക്കാരനായിരുന്നു അവൻ. പേര് -ഓംകാർ. പൂനെ ഇൻഫോസിൽ ഉയർന്ന തലത്തിൽ ഇരിക്കുന്ന അവൻ ജീവിക്കുന്നത് ശ്രേയയ്ക്കു വേണ്ടിയാണ്. അവന്റെ കളിക്കൂട്ടുകാരിക്കുവേണ്ടി.

എടാ നീ ശരിക്കും ഭാഗ്യം ചെയ്തവനാ, അതല്ലെ നിനക്ക് ശ്രേയയെപ്പോലൊരു നല്ല പെണ്ണിനെ കിട്ടിയത്.

കൂട്ടുകാരൻ രുദ്രാക്ഷ് ഇടയ്ക്കിടെ പറയും, നമ്മുടെ മനസ്സറിയുന്ന പെണ്ണിനെ കിട്ടാനുമൊരു യോഗം വേണം. ശിവജിത്ത് പറഞ്ഞു.

അല്ലാതെ ഇവളെപ്പോലെ......

അവൻ ദിയയെ ഒന്നു നോക്കി.

നിങ്ങൾ പറഞ്ഞതാ ശരി. ഓംകാർ പറഞ്ഞു, ശ്രേയ നല്ല കുട്ടിയാ, അവളെ കിട്ടിയത് എന്റെ ഭാഗ്യമാ.

പക്ഷെ അപ്പോൾ രുദ്രാക്ഷ് നോക്കിയ ആ നോട്ടം എന്തിനാണെന്ന് മാത്രം അവന്

മനസ്സിലായിരുന്നില്ല. ആ ദിനം വരെ.

ശ്രേയാ എന്റെ കൂടെ ഡിന്നറിന് വരാമോ? അവൻ ശ്രേയയോട് ചോദിച്ചു.

ഇല്ല എനിക്ക് തലവേദനയാ, നീ പോയ്ക്കോ, അവൾ പറഞ്ഞു.

തലവേദനയോ? എന്നാൽ വാ ഹോസ്പിറ്റലിൽ പോവാം. ഓം പറഞ്ഞു.

വേണ്ടന്നേ ഒന്നു കിടന്നാൽ മാറാവുന്നതേ ഉള്ളൂ. എന്തായാലും പ്ലാൻ ചെയ്ത ഡിന്നറല്ലേ നീ പോയ്ക്കോ അവൾ പറഞ്ഞു.

അപ്പോൾ അവളുടെ ആ മന്ദഹാസത്തിന് വിശേഷിച്ചൊരു അർത്ഥവും താൻ കണ്ടിരുന്നില്ല. എന്നാൽ ഈ വൈകിയ വേളയിൽ ആ മന്ദഹാസത്തിന് ഒരുപാടർത്ഥതലങ്ങൾ ഞാൻ കാണുന്നു. ആ അർത്ഥങ്ങളാകും ജീവിതത്തിൽ ചവിട്ടി കുതിക്കാൻ എന്നെ പ്രാപ്തനാക്കുന്നത്.

അന്ന് ആ ഡിന്നർ പാർട്ടിയിൽ എല്ലാവരുമുണ്ടായിരുന്നു. രുദ്രാക്ഷും ശ്രേയയുമൊഴികെ. രുദ്രാക്ഷിന്റെ അഭാവം അവനെ വല്ലാതുലച്ചിരുന്നു. അതിനാൽ ഡിന്നർ പാർട്ടി തീരുന്നതിനു മുന്നേ തന്നെ അവൻ അവിടെ നിന്നിറങ്ങി. ശ്രേയയെ കാണണം അതുമാത്രമായിരുന്നു അവന്റെ ഉള്ളിൽ. അങ്ങനെയാണവൻ അവളുടെ വീട്ടിലേക്ക് കടന്നു വന്നത്. അവനെ ഓടിക്കാൻ വല്ലാതെ പാടുപെട്ടതല്ലേ.

ഒരു പതിഞ്ഞ പരിചിതമായ പുരുഷശബ്ദം.

ഏ ഇല്ല. ഞാൻ തലവേദനയാണെന്ന് പറഞ്ഞു. ആ പൊട്ടൻ അതും വിശ്വസിച്ച് പോയി. ഇപ്പോൾ പാർട്ടിയിൽ എന്റെ ഗുണങ്ങൾ വർണ്ണിക്കുകയാവും ഓം.

അതെയതെ. റിയലീ ലൈക്ക് ഏ ഫൂൾ. നമ്മൾ തമ്മിലുള്ള ബന്ധം അറിയാതെ നിന്നെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു അവൻ. ഓം കാർ തിരിച്ചിറങ്ങി വന്നു. എന്താണ് കണ്ടത് അത് സത്യമാവല്ലെ എന്നായിരുന്നു അവന്റെ പ്രാർത്ഥന. തന്റെ പ്രാണനായ ശ്രേയയും തനിക്കുവേണ്ടി പ്രാണൻ വെടിയാൻ തയ്യാറായ രുദ്രാക്ഷും.

ഇല്ലാ....ഇല്ലാ....ഇല്ലാാാാ........... അവൻ അലറിവിളിച്ചു. എല്ലാ സ്ത്രീകളും വഞ്ചകരാണ്, സ്വാർത്ഥതയ്ക്കും സന്തോഷത്തിനും വേണ്ടി സ്നേഹവും പ്രണയവും അവർ ത്യജിക്കുന്നു.

ശ്രേയാ, ഞാൻ സ്നേഹിച്ചത് ആത്മാർത്ഥമായിട്ടായിരുന്നു. പക്ഷേ നീ ആ സ്നേഹത്തിനു വിലയിട്ടു. ജീവിതം വഞ്ചിക്കപ്പെടാനുള്ളതാണെങ്കിൽ എനിക്കാ ജീവിതം വേണ്ട. അങ്ങനെ ചിന്തിച്ചവൻ എപ്പോഴാണവിടെ എത്തിയത്? അ പോയിസണിന്റെ കുപ്പി എങ്ങനെ അവന്റെ കൈവശംകിട്ടി എന്നൊന്നും അറിയില്ല. കുടിക്കാം എല്ലാം അവസാനിപ്പിക്കാം..............

ഓം, എടാ നിന്നെ ഞാൻ സ്നേഹിക്കുന്നു. എന്റെ ജീവനാണു നീ.

ശ്രേയയുടെ നാണത്തോടെയുള്ള വാക്കുകൾ.

എവിടെയാണവൾ? അല്ല, അവളല്ലാ. അവളുടെ ശബ്ദം എന്നും കേൾക്കാൻവേണ്ടി വച്ച മൊബൈൽ റിംഗ്ടൂൺ. ഒരു മിസ്ഡ്കോൾ ആരാണത്? എല്ലാം തകർന്ന ഈ അവസ്ഥയിൽ ദേഷ്യം കൊണ്ട് ഓംകാർ ഒരു ഭ്രാന്തനായി മാറി. അവൻ തിരിച്ചു വിളിച്ചു.

“ആരാടാ ഇത്, മരിക്കാൻ പോകുന്നവനെ വീണ്ടും ദ്രോഹിക്കാൻ..... സമാധാനമായിട്ടൊന്ന് മരിക്കാൻകൂടി സമ്മതിക്കില്ല. ഒരു മിസ്ഡ് കോൾ, ആരാ ഇത് ?

" അരുത്

മറുവശത്തുനിന്നും മധുരമായ ശബ്ദം. ദൈവം തന്ന ഒരു നിധിയാണ് ജീവിതം അത് കളയരുത് ഈ ജീവിതത്തിന് എന്തെങ്കിലും ഒരർഥമുണ്ടാവും. നിങ്ങളുടെ മനസ്സിപ്പോൾ ഏകാന്തതയിലാണ്. ഇങ്ങനെയുള്ളവരെ ആശ്വസിപ്പിക്കുക എന്നതാണെന്റെ കർത്തവ്യം. നാളെ രാവിലെ ഞാൻ താങ്കളെ വിളിക്കാം കാത്തിരിക്കൂ.

ആ കോൾ കട്ടായി. ആരാണത് ദേവതയോ! മരണം കാത്തുകിടന്ന അവനെ ജീവിത പാതയിലേക്ക് തിരിച്ചുവിട്ടവൾ.

അവൻ പറഞ്ഞു, എനിക്ക് ജീവിക്കണം.

പിറ്റേന്ന് രാവിലെ അവൾ വിളിച്ചു, അവൻ
എല്ലാ കാര്യവും അവളോട് പറഞ്ഞു. അവൾ പറഞ്ഞു. ജീവിതത്തെ സ്നേഹിക്കുന്നവർ ഒന്നിക്കട്ടെ അവരെ ഒന്നിപ്പിക്കുക എന്നത് ദൈവികമായ കർത്തവ്യമാണ്.

അങ്ങനെയാണ് രുദ്രാക്ഷും ശ്രേയയും തമ്മിലുള്ള വിവാഹം നടന്നത്. അതിന് നേതൃത്വം നൽകിയതോ ആ പാവം പെൺകൊടി. വിവാഹത്തിന്റെ തിരക്കുകളെല്ലാം കഴിഞ്ഞ നേരത്ത് വീണ്ടും അവളുടെ മെസ്സേജ്.

ഇതാണ് എന്റെ അഡ്രസ്സ് എന്നെ കാണാൻ നീ വരില്ലെ ? അവനോർത്തു.

ഒരു മാസം കഴിഞ്ഞു. അവർ പരിചയപ്പെട്ടിട്ട്. പക്ഷെ ഇതുവരെ അവളുടെ പേരൊന്നും താൻ ചോദിച്ചിരുന്നില്ല. അവൾ പറഞ്ഞതുമില്ല. വാക്കുകളായി പുറത്തുവരുന്നതല്ല പ്രണയം. അത് മൗനത്തിനിടയിലൂടെയുള്ള ആത്മസഞ്ചാരമാണ്.

അതാ... കന്യാകുമാരി സ്റ്റേഷൻ, ഇറങ്ങാം. ഓംകാർ ഇറങ്ങി നടന്നു. പത്തുമിനുട്ട് നടക്കണം. നടക്കാം അവൾക്കുവേണ്ടി. അവൻ കയറിച്ചെല്ലുമ്പോൾ അവിടെ ആ ചക്ര കസേരയിൽ അവൾ.

കണ്ടില്ലേ ഓം. ദൈവം തന്ന ഈ നല്ല ജീവിതം കളയാൻ താൻ ആഗ്രഹിക്കുന്നു. പക്ഷെ ഈ ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും എഴുന്നേറ്റ് നടക്കണമെന്നാണ് എന്റെ ആഗ്രഹം. പക്ഷെ അവൾ കരഞ്ഞു.

എന്റെ പേര് അനാമിക. ഇതാണ് പത്ത് വർഷമായി എന്റെ ലോകം. അവൾ വിതുമ്പിക്കൊണ്ട് പറഞ്ഞു. അവൻ അവളെ ശ്രദ്ധിച്ചു. അതെ അതു സത്യമല്ല. കേവലം ഒരു പ്രണയ നൈരാശ്യത്തിൽ ജീവൻ കളയാൻ വെമ്പുന്ന ഞാൻ എന്റെ ചുറ്റുമുള്ള നല്ലതൊന്നും കണ്ടില്ല. ഇങ്ങനെ കഷ്ടപ്പെടുന്നവരുടെ കണ്ണീര് കണ്ടില്ല. തെറ്റ്.


അവൻ അവളുടെ അരികെ ഇരുന്നു. അവളെ അവന്റെ കരവലയത്തിലാക്കിയിട്ട് കണ്ണീർ തുടച്ചുകൊണ്ട് പറഞ്ഞു.

കരയരുത്. നിനക്കെന്റെ ജീവിതമാവാൻ സമ്മതമുണ്ടെങ്കിൽ നിന്റെ കാലുകളാവാൻ ഞാൻ തയ്യാറാണ്. അനാമിക വീണ്ടും കരഞ്ഞു.

പക്ഷെ അത് സന്തോഷത്തിന്റെ കണ്ണുനീരായിരുന്നു. ഓംകാർ അനാമികയെ ചേർത്തുപിടിച്ചുകൊണ്ട് പുറത്തേക്ക് നടന്നു. അവളെ കോരിയെടുത്ത് നടക്കുമ്പോൾ പുറത്തെ പക്ഷികൾ എന്താണ് മന്ത്രിക്കുന്നത് എന്ന് അവന്റെ ഹൃദയമറിഞ്ഞു.

അതെ സംസാരത്തിനകത്തുള്ള കേവലമൊരു ആശയമല്ല പ്രണയം. അത് വാക്കുകൾക്കതീതമായ സത്യമാണ്. മൗനത്തിലൂടെയുള്ള സഞ്ചാരമാണ് പ്രണയം. ഓംകാറിന് ശ്രേയയോട് കടപ്പാടുതോന്നി. കാരണം അവളാണല്ലോ അനാമികയെ തനിക്കു ലഭിക്കുന്നതിന് കാരണം. കന്യാകുമാരിയും പൂനയും ഒരുപാടു ദൂരത്തിലായിരിക്കും, പക്ഷെ രണ്ട് ഹൃദയങ്ങൾ തമ്മിലെ അകലം വളരെ ചെറുതാണ്.

അവൻ അവളെ ഒന്നുകൂടെ മുറുകെപിടിച്ചു നടന്നു. അവളുടെ കാലുകളായി.



കവിത

# വിലാപം

രക്തക്കൊതിപൂണ്ട
സാമ്രാജ്യത്വശക്തികളുടെ
ചതുരംഗക്കളിയിൽ
മാംസം ചിതറി.
രക്തം കിനിഞ്ഞ്
യുദ്ധഭൂമിയിലെ
തീപ്പുഴയിൽ
പിടഞ്ഞമരുന്ന കുരുന്നുജീവൻ
നിലയ്ക്കാത്ത വിലാപം
മറയുന്ന ജീവന്റെ
നെടുവീർപ്പുകൾ
ജീവൻ കത്തിയെരിഞ്ഞ
നിലാവിന്റെ നെഞ്ചിൽ
ഗതികിട്ടാത്ത ആത്മാക്കൾ
കോറിയിട്ട ഗദ്ഗദങ്ങൾ
ഓരോ ജീവനും
കത്തി ജ്വലിച്ചു.
ഓരോ കുഞ്ഞു ജീവനുമേലും
ജ്വലിക്കുന്ന അഗ്നി പ്രവേശിച്ചു
കരയുവാൻ വയ്യാതെ
എരിഞ്ഞു തീർന്നു
പുതു ജീവന്റെ തുടിപ്പുകൾ.



# കടങ്കഥ

1. നാലുകാലുള്ളൊരു നങ്ങേലിപ്പെണ്ണിനെ കോലുനാരായണൻ കട്ടോണ്ട് പോയി.
2. അമ്മയെ കുത്തി മകൻ വെന്തുമരിച്ചു.
3. അകത്തറുത്താൽ പുറത്തറിയും.
4. അകത്തുരോമം പുറത്തിറച്ചി.
5. അകമില്ല പുറമില്ല ഞെട്ടയില്ല വട്ടയില്ല.
6. ഉണ്ടപ്പെണ്ണിന് സിൽക്ക് സാരി.
7. മുറ്റത്തെ ചെപ്പിനടപ്പില്ല.
8. ആയിരം പറ നെല്ലിൽ ഒരു കൊട്ടത്തേങ്ങ.
9. ആദ്യം പൊന്തിപ്പൊന്തി, പിന്നെ ഉൗങ്ങിത്തൂങ്ങി.
10. കണ്ടാൽ തീവണ്ടി തൊട്ടാൽ ചക്രം.
11. ആയിരം പറ അവിലിൽ ഒരു തേങ്ങാപ്പൂള്.
12. കാള കിടക്കും കയറോടും.
13. കൊക്കിരിക്കും കുളത്തിലെ വെള്ളം വറ്റിവറ്റിപ്പോകും.
14. ചെറുവിരലോളം പോന്ന കോലിന്മേൽ പത്തുമുപ്പത് പവിഴങ്ങൾ.
15. അമ്മ തൊട്ടാലും അമ്മയെ തൊട്ടാലും മകൻ മുങ്ങിമരിക്കും.
16. ഒരമ്മ പെറ്റമക്കളെല്ലാം തൊപ്പിക്കാർ.
17. പിന്നാലെ വന്നവൻ മുന്നാലെപോയി.
18. കൂടെക്കിടന്നവൻ വേഷം ധരിച്ചു.
19. കാട്ടിൽക്കിടന്നവൻ കൂട്ടായി വന്നു.
20. ദൂരെക്കിടന്നവൻ ചാരത്തുവന്നു.
21. ആറിന്ന് ഒന്നെടുത്തു, ഒന്നിനെ മൂന്നാക്കി രണ്ടെടുത്തു,
    രണ്ടുകൊണ്ടു നൂറാക്കി.
22. കാടുവെട്ടി പാറകണ്ടു, പാറവെട്ടി വെള്ളികണ്ടു,
    വെള്ളിവെട്ടി വെള്ളംകണ്ടു.
23. മണ്ണിനുള്ളിൽ പൊൻചീർപ്പ്.
24. മണ്ണിനുള്ളിൽ പൊൻകിണ്ണം.
25. ഇരുട്ടു കാട്ടിൽ കുരുട്ടു പന്നി.
26. കടലിൽ ചാടും പൊൻതളിക.
27. അക്കരെ നിൽക്കും തുഞ്ചാണി, ഇക്കരെ നിൽക്കും തുഞ്ചാണി, കൂട്ടിമുട്ടും തുഞ്ചാണി.
28. അമ്മ കറുമ്പി, മോളു വെളുമ്പി, മോളുടെ മോളൊരു സുന്ദരിക്കോത.
29. അമ്പാട്ടെ പട്ടിക്ക് നാവിൻമേൽ പല്ല്.
30. ഒട്ടും കുതിര, ചാടും കുതിര, വെള്ളം കണ്ടാൽ നിൽക്കും കുതിര.
31. ആനകേറാമല, ആടുകേറാമല, ആയിരം കാന്താരി പൂത്തിറങ്ങി.
32. അടി പാറ, നടു വടി, മിതെ കുട.



33. തലയില്ല, കാലുണ്ട് - കാലില്ല, കഴുത്തുണ്ട്.
34. ഇത്തിരിക്കുഞ്ഞനും ചന്തയ്ക്ക് പോയി, വളാവളഞ്ചനും ചന്തയ്ക്ക് പോയി, മുതുകത്തുമുള്ളനും ചന്തയ്ക്ക് പോയി.
35. അച്ഛനൊരു പായ തന്നു, തെറുത്തിട്ടും തെറുത്തിട്ടും തീരുന്നില്ല.
36. അങ്ങോട്ടോട്ടും ഇങ്ങോട്ടോട്ടും, നേരെ നിന്ന് സത്യം പറയും.
37. ഇല്ലത്തെ കാളയ്ക്ക് പള്ളയ്ക്ക് കൊമ്പ്.
38. അമ്പാട്ടെപ്പട്ടിക്ക് മുമ്പോട്ട് വാല്.
39. രാവിലെ നാല് കാല്, ഉച്ചയ്ക്ക് രണ്ട് കാല്, വൈകിട്ട് മൂന്ന് കാല്.
40. കണ്ണിൽ പിടിക്കാത്ത കളവാണിപ്പെണ്ണിന് കർണ്ണാടകസംഗീതോം കുത്തിവയ്പ്പും പണി.
41. ആശാരി മൂശാരി വെട്ടാത്ത മരം, വെള്ളത്തിലിട്ടാൽ ചീയാത്ത മരം.
42. കിലുകിലക്കും കിക്കിലുക്കം ഉത്തരത്തിൽ ചത്തിരിക്കും.
43. ആനയെ കെട്ടാൻ മരം ഉണ്ട്, കടുക് പൊതിയാൻ ഇലയില്ല.
44. ഈച്ച തൊടാത്തൊരിറച്ചിക്കഷണം, പൂച്ച തൊടാത്തൊരിറച്ചിക്കഷണം, ആരും തൊടാത്തൊരിറച്ചിക്കഷണം.
45. അമ്മ കല്ലിലും മുള്ളിലും, മകൾ കല്യാണപ്പന്തലിലും.
46. ചെടിമേൽ കായ, കായമേൽ ചെടി.
47. അമ്മ കിടക്കും, മകളോടും.
48. ഇല്ലത്തമ്മ കുളിച്ചു വരുമ്പോൾ വെള്ളിക്കിണ്ണം തുള്ളിത്തുള്ളി.
49. ആയിരം കിളികൾ ഒരുമിച്ചു വരുമ്പോൾ ആശാരിച്ചെക്കൻ തടുത്തു നിർത്തി.
50. അകത്താവശ്യം പുറത്താവശ്യം, കിടക്കുമ്പോൾ അനാവശ്യം.
51. ആകാശത്തെത്തുന്ന തോട്ടി.
52. അമ്മയെ തൊട്ട മകൻ വെന്തു മരിച്ചു.
53. അമ്മ കിടക്കും മകൾ ഉരുളും.
55. വെള്ളം കുടിച്ചാൽ ചത്തുപോകും.
56. പാറിനടക്കും തീ ഉണ്ട.
57. കുത്തുന്ന കാളയ്ക്ക് കണ്ണ് പിറകിൽ.
58. എന്നെ തൊട്ടാൽ തൊട്ടവൻ ചാകും.
59. കറിക്കുപിമ്പൻ ഇലയ്ക്കു മുൻപൻ.
60. എട്ടെല്ലൻ കുട്ടപ്പൻ ഒറ്റക്കാലൻ.
61. ആയിരം തത്തയ്ക്ക് ഒരു കൊക്ക്.
62. എല്ലാം മരത്തിലും അണ്ണാൻ കയറും എന്നാൽ ഈ മരത്തിൽ കയറില്ല.
63. അലറും വായ ഇല്ല.
64. കണ്ടാൽ തീവണ്ടി തൊട്ടാൽ ചക്രം.

# കടങ്കഥ – ഉത്തരങ്ങൾ

1. തവളയെ പാമ്പ് പിടിച്ചു
2. തീപ്പെട്ടി, തീപ്പെട്ടികൊള്ളി
3. ചക്ക
4. മൂക്ക്
5. പപ്പടം
6. ഉള്ളി
7. കിണർ
8. നക്ഷത്രങ്ങളും ചന്ദ്രനും
9. വാഴക്കുല
10. തേരട്ട
11. നക്ഷത്രങ്ങളും ചന്ദ്രനും
12. മത്തൻ
13. വിളക്ക്
14. കുരുമുളക്
15. ഉപ്പ്
16. അടയ്ക്ക
17. പല്ല്
18. മുടി നരയ്ക്കുന്നത്
19. വടി
20. വെള്ളെഴുത്ത്
21. കക്ക
22. തേങ്ങ
23. മഞ്ഞൾ
24. ചേന
25. പേൻ
26. സൂര്യൻ
27. കൺപീലി
28. വെള്ളിലവള്ളിച്ചെടി
29. ചിരവ
30. ചെരുപ്പ്
31. നക്ഷത്രക്കൂട്ടം
32. ചേന
33. ഷർട്ട്
34. മുളക്, വഴുതന, പാവയ്ക്ക
35. ആകാശം
36. ക്ലോക്ക്
37. കിണ്ടി
38. ചിരവ
39. ശൈശവം, യൗവനം, വാർദ്ധക്യം
40. കൊതുക്
41. മുതല
42. താക്കോൽക്കൂട്ടം
43. പുളിമരം
44. തീക്കനൽ
45. വാഴ, വാഴക്കുല
46. കൈതച്ചക്ക
47. അമ്മി, അമ്മിക്കുട്ടി
48. അരി തിളയ്ക്കൽ
49. അടച്ചൂറ്റി ഉപയോഗിച്ച് ചോറുവാർക്കുന്നത്
50. ചെരുപ്പ്
51. കണ്ണ്
52. തീപ്പട്ടികോൽ
53. അമ്മിക്കുട്ടി
54. കിണർ
55. തീ
56. മിന്നാമിനുങ്ങ്
57. സൂചി
58. വൈദ്യുതി
59. കറിവേപ്പില
60. കുട
61. വാഴക്കുല
62. പുക
63. മേഘം
64. തേരട്ട

കവിത

# ഒരു കല്ലുപറഞ്ഞ കഥ...
# വേരിനോട് മാത്രം



ഇരുളിൻ തിളക്കത്തിനു തീക്കാറ്റുപിടിക്കുന്നു
ഇങ്ങു മണ്ണിതിൽ ഊഷരപ്പൊൻതലത്തിൽ
മണ്ണിൻ മാറുതാണ്ടിയിങ്ങു ഭുവൽക്കവും പുൽകി-
യങ്ങു തെക്കോട്ടു പോവുകയാണീ
കുഞ്ഞു കർണ്ണികാരത്തിന്റെ വേരുകൾ
പാതതന്നേകാന്തമാത്രയിൽ വാചാലയായപ്പോൾ
ചായാൻ മറന്നുപോയൊരാ
കള്ളി മുൾച്ചെടിയായിടാൻ കഴിഞ്ഞുവെങ്കിൽ

പാതയിൽ തട്ടിത്തെറിച്ചു നിന്നാ ചെറു-
കല്ലോടും ചൊന്നവൾ തന്നേകാന്തധാരകൾ
അജ്ഞാതമാധ്യമത്തിൽ കരം കവർന്നവർ
കഥയുടെ കയങ്ങളെ തുറന്നെടുത്തുള്ളു

ഇരുമ്പഴികൾക്കു പിന്നിലെയായരവം
നേർത്ത നാദത്തിൻ നിരങ്ങലുകൾ
കൺകൾ ജലധിയാണവിടവിടയായ്
ശ്യാമമേഘവും ഒരു വിരഹചിത്രവും കാണാം
ആ കൺകളിൽ പോയകാലത്തിന്റെ സാക്ഷ്യചിത്രം.

കഥ

# ജീവൻ

റെയിൽവേ സ്റ്റേഷന് മുന്നിലൂടെ അവൾ നടന്നു. സമയം ഏറെ വൈകിയിരിക്കുന്നു. വേഗം തന്നെ വീട്ടിലെത്തണം. മകളൊറ്റയ്ക്കാണ്. അപ്പോഴാണ് മകൾ പറഞ്ഞ ആ കാര്യം അവർക്കോർമ്മ വന്നത്. ഒരു പാവക്കുട്ടി. അവൾ അത് കടക്കാരനോട് പറഞ്ഞു. ഒരു പാവ വാങ്ങി.

ബസ്സിൽ കയറാൻ വേണ്ടി ബസ്റ്റോപ്പിലെത്തി. ബസിൽ കയറി. നല്ല മഴക്കാറുണ്ടായിരുന്നു. കാറ്റ് അവളുടെ മുടിയിഴ തട്ടി തലോടി കടന്നു പോയി. സായാഹ്ന പത്രം നിവർത്തി അവൾ വാർത്ത വായിക്കാനൊരുങ്ങി. ആദ്യ പേജിൽ തന്നെ അവളെ ഞെട്ടിച്ച വാർത്തയായിരുന്നു.

"ഒറ്റയ്ക്ക് താമസിക്കുന്ന പെൺകുട്ടിയേയും അമ്മയേയും നാലുപേർ ചേർന്ന് ബലാത്സംഗം ചെയ്ത് കൊന്നു." അവളോർത്തു, എന്തൊരു ക്രൂരത !



അവളുടെ ഉള്ളിലൂടെ ഗോവിന്ദചാമിയും സൗമ്യയും ജിഷയുമൊക്കെ കടന്നുപോയി. തന്റെ മകളും ബോംബെയിലെ ഈ നഗരത്തിൽ ഞാനൊറ്റയ്ക്കാണ്. കൂട്ടിനാരുമില്ല. അവളുടെ ഉള്ളിലെ കനൽ ആളിക്കത്താൻ തുടങ്ങി.

വിവാഹം കഴിഞ്ഞശേഷം ഭർത്താവുമൊത്ത് ബോംബെയിലെ പുതിയ വീട്ടിൽ സന്തോഷത്തോടെ കഴിഞ്ഞിരുന്ന ദിവസങ്ങൾ. വീട്ടിൽ സന്തോഷം അലതല്ലുകയായിരുന്നു.

എന്തൊക്കെയോ പ്രതീക്ഷകൾ. ഭർത്താവിനും തനിക്കും ജോലി കിട്ടിയപ്പോൾ അതിന്റെ സന്തോഷം വർധിച്ചു. പിന്നീട് തനിക്ക് ഒരു മകൾ ജനിച്ചു. എന്നാൽ പിന്നീട് എല്ലാം നഷ്ടമായത് ഒറ്റ നിമിഷം കൊണ്ട് ! ഭർത്താവിന്റെ അപകടമരണം. പിന്നീട് താനൊറ്റയ്ക്ക്. കൈയിലെ ഞരമ്പ് മുറിച്ച് അവൾ മരിക്കാനൊരുങ്ങി. എന്നാൽ മകളെയോർത്ത് മാത്രം. പക്ഷെ ഇനി ജീവിതം തന്റെ മുന്നിൽ നോക്കുകുത്തിയായി നിൽക്കുന്നു. എല്ലാം വിധി പോലെ.............

ആലോചനയിൽ സമയം പോയതവളറിഞ്ഞില്ല. താനിറങ്ങേണ്ട സ്റ്റോപ്പ് എത്തിയിരിക്കുന്നു. അവൾ ബസ്സിൽ നിന്നിറങ്ങി. ആകാശത്തെ കാർമേഘങ്ങൾ മാറിയിട്ടില്ല. അതിപ്പോഴും ഭീകരമായി അവിടെ തന്നെ നിലനിൽക്കുന്നു. ചെറിയ ചാറ്റൽ ഉണ്ട്. കുട നിവർത്തി വീടിനരികിലൂടെ അവൾ നടന്നു. കുറുക്കു വഴി ചാടി. ആ വഴി വിജനമായിരുന്നു. സാധാരണ ആളുകളെ കാണാറുള്ളതാണ്. ഇന്നെന്താണാങ്ങനെ?

നടന്നു തുടങ്ങിയപ്പോൾ തന്റെ പിന്നിലാരോ നടക്കുന്നതായിതോന്നി. തിരിഞ്ഞു നോക്കിയപ്പോൾ അവൾ ആരെയും കണ്ടതുമില്ല. അവളുടെ ഉള്ളിൽ ഒരു ഭീതി പടർന്നു. നടത്തത്തിന്റെ വേഗം അവൾ കൂട്ടി. എന്നാൽ പിന്നെയും അതേ തോന്നൽ. അവളെ ആരോ പിടിച്ചു വലിച്ചു. പെട്ടെന്നാണവൾ അത് കണ്ടത്. കറുത്ത് കുള്ളനായ ഒരു മനുഷ്യൻ. ഗുണ്ടകളാണെന്ന് തോന്നിക്കുന്ന കുറച്ച് ആൾക്കാർ. അവളുടെ ബോധം നശിക്കുന്ന പോലെ. അവർ എന്തൊക്കെയോ പറയുന്നുണ്ട്. എന്നാൽ ഒന്നും മനസ്സിലാകുന്നില്ല.

പിന്നീട് കുറേ സമയത്തിനുശേഷം അവൾക്ക് ബോധം ലഭിച്ചു. താനെവിടെയാണെന്ന് മനസ്സിലാകുന്നില്ല. ട്രെയിനിന്റെ ശബ്ദം കേൾക്കാം. അവൾ എഴുന്നേൽക്കാൻ ശ്രമിച്ചു. വല്ലാത്ത തണുപ്പ്. അവൾ ഞെട്ടി. അവളുടെ കൈ മരവിക്കാൻ തുടങ്ങി. അവളുടെ ദേഹത്ത് ഒരു തുണ്ട് വസ്ത്രം പോലുമില്ല. അവൾക്കവളോട് തന്നെ വെറുപ്പ് തോന്നി.

ഇനി ഞാനും...............................

പെട്ടെന്ന് ആരോ അവളുടെ അടുത്തേക്ക് വന്നു. നേരത്തേ താൻ കണ്ട ആ കറുത്ത മനുഷ്യൻ. അയാൾ ചിരിക്കുകയാണ്. അയാൾ പറഞ്ഞു.

രേവതീ, ഞാൻ സൈമൺ, മിന്നൽ സൈമൺ. നീ ഈയിടെ പത്രത്തിൽ എഡിറ്റോറിയൽ കൊടുത്തിരുന്നില്ലേ? ഒരു പീഡനത്തെക്കുറിച്ച്? എന്തിനാ മോളെ ആവശ്യമില്ലാത്ത പണിക്കൊക്കെ പോകുന്നത്? നിന്നോട് പലപ്രാവശ്യം പറഞ്ഞതല്ലേ? അതു വേണ്ടാന്ന്.

അവൾ രുദ്രയെ പോലെ അലറി.

ഛെ, ഞാനന്ന് കൊടുത്ത എഡിറ്റോറിയലിൽ എന്താണ് തെറ്റ്? അവളുടെ അവസ്ഥ, നിന്റെ അമ്മയോ പെങ്ങളോ ആയിരുന്നെങ്കിലോ അത്? അവൾക്ക് നീതി കിട്ടണം. അവളുടെ ശബ്ദം ദയനീയമായി.

അയാൾ പറഞ്ഞു, നന്നായി. അതുകൊണ്ട് നിന്റെ മാനത്തിന് ഞങ്ങൾ വില

പറയേണ്ടിവന്നില്ലേ?

അയാൾ ചെന്നായയെപ്പോലെ ചിരിച്ചു.

ഇനി ഞാൻ എന്തു ചെയ്യും?

അയാൾ പറഞ്ഞു, ആ എഡിറ്റോറിയൽ ഇവിടെ വച്ചവസാനിപ്പിക്കണം. ഇല്ലെങ്കിൽ...

ഇല്ല. ഞാനത് ചെയ്യില്ല. അവൾ പറഞ്ഞു.

പെട്ടെന്ന് അവളുടെ നെറ്റിയിലേക്ക് ഒരു വെടിയുണ്ട തുളച്ചു കയറി. മരണം. അതവളെ പുൽകി. അവളുടെ കൈയിലുണ്ടായ പാവക്കുട്ടി പുറത്തെ ഓടയിലേക്ക് തെറിച്ചു വീണു. ഒരു നിശബ്ദത എവിടെയോ തളം കെട്ടി നിന്നു.

അപ്പോഴും ട്രെയിനിന്റെ നിലവിളികൾ ഒടുങ്ങിയിരുന്നില്ല.



കവിത

# വാക്കിലെ നോവ്

അല്ലയോ, പ്രപഞ്ചമേ
ഇന്നീ വഴികളിൽ നാമോരോ
മനസ്സായി  വേർപിരിയുന്നു......
നന്മകളായിയീ വന്ന ജീവനുക-
ളിന്നു തിന്മകളായി മുറിവേൽക്കുന്നു.
നാം പ്രതി ഓരോ ജാതിയും
വാക്കുകൾക്കതീതമായി നശിക്കുന്നു
എറിഞ്ഞ കല്ലുപോൽ തിരിച്ചെടുക്കാൻ
കഴിയാത്ത വാക്കുകൾ.............
മനുഷ്യാ, നിൻ വാക്കുകൾ
ഇന്നെത്രമാം ക്രൂരതയിൽ
നിൻ പ്രവൃത്തികൾ അതിലു-
മെത്രയോ നിഗൂഢതയിൽ



വാക്കിലെ വേദന മായ്ക്കാൻ
കഴിയാത്ത  വേദനപോൽ
മനസ്സിന്റെ താളത്തെ പിടിച്ചു മുറുക്കുന്നതു പോ-
ലായുസ്സിലേതോ.....പുതുനാമ്പുകൾ
കടന്നു നാം കണ്ടു , കേട്ടു ഈ ഭൂമിയിൽ
വാക്കുകളിൽ തെളിയുന്ന നിൻ മനസ്
എത്രയോ മനസിനെ വേദനിപ്പിക്കുന്നു.
നിന്നിലെ നിന്നെ നീ അറിയാതെ പോയ്
മുന്നിലെ ചതികളിൽ നീ കൂടൊരുക്കുന്നു.

എന്നാലതിലെ  തിന്മ നീയറിയുന്നില
മാനുഷ്യകത്തെ നീ ചവിട്ടിയരയ്ക്കുന്നുവോ...
അതു നീ കാണണം ..........
വാക്കുകളെത്രയോ മൂർച്ചയുള്ളൂ
അത്രമേൽ പ്രവൃത്തിയും
വാക്കിലെ  വാക്കുകൾ നീയറിയുന്നില്ല
അതിലെ  വേദന നീയറിയുന്നില്ല...ഇന്നോ അതോ നാളയോ....
നീ അരിയും അതിലെ വേദന
മൂകമാം മനസ്സിലെ കൊടിയ
ചിന്തകൾക്കതീതമാണ് നിൻ വാക്ക് .....
മുഖംമനസ്സിൻ കണ്ണാടിപോൽ,
പ്രവൃത്തി നിൻ വാക്കിൻ കണ്ണാടി
വേദനിപ്പിക്കും നിൻ സ്വരം....
വേദനിപ്പിക്കും നിൻ വാക്ക്
അതു മനസിൽ നീ അറിയണം
വാക്കും തോക്കുപോൽ
മനസിൽ മുറിവേൽക്കുന്നു
ഈ ലോകം മുഴുവനായ് നിന-
ക്കായ് കരുതിവച്ചിരിക്കുന്നു
അതു നി അറിയണം
ഏ...മനുഷ്യാ നിന്റെ വാക്കുകൾ
നീയോരോന്നായി പഠിക്കണം
ഇന്നു നി സമൂഹത്തോളം വളർ-
ന്നെന്ന ധാരണയിൽ ജിവിക്കുന്നു
അതു നിനക്ക് ആപത്താണ്
ആ ആപത്ത് നി സ്വയം
വരുത്തുന്നു സ്വികരിക്കുന്നു ....
അതിനാൽ നന്മയെ  തിരിച്ചറിയൂ....
നന്മയെ സ്വികരിക്കൂ.........

കഥ

# वर्ष का गुस्सा

एक दिवस मालु और मिन्नु  स्कूल में जाना है । उसका स्कूल बहुत दूर है । इसलिए दोनो बस में चलती है। दोनो एक  कक्षा में पठती है। उसको माता नही है । एक दादी  और पिता है । दादी  उसकी माता के जैसे है।  बहुत प्यार और संरक्षण देना है ।  पिता नशे उपयोग करता है । मालु और मिन्नु वड नही  शौक था ।

एक दीवस  वर्ष के बाद  दोनो स्कूल में जाना। स्कूल पहुँचने  में  दोनो सीचना है। इसलिए अध्यापिका  कक्षा में नही प्रवेशन दिया। इसलिए दोनो  रोना  का शुरु।  दोपहार में वह  घर में वापस गया। तत्र  कोइ नही है।  मालु रोन है। तत्र उसकी घर नहीं है। मालु रोना का शुरु। दोपहार में वह घर में वापस गया । तत्र कोई नही हैं ।  मालु  रोना हैं ।  तत्र उसकी घर नही हैं। मीनु पडोसी का घर में चला ।  पडोसी मीनु ने  पूछाअरे बेटी तुम क्या रोना ? मेरा दादी कहाँ हैं । मिन्नु  पूछा दादी मेरे पास हैं ।  नही रोना बेडी । घर में दादी की  आवाज   सुनाती। मालु की  आँख भरा ।  वह दादी के पास गया ।  वर्षा में उसका  घर माश  हो गई । उसकी पिता मृत्यु हो गई। इतनी कहा दादी रोना है। दादी का रोन देखना मिन्नु रेना है । आँगन में उसकी पिता का लाश मिन्नु दिया। उसकी आँख में  अश्रु आना । इसका बाद उसको  घर नहीं है। सरकार घर दिया।

एक दिवस मालु और मिन्नु स्कुल में वापस गया। वपस गया के मगे दादी की मृत्यु की वार्ता सुनाती। बहुत बारिश है। वह घर में  पहुचना का  समय दादि का लाश देखा। दोनो रोना हैं। दादी की मृत्यु के बाद दोनो बच्चों  निराश्रय हो गया। इसके बाद दोनों स्कुल में नहि जाना। एक दिवस दोनो बच्चों रात में अकेला है। दोनों डर हो गई ।  बाद दादी वहों हैं ।  इस  याद दोनों के मन में आया । जीवन का आत में दोनो दादी की याद नही  अविसलमरणीय है। इसके बाद दोनो बच्चों के दिल में बारिश एक गुस्सा बन गयी।

# സ്ഥലങ്ങളുടെ അപരനാമങ്ങൾ

1. ഇന്ത്യയിലെ മാഞ്ചസ്റ്റർ - അഹമ്മദാബാദ്, ഗുജറാത്ത്
2. ഇന്ത്യയിലെ ഡെറ്റ്റോയിറ്റ് - പിതാമ്പൂർ, ഹരിയാന
3. ഇന്ത്യയുടെ പ്രവേശന കവാടം - മുംബൈ, മഹാരാഷ്ട്ര
4. ഇന്ത്യയിലെ ഹോളിവുഡ് - മുംബൈ, മഹാരാഷ്ട്ര
5. ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനം - മുംബൈ, മഹാരാഷ്ട്ര
6. ഇന്ത്യയുടെ ഉരുക്ക നഗരം - ജംഷഡ്പൂർ, ജാർഖണ്ഡ്
7. ഉദ്യാന നഗരം - ബാഗ്ലൂർ, കർണാടക
8. സിറ്റി ഓഫ് ഡാൻസ് - ആരോവില്ല, പോണ്ടിച്ചേരി
9. വൈറ്റ് സിറ്റി - ഉദയപൂർ, രാജസ്ഥാൻ
10. സൈലന്റ് ഷെയർ - കട്ടക്ക്, ഒഡീഷ
11. ക്ഷേത്രനഗരം - ഭുവനേശ്വർ, ഒഡീഷ
12. കത്തീഡ്രൽ സിറ്റി - ഭുവനേശ്വർ, ഒഡീഷ
13. വടക്ക് കിഴക്കിന്റെ കവാടം - സിലിഗുരി, പശ്ചിമ ബംഗാൾ
14. കൊട്ടാരങ്ങളുടെ നഗരം - കൊൽക്കത്ത, പശ്ചിമ ബംഗാൾ
15. ശാസ്ത്ര നഗരം - കൊൽക്കത്ത, പശ്ചിമ ബംഗാൾ
16. ഹിമാലയ രാജ്ഞി - ഡാർജിലിംഗ്, പശ്ചിമ ബംഗാൾ
17. ഡക്കാണിന്റെ രാജ്ഞി - പൂനെ, മഹാരാഷ്ട്ര
18. കിഴക്കിന്റെ ഓക്സ്ഫോർഡ് - പൂനെ, മഹാരാഷ്ട്ര
19. ഏഴുദ്വീപുകളുടെ നഗരം - മുംബൈ, മഹാരാഷ്ട്ര
20. മുന്തിരി നഗരം - നാസിക്, മഹാരാഷ്ട്ര
21. നിസാമുകളുടെ നഗരം - ഹൈദ്രാബാദ്, ആന്ധ്രാപ്രദേശ്
22. ഹൈടക് സിറ്റി - ഹൈദ്രാബാദ്, ആന്ധ്രാപ്രദേശ്
23. ചന്ദനങ്ങളുടെ നഗരം - മൈസൂർ, കർണാടക
24. സ്പേസ് സിറ്റി - ബാഗ്ലൂർ, കർണാടക
25. സോളാർ സിറ്റി - അമൃത്സർ, പഞ്ചാബ്
26. ഇന്ത്യയിലെ പിറ്റ്സ്ബർഗ് - ജംഷഡ്പൂർ, ജാർഖണ്ഡ്
27. നവാബുകളുടെ നഗരം - ലക്നൗ, ഉത്തർപ്രദേശ്
28. മുത്തുകളുടെ നഗരം - തൂത്തുക്കുടി, തമിഴ്നാട്
29. ആഘോഷങ്ങളുടെ നഗരം - മധുര, തമിഴ്നാട്
30. ദക്ഷിണേന്ത്യയിലെ മാഞ്ചസ്റ്റർ - കൊയമ്പത്തൂർ, തമിഴ്നാട്
31. നെയ്ത്തുകാരുടെ നഗരം - പാനിപ്പത്ത്, ഹരിയാന
32. കിഴക്കിന്റെ സ്കോട്ട്ലാന്റ് - ഷില്ലോംഗ്, മേഘാലയ

കവിത

# ഹേ, ഗാസാ............

യന്ത്രപ്പറവകൾ-
കീറിയ കുഞ്ഞുടുപ്പുകൾ
ചുറ്റും മുലപ്പാലിൻ ഗന്ധം
പൊട്ടിച്ചിതറിയ സ്വപ്നകൾ
ഹേ......... ഗാസാ
നീ ഞങ്ങൾക്ക് നൊമ്പരമാണ്
നീ എന്തുതെറ്റുചെയ്തു?
അധിനിവേശ കോമരങ്ങൾ-
തീർത്ത വൻ മതിലുകളിൽ
നിൻ നിലവിളി തട്ടിത്തെറിക്കുന്നു
മുലപ്പാലിനു പകരം-
പെറ്റമ്മയുടെ ചോര കുടിച്ചവർ
ഹേ.......... ഗാസാ..........
നീ ഞങ്ങൾക്കു മാപ്പു നൽകുക.



കഥ

# മക്കൾ

ജീവിതത്തിന്റെ കയ്പേറിയ അനുഭവങ്ങളുടെ ഓർമ്മകളയവിറക്കി ദേവകിയേയും ചേർത്ത് പിടിച്ച് ദേവരാജ് തേങ്ങി. അപ്പോഴാണ് പൊന്നു പോലെ സ്നേഹിച്ച തന്റെ മൂന്ന് മക്കളെക്കുറിച്ച് അവൾ പറയുന്നത്. അപ്പോൾ ദേവരാജ് പറഞ്ഞു

"എന്നെയും നിന്നെയും ഒരു കാല്യതല്ലിയൊടിച്ച് ഈകാട്ടിൽ ഉപേക്ഷിച്ചവരെക്കുറിച്ച് നീ സംസാരിക്കേണ്ട."

"എന്തായാലും ഞാൻ പെറ്റ മക്കളല്ലേ....അവർ" അവളുടെ സംസാരം അദ്ദേഹത്തെ കൂടുതൽ ദേഷ്യപ്പെടുത്തി. ദുഃഖത്തോടെ അയാൾ പറഞ്ഞു,

"എന്നേ കഴിഞ്ഞകാര്യമൊന്നും ഓർമ്മിപ്പിക്കല്ലേ......."

കുറച്ച് കാലങ്ങൾക്കു മുൻപ് മംഗലശ്ശേരി ഗ്രാമത്തിലെ പേരുകേട്ട ഒരു കുടുംബമായിരുന്നു ദേവരാജന്റേത്. വിവാഹം കഴിഞ്ഞ് ആറുവർഷത്തിനുശേഷവും കുട്ടികളുണ്ടായില്ല. കുറേ അമ്പലങ്ങളിൽ നേർച്ചനേർന്നതിന്റെയും പ്രാർത്ഥനയുടെയും ഫലമെന്നോണം ഒരു പൊന്നോമനയുണ്ടായി, ദേവിക. അവളെ കണ്ടാൽ അവളുടെ മുഖത്തുനിന്ന് കണ്ണെടുക്കാൻ തോന്നില്ല, അത്രക്ക് സുന്ദരി.

ഒരു വർഷത്തിനുശേഷം രണ്ട് ആൺകുഞ്ഞുങ്ങളുമുണ്ടായി, ദേവദർഷും ദേവഹർഷും. പഠനത്തിൽ മിടുക്കരായിരുന്നു മൂവരും. പഠിച്ച ഡോക്ടറും എഞ്ചിനിയറും സി. എയുമായി. അവരെ വിദേശത്തേക്ക് അയച്ചു.

വിവാഹപ്രായമായിട്ടും അവൾക്ക് വിവാഹത്തോട് താത്പര്യമില്ല. നിർബന്ധിച്ചു. അവൾ സമ്മതിച്ചു. അവൾ പറഞ്ഞു എനിക്കെന്റെ അമ്മയുടേയും അച്ഛന്റെയും സന്തോഷമാണ് വലുതെന്ന്. ഇതുകേട്ട ദേവകിയുടെ കണ്ണുകൾ നിറഞ്ഞു.

അങ്ങനെ അവളുടെ വിവാഹത്തിനുശേഷം മറ്റുരണ്ടു പേരുടേയും വിവാഹം ഒരുമിച്ചു നടത്തി. മൂന്നുമക്കളും വിദേശത്താണ്. അപ്പോഴാണ് ദേവരാജിന് അറ്റാക്കുണ്ടായത്. ജീവൻ തിരിച്ചുകിട്ടുമെന്ന് തീരെ പ്രതീക്ഷയുണ്ടായിരുന്നില്ല. അമ്മയ്ക്കും തീരെ വയ്യ. പെട്ടെന്ന് മൂന്ന് പേരും അവരെ കാണാനെത്തി. അസുഖം ചെറിയതോതിൽ ഭേദമായതോടെ രണ്ട് ആൺമക്കൾ ഭാര്യവീട്ടിലും ദേവിക ഭർതൃവീട്ടിലും പോയി. രണ്ട് ദിവസം കഴിഞ്ഞ് തിരിച്ചുവന്നപ്പോൾ അവർ അമ്മയോട് പറഞ്ഞു.

അമ്മേ ഞങ്ങൾ തിരിച്ചുപോകുന്നതിനു മുമ്പ് തന്നെ സ്വത്തുക്കൾ എഴുതിത്തന്നാൽ നന്നായിരുന്നു.

അച്ഛന്റെ അസുഖം ഭേദമായിട്ടുപോരെ മക്കളേ...

പോരാ അമ്മേ, നമുക്ക് പോയിട്ട് തിരക്കുണ്ട് .........

അമ്മ അവരുടെ നിർബന്ധത്തിന് വഴങ്ങി. ഈ കാര്യം അച്ഛനെ അറിയിച്ചു. അപ്പോൾ അച്ഛൻ പറഞ്ഞു,

ഈ കാണുന്ന വിടും പറമ്പും ദേവൂട്ടിക്കുള്ളതാണ്. ദർശിന് പട്ടണത്തിലുള്ള ഫ്ളാറ്റ്. ഹർഷിന് ബാക്കിയുള്ളതെല്ലാം. എന്താപോരെ... മക്കൾക്ക് തൃപ്തിയായി.




ദേവഹർഷം ദേവദർഷം പുതിയ വീട് നിർമ്മിച്ചു. ദേവൂട്ടിയുടെ കൂടെയാണ് അമ്മയും അച്ഛനും.

ഇവർക്ക് വയസ്സായതോടെ കേൾവി കുറഞ്ഞു.

ഒരു ദിവസം എന്തോകാര്യത്തിന് അമ്മയോട് ദേവൂട്ടി ദേഷ്യപ്പെട്ടു. അവൾക്ക് ഇവർ ഭാരമായിത്തോന്നി. അവൾ അവരെ വീട്ടിൽ നിന്നും ഇറക്കിവിട്ടു. പിന്നെ

ദേവഹർഷിന്റെ വീട്ടിലായി താമസം. രണ്ട് ദിവസം കഴിഞ്ഞപ്പോൾ അവരെ ദേവദർഷിന്റെ വീട്ടിൽ കൊണ്ടുവിട്ടു. അമ്മയുടെ ഉത്തരവാദിത്വം പരസ്പരം കൈമാറിക്കൊണ്ടിരുന്നു. അമ്മയ്ക്കും അച്ഛനും ദുഃഖമായി.

രണ്ട് മക്കളും കൂടി അച്ഛനെയും അമ്മയേയും കൂട്ടി വിനോദയാത്രയ്ക്ക് പോകാമെന്ന് പറഞ്ഞു. ഒടുവിൽ ഇടമലക്കുടി എന്ന കാട്ടിൽ എത്തിച്ചേർന്നു. അവിടെ വച്ച് അച്ഛനെയും അമ്മയേയും തള്ളി. അങ്ങനെയാണ് ദേവരാജിന്റെ കാലിൽ മുറിവു പറ്റിയത്. ഇതും ഓർത്ത് അച്ഛനും അമ്മയും വിതുമ്പി. എന്തിന് ഇവരെ മൂന്ന് പേരേയും വളർത്തി എന്ന തോന്നൽ ഇവർക്കുണ്ടായി. പിന്നെ പട്ടിണിയായി.

ജീവിതത്തിനും മരണത്തിനുമിടയിൽ പത്ത് ദിവസം ഇവർ ഈ കൊടുംകാട്ടിൽ കഴിച്ചുകൂട്ടി. ഒടുവിൽ ഒരു ആദിവാസിയെ അവർ കണ്ടുമുട്ടി. ഇവർ അവരുടെ കുടിലിൽ പത്തൊൻപത് ദിവസം നിന്നു. അങ്ങനെ ഇവർ രണ്ടുപേരും അവിടെയുള്ള കായ്കനികൾ തിന്നു. പച്ചമരുന്ന് വച്ച് മുറിവുണക്കുകയും ചെയ്തു.

ഇവർ എട്ട് വർഷങ്ങൾക്ക് ശേഷം തീർത്ഥാടനത്തിന് ഒരുങ്ങി. ഇവർക്ക് ഇവരുടെ കാട്ടിലെ കുടിലിനേയും ആദിവാസികളേയും മറക്കാൻ കഴിഞ്ഞില്ല. എട്ട് അമ്പലങ്ങൾക്ക് ശേഷം ഇവർ ശ്രീരാമക്ഷേത്രത്തിൽ എത്തിച്ചേർന്നു. അവിടെ അമ്മ തന്റെ പൊന്നോമനകളെ കണ്ടുമുട്ടി. ഈ മൂന്ന് കുട്ടികൾ അച്ഛന്റെയും അമ്മയുടേയും കാലുപിടിച്ച് മാപ്പുപറഞ്ഞു.

നിങ്ങളെ വീട്ടിൽനിന്ന് ഇറക്കിവിട്ട് കാട്ടിൽ ഉപേക്ഷിച്ചതിന്റെ ഫലമായാണ് ഞങ്ങൾക്ക് മൂന്ന് പേർക്കും മക്കളില്ലാത്തത്. അമ്മേ.. അച്ഛാ.. ഞങ്ങളോടുക്ഷമിക്കൂ... നിങ്ങൾ വീട്ടിൽനിന്ന് പുറത്താക്കിയതിനുശേഷം ഞങ്ങൾക്ക് ആത്മാർഥമായി ഒന്നും ചെയ്യാനാവുന്നില്ല. അമ്മയും അച്ഛനും നമ്മുടെ കൂടെ വരണം. മക്കൾ ഏറെ നിർബന്ധിച്ചു. അച്ഛനും അമ്മയും ഇവരുടെ തീരുമാനം കടുപ്പിച്ചു. പക്ഷെ മക്കളുടെ മാപ്പുപറച്ചിലും കരച്ചിലും ഇവർക്ക് രണ്ട് പേർക്കും സഹിക്കാനായില്ല. ഇവർ രണ്ട് പേരും അവസാനം സമ്മതിച്ചു. അമ്മയെയും അച്ഛനെയും കൊണ്ട് വീട്ടിലേക്ക് തിരിച്ചുപേകുമ്പോൾ ഇവർ രണ്ട് പേരും ദൈവത്തോട് നന്ദി പറഞ്ഞു. മൂന്നുമാസങ്ങൾക്കകം ദേവിക ഗർഭിണിയായി. കൂടാതെ അതിനുശേഷം ദേവദർഷിനും ദേവഹർഷിനും അച്ഛനാവാനുള്ള ഭാഗ്യം ലഭിച്ചു. ഇവരുടെ മക്കൾ അമ്മമ്മയുടെയും അച്ഛാച്ഛന്റെയും കഥകേട്ടും കൂടെ കളിച്ചും കൂടെ ഉറങ്ങിയും വളർന്നു.

കവിത

# വാക

വെയിലിന്റെ ചൂടേറ്റ് വാടിയ ഞങ്ങൾക്ക്
തണലായിരുന്നൊരാ വാക മരം
സാറ്റ് കളിച്ചതും ഓടിക്കളിച്ചതും
എല്ലാം വാകമരച്ചുവട്ടിൽ..

വിദ്യാലയം വിട്ട് വീട്ടിലേക്കെത്തിയാൽ
ആദ്യമേയോടുന്നതേ.. വാകച്ചുവട്ടിൽ
കൂട്ടരുമൊത്ത് രമിച്ചുല്ലസിച്ചവിടെ
ഇരുന്നതും വാകച്ചുവട്ടിൽത്തന്നെ.


വാകതൻ തണലിൽ ഇരിക്കവേ തന്നെ
മട്ടപ്പങ്ങുമാറിയകന്നിടും വേഗം
വെയിലിന്റെ ചൂടേറ്റ് വാടിടും ഞങ്ങൾക്കു
കുടയായൊരുങ്ങി തണൽ തരുമീ വാക.

കാറ്റിനെയൊക്കെപ്പിടിച്ചെടുത്ത് ഞങ്ങടെ
മേലേക്ക് വീശിത്തരുന്നൊരീ വാക
ഞങ്ങളിലൊരാളായ ഞങ്ങൾതൻ വാക
ഞങ്ങൾക്കെന്നുമൊരു ചങ്ങാതിയായ് മാറി.

ഞങ്ങൾ കളിക്കുമീ വാകച്ചുവട്ടിലേക്ക്
അഞ്ചാറാളുകളോടിവന്നു
കൈയ്യിലോ കോടാലിയും കയറും
കാലൻമാരെന്ന കണക്കിനവർ.

വാകതൻ കൈകളും കാലും മുറിച്ചു.
ലോറിയിലേറ്റിക്കൊണ്ടുപോയി......
വിദ്യാലയം വിട്ട് ഞാനുമെൻ കൂട്ടരും-
വന്നു നോക്കിയതീ വാകമരത്തെ

വാകമരമെങ്ങും കണ്ടതേയില്ല
കുറ്റിമാത്രം അവശേഷിച്ചിരിക്കുന്നു
കുറ്റിമേൽ ചാരി ഞാനോർക്കുമെന്നും
ഇത്തിരിത്തണലിനായാഗ്രഹിക്കും- എന്നും
വാകമരത്തെ ഞാൻ ഓർത്തു പോകും.



കഥ

# രാത്രിയിലെ ജീവന്റെ മിടിപ്പുകൾ

ശവങ്ങൾ എരിയുന്ന തീയിനുമുന്നിൽ തന്റെ ജീവിതത്തെ അണയാത്ത തിരിനാളത്തിന്റെ ജ്വലനത്തിൽ അവനങ്ങനെ മുഖം കൂർപ്പിച്ചിരുന്നു. ഇനി തനിക്ക് രണ്ട് ശവശരീരങ്ങൾ കൂടി കത്തിച്ചു തീർക്കാനുണ്ട്.

തന്റെ ജീവിതത്തിലെ ഏകാന്തതയെ മറക്കാനുള്ള മാർഗമായി മാത്രമാണ് അവന്റെ ജോലിയെ അവൻ കരുതിയിരുന്നത്. താൻ എത്ര ശവശരീരങ്ങൾ കത്തിച്ചിരിക്കുന്നു. പക്ഷെ! തന്റെ ഏകാന്തത തന്നെ വല്ലാതെ വീർപ്പുമുട്ടിക്കുന്നു. ഈ ശവങ്ങൾ കത്തിച്ചുകഴിഞ്ഞില്ലേൽ മുതലാളിയുടെ ആട്ടും തുപ്പും വേറെ, തനിക്ക് ഒന്നും ചിന്തിക്കാൻ കഴിയുന്നതിനുമപ്പുറമായിരുന്നു.

രാത്രിയുടെ കൂരിരുട്ടിൽ അവൻ ആ ശവങ്ങൾ എരിയുന്ന തീ നാളത്തെ ഇരുകണ്ണും കൂർപ്പിച്ച് പിടിച്ചു. രാത്രിയുടെ ഏകാന്തതയിൽ ചെവികളെ മട്ടുപ്പിക്കുന്ന തരത്തിൽ ഒരു നിലവിളി ഉയർന്നു. ആ ഏകാന്തതയിൽ നിന്നും ഞെട്ടിയുണർന്ന് ആ റോഡരികിലേക്ക് ഓടിയണഞ്ഞു.

ഒരു ജീവൻ രക്തത്തിൽ പിടയുന്നു. അവനത് അവിശ്വസനീയമായി തോന്നി. മരണവേദനയിൽ പിടയുന്നു. കാറിൽ നിന്ന് ആരോ വസ്ത്രങ്ങൾ കീറീ......



അവൻ ഇലകളുടെ മറവിൽ നിന്ന് കണ്ടു. ആ പെൺകുട്ടിയെ കാറിന്റെ ചക്രത്താൽ അരച്ചുവെന്നാണ് തോന്നുന്നത്. മരണവേദനയാൽ ശരീരം പിടച്ച് റോഡിൽ രക്തം ഒഴുകിക്കിടക്കുന്നു. തനിക്കിനി രണ്ട് ശവങ്ങൾ കൂടി കത്തിക്കണമായിരുന്നു. പക്ഷെ പ്രാണവേദനയിൽ പിടയുന്ന ഈ സ്ത്രീയുടെ മുന്നിൽ താൻ തോറ്റുപോയി. എത്രയും പെട്ടന്ന് അവളെ ആശുപത്രിയിലെത്തിക്കണം. ശരീരം തളരുന്ന പോലെ തോന്നി.

അവളെ ആശുപത്രിയിലെത്തിച്ചു. വളരെ ദുഃഖത്തോടെ ഡോക്ടറോട് ചോദിച്ചു. ഞാൻ വിചാരിച്ചതിൽ നിന്ന് വിപരീതമായിരുന്നു അത്.

“അവൾ ജീവനിൽ തുടിക്കുന്നു”.

താങ്കൾ അവളുടെ ആരാണെന്ന് ചോദിച്ചപ്പോൾ താൻ വെറുമൊരു വഴിപോക്കനാണെന്ന് മറുപടി പറഞ്ഞു.

തനിക്ക് ജോലി ചെയ്യാൻ കഴിയാത്തതിനെ ക്കുറിച്ചോ ഒന്നും തന്നെ അയാൾ പറഞ്ഞതേയില്ല. താൻ ആ ആശുപത്രി വിട്ടിറങ്ങുമ്പോൾ മുതലാളി തന്നെ തിരക്കി എത്തിയിരുന്നു.

മുതലാളി വളരെ ക്രോധത്തോടെ, "വല്ലവരുടേയും ജീവൻ രക്ഷിക്കാൻ പോയിരിക്കുന്നു“.

തനിക്ക് എന്ത് പറയണമെന്നറിയില്ല. അവൻ വളരെ ശാന്തനായി പറഞ്ഞു.

“ശവങ്ങൾ ഒരുപാട് കത്തിക്കാൻ കഴിഞ്ഞേക്കും പക്ഷെ ഒരു ജീവൻ രക്ഷിച്ചതിൽ വളരെ സന്തോഷവാനാണ്".

മുതലാളി മറുവാക്കുകൾ പറയാൻകഴിയാതെ അയാൾ വളരെ ക്രോധത്തിൽ നടന്നകന്നു. താനിനി ശവങ്ങൾ കത്തിക്കുമ്പോൾ അവർ എത്ര ദുരിതം അനുഭവിച്ചാണ് ഈ കത്തുന്ന തീക്കനലിൽ കത്തിച്ചാമ്പലാവുന്നത്. ജീവിക്കാൻ കൂടുതൽ കൂടുതൽ കൊതിക്കുന്ന എത്രയോ തലമുറകൾ........

അയാൾ പെട്ടെന്ന് തന്റെ ഏകാന്തതയിൽനിന്ന് ഞെട്ടി വഴിതിരിഞ്ഞുനടന്ന് ആ ആശുപത്രി വാതിൽക്കലേക്ക് നടന്നെത്തി. താൻ ആ പെൺകുട്ടിക്കെന്താണ് സംഭവിച്ചെതെന്ന് ചോദിച്ചറിയാൻ മറന്നിരിക്കുന്നു. ജീവൻ രക്ഷിച്ചതല്ലേ അവളെക്കുറിച്ച് വിവരങ്ങൾ അറിയാമായിരുന്നു എന്നത് അയാളെ വല്ലാതെ വീർപ്പുമുട്ടിച്ചു.

അവൾ പതുക്കെ എണീറ്റിരുന്നു. തലയിൽ ചെറിയ പൊട്ടുണ്ട്. തന്റെ കഥകൾ ഒരു ഭ്രാന്തിയാവണ്ണം പറയാൻ തുടങ്ങി.

അമ്മ ചെറുപ്പത്തിലേമരിച്ചു. താൻ അച്ഛന്റെ തണലിൽ ഒരു വയസ്സോളം ജീവിച്ചു. അച്ഛൻ മറ്റൊരു പെണ്ണിനെ വിവാഹം കഴിച്ച് സുഖമായി ജീവിച്ചു. ഞാൻ ഒറ്റപ്പെട്ട് പഠനങ്ങൾ പൂർത്തിയാക്കി ..... താൻ ജോലികൾ തേടി നടക്കുന്ന സമയങ്ങൾ വിശപ്പിൽ മുങ്ങിയതാണ്. തന്റെ വയറുകൾ ഭക്ഷണത്തിനായി പലരുടെയും കാൽക്കൽ വീണു. താൻ ഏകയായതിനാൽ തന്നെ ആര് കൊന്നാലും പിടിച്ചാലും ആർക്കാനഷ്ടം പക്ഷെ , നിങ്ങൾ എനിക്കുവേണ്ടി ആ രാത്രിയിൽ പ്രാണവേദനയിൽ നിലവിളികൾ ഒടുങ്ങാതെ ഞാൻ ശബ്ദിച്ചപ്പോൾ നിങ്ങൾ എനിക്കൊരു പുതുജീവൻ നൽകി. എനിക്കുവേണ്ടി

ആരെങ്കിലുമൊക്കെ ഉള്ളതുപോലെ ഒരു തോന്നൽ.

പൊട്ടിച്ചിരിച്ചുകൊണ്ടും അട്ടഹസിച്ചുകൊണ്ടും അവൾ ഇതൊക്കെ പറഞ്ഞുതീർത്തു.

അവളൊരു മുഴുഭ്രാന്തിയായിരിക്കുന്നു. തനിക്കിനി വയ്യ. ആ നിലയ്ക്കാത്ത നിലവിളി കേട്ട താൻ അവളെ ഏകാന്തതയിൽ നിന്ന് മുഴുഭ്രാന്തിയായി എന്ന കുറ്റത്താൽ അയാൾ തെരുവിന്റെ നടുവിലേക്ക് ഇറങ്ങി നടന്നു.

അയാൾ ആ ജോലി തുടർന്നു. ഏഴ് വർങ്ങൾക്ക് ശേഷം അയാൾ ആ ശവശരീരത്തിന്റെ തീനാളത്തിൽ നിന്ന് ഏകാന്തനായി.

പെട്ടന്ന് ഒരു വൃദ്ധന്റെ നിലവിളി ........

കാറിന്റെ ചീറിപ്പായുന്ന ശബ്ദം അയാളുടെ ചെവിയിൽ തുളഞ്ഞു കയറി. തനിക്കാവില്ല ജീവൻ രക്ഷിക്കാതിരിക്കാൻ. താനൊരു ശവത്തിനേക്കാൾ ഉപരി ജീവൻ ഉള്ളവരെ സ്നേഹിക്കുന്നു എന്നതിനാൽ.........



കവിത

# മോഹക്കടൽ



ഒരുപാടുമോഹങ്ങൾ ഉണ്ടെനിക്ക്
ഒരുപാടുനാളായ് പറയുന്നു ഞാൻ
വാനിൽപറക്കുവാൻ മോഹമുണ്ട്
വെള്ളത്തിൽ നീന്തുവാൻ മോഹമുണ്ട്

വെറുതെയീ സ്വപ്നങ്ങൾ കാണുന്നു ഞാൻ
മോഹങ്ങൾ പലതുണ്ട് സ്വപ്നങ്ങൾ പലതു-
ണ്ടിതു നിറവേറ്റുവാൻ കഴിവതില്ല

പക്ഷിയെപ്പോലെ പറക്കുവാനും
മത്സ്യങ്ങളെപ്പോലെ നീന്തുവാനും
മോഹമുണ്ടല്ലോ സ്വപ്നമുണ്ടല്ലോ
ഇതു നിറവേറ്റുവാൻ കഴിവതില്ല


എത്ര മോഹങ്ങൾ ഉണ്ടെനിക്ക്
എത്ര സ്വപ്നങ്ങൾ ഉണ്ടെനിക്ക്
പറയാൻ കഴിയില്ല പറഞ്ഞാലും തീരില്ല
പറഞ്ഞാലും തീരാത്ത മോഹമാണ്
വെറുതെയീ മോഹങ്ങൾ ചിന്തിച്ച ചിന്തിച്ച
ചിന്തിച്ച കൂട്ടുന്നതെന്തിനു ഞാൻ!

അമ്മ പറയുന്ന നിൻ മോഹമെല്ലാം
സഫലമായ് തീരാൻ കഴിഞ്ഞിടട്ടെ
മോഹക്കടലിന്റെ മധ്യത്തിലെത്തി ഞാൻ
അവിടെയെൻ മോഹങ്ങളാഴ്ന്നു പോയി

മോഹങ്ങളൊന്നും നടക്കില്ലയെങ്കിലും
പിന്നെയും മോഹിച്ച കൂട്ടുന്നു ഞാൻ
ഓരോരോ മോഹങ്ങൾ പിന്നെയും പിന്നെയും
ചിന്തിച്ച ചിന്തിച്ച കൂട്ടിയല്ലോ

വെറുതെയീ മോഹങ്ങളെന്തിനു വെറുതെ ഞാൻ
ചിന്തിച്ച ചിന്തിച്ച കൂട്ടീടുന്നു- വീണ്ടും
ചിന്തിച്ച ചിന്തിച്ച കൂട്ടീടുന്നു...!

# ജീവിതവിജയത്തിന് ഗാന്ധിസൂക്തങ്ങൾ



1. ഞാൻ വിദ്യാർഥികളുടെ സുഹൃത്തും വഴികാട്ടിയുമാണ്.
2. യുദ്ധത്തിനെതിരായി ശരിയായ സമരം നടത്തണമെങ്കിൽ ശിശുക്കളിൽ നിന്നുതന്നെ അതിന്റെ ആരംഭം കുറിക്കേണ്ടിയിരിക്കുന്നു.
3. ഭാവി ലോകത്തിന്റെ ആശകളും പ്രതീക്ഷകളുമെല്ലാം വിദ്യാർഥികളിലാണെന്ന് ഞാൻ വിശ്വസിക്കുന്നു.
4. ഉത്തമ വിദ്യാഭ്യാസത്തിന്റെ ആദ്യ ചവിട്ടുപടി ഒരു പരിശുദ്ധ ഹൃദയമാണ്
5. ഏതെങ്കിലും ശാശ്വതമായ നേട്ടം കൈവരിക്കണമെങ്കിൽ നമുക്ക് നിർഭയത്വം അത്യന്താപേക്ഷിതമാണ്.
6. ആരുടെ മുന്നിലും നമ്മുടെ ഹൃദയം തുറന്ന് സംസാരിക്കാൻ നാം ധൈര്യപ്പെടണം.
7. നിങ്ങൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസം ദൈവത്തിൽ നിന്നും നിങ്ങളെ അകറ്റുന്നുവെങ്കിൽ നിങ്ങൾക്കും ലോകത്തിനും ഒരു ഗുണവും ഇല്ല.
8. എല്ലാ വിദ്യാഭ്യാസത്തിന്റെയും പ്രാഥമികലക്ഷ്യം വിദ്യാർഥികളുടെ സ്വഭാവരൂപീകരണമാണ്.
9. സത്യസന്ധനായ ഒരു കുട്ടി-ധീരനായ ഒരു കുട്ടി - ഈച്ചയെപ്പോലും ഉപദ്രവിക്കണമെന്ന് വിചാരിക്കുകയില്ല. സ്വന്തം സ്കൂളിലെ ദുർബലരായ എല്ലാ കുട്ടികളെയും അവൻ സഹായിക്കും. സ്കൂളിനകത്തിയാലും പുറത്തായാലും തന്റെ സഹായം ആവശ്യമായ ആരെയും അവൻ സഹായിക്കും.
10. വിദ്യാലയങ്ങളും കലാശാലകളും സ്വഭാവസൃഷ്ടിക്കുള്ള യന്ത്രശാലകളാണ്. സ്വഭാവം കല്ലും കുമ്മായവും കൊണ്ട് പടുത്തുയർത്താൻ കഴിയുന്ന ഒന്നല്ല. സ്വഭാവരൂപീകരണം അവരുടെ ജീവിതത്തിൽ നിന്നുതന്നെ ഉണ്ടായിരിക്കണം.
11. നാട്ടിലെ ഓരോ വീടും ഓരോ വിദ്യാലയങ്ങളാണ്. മാതാപിതാക്കൾ അദ്ധ്യാപകരും.
12. പുസ്തകപാരായണം കൊണ്ട് മാത്രം നിങ്ങൾക്ക് പ്രയോജനം ലഭിക്കില്ല.
13. ക്ലാസ് മുറിയല്ല, പുറത്താണ് ഒരു അധ്യാപകന്റെ പ്രധാന കർത്തവ്യം.
14. അധ്യാപകർ വിദ്യാർഥികളുടെ തലച്ചോറിനെയല്ല, ഹൃദയത്തെയാണ് രൂപപ്പെടുത്തേണ്ടത്.

15. ഓരോ വിദ്യാർഥിക്കും അവരിലും ദൈവത്തിലും വിശ്വാസമുണ്ടായിരിക്കണം.

16. ആത്മവിശ്വാസമാണ് സ്വരാജ്യം.

17. സ്വന്തം ഭാഷയിൽ നാം അഭിമാനം കൊള്ളണം.

18. ധീരന്റെ ആയുധമാണ് അഹിംസ.

19. സ്നേഹമാണ് ജീവിതക്ലേശങ്ങളെ ലഘൂകരിക്കുന്നത്.

20.നമ്മുടെ ഭാഷ നമ്മെ പ്രതിഫലിപ്പിക്കുന്നു.

ലേഖനം

## പുത്തനുണർവ്

ശാസ്ത്ര സാങ്കേതിക മുന്നേറ്റങ്ങളിൽ നമ്മുടെ ലോകത്ത് വിദ്യാർത്ഥികളുടെ പ്രസക്തി വളരെ ഏറെ ചോദ്യം ചെയ്യപ്പെടേണ്ട ഒന്നാണ്. വിദ്യാർത്ഥികളിലാണ് ഏറ്റവും കൂടുതൽ അറിവുകളും.ആ അറിവുകളിലൂടെ കിട്ടുന്ന ജിജ്ഞാസയും ഉള്ളത് അതുകൊണ്ടുതന്നെ വിദ്യാർത്ഥികൾ ശാസ്ത്ര സാങ്കേതിക കണ്ടുപിടിത്തങ്ങളിൽ വളരെയധികം താൽപര്യം പുലർത്തുന്നു.

സംശയത്തിന്റെയും രഹസ്യങ്ങളുടെയും പാതയിലൂടെ കണ്ടുപിടിത്തത്തിന്റെ ഉള്ളറകളിലേക്ക് ഇന്നത്തെ വിദ്യാർത്ഥി സമൂഹം വളരെ വേഗം എത്തിചേരുന്നു. കണ്ടുപിടിത്തങ്ങളുടെ ഉറവിയിലേക്ക് ഇറങ്ങി നീരാടുന്ന ഒരു പുതുതലമുറയാണ് നമുക്ക് ഇന്നുള്ളത്.

ഒരു ജനതയുടെ വൈകാരികമായ ഉണർവിനെ തൊട്ടുണർത്തുന്ന ശാസ്ത്ര സാങ്കേതിക വിദ്യയാണ് നമുക്കുള്ളത്.ലോകരാജ്യങ്ങൾ കൈവരിച്ച എല്ലാമഹത്തായ കണ്ടുപിടിത്തങ്ങളുടെയും പിന്നിൽ വിദ്യാർത്ഥിസമൂഹത്തിന്റെ ഒരു കൂട്ടവുമുണ്ട്.ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ വാനോളം ഉയർത്തുവാൻ വിദ്യാർത്ഥികൾ വഹിക്കുന്ന പങ്ക് ഏറെയാണ്.

സംസ്കാരികമായ മുന്നറ്റങ്ങൾക്ക് വിദ്യാർത്ഥിസമൂഹത്തിന്റെ പങ്ക് വലുതാണ്.ഓരോ സങ്കേതിക വിദ്യയും നാം അറിയുമ്പോൾ അത് നാം സമൂഹത്തിനുകൂടി മനസ്സിലാക്കി നൽകുകയാണ്.

പടവ്


കഥ

# അണയാത്ത കാത്തിരിപ്പ്

തനിക്ക് അപരിചിതമായ ആ മഹാനഗരത്തിൽ സൂര്യന്റെ അതികഠിനമായ ചൂടിനോട് മല്ലടിച്ച് അയാൾ തന്റെ മകന്റെ മുഖം ആ ആൾക്കൂട്ടത്തിനിടയിൽ തിരഞ്ഞു.

ജോലിക്കായി ഡൽഹിയിലേക്ക് വണ്ടി കയറിയതാണ് അയാളുടെ ഒറ്റ മകൻ. ചെന്ന് മാസങ്ങൾ കഴിഞ്ഞ് ഒരു കത്തുണ്ടായിരുന്നു. അവിടെ ഒരു ജോലി തരപ്പെട്ടിട്ടുണ്ട് എന്നും പിന്നെ അവിടുത്തെ താമസസൗകര്യവും ജോലി ഏർപ്പാടാക്കിത്തന്ന സുഹൃത്തിനെ കുറിച്ചും വിവരിച്ചുകൊണ്ടൊരു കത്ത്. അതിനു ശേഷം പിന്നെ എല്ലാമാസവും കത്തുണ്ടായിരുന്നു. ഒപ്പം ഒരു നിശ്ചിതതുകയും ഒരു അഞ്ചാറുമാസം മുൻപുവരെ എല്ലാം നല്ല രീതിയിൽ നടന്നിരുന്നതാണ്.

എന്നാൽ പെട്ടെന്ന് അവന്റ അമ്മയ്ക്ക് ഒരു മേലായ്ക. ആശുപത്രിയിൽ കാണിച്ചപ്പോൾ ക്യാൻസർ ആണ് എന്നാണ് അറിയാൻ കഴിഞ്ഞത്. കുറേ ചെക്കപ്പും സ്കാനിങ്ങും ഒക്കെ കഴിഞ്ഞപ്പോൾ കയ്യിലെ പണം തീർന്നു പോകുമ്പോൾ ഡോക്ടർമാർ ഓർമിപ്പിച്ചത് ഇങ്ങനെയായിരുന്നു.




"വീട്ടിൽ സഹായത്തിന് ഒരാളെ വയ്ക്കുന്നത് നന്നായിരിക്കും. ഈ വയസ്സാൻകാലത്ത് നിങ്ങളെ കൊണ്ട് ഒറ്റയ്ക്ക് എല്ലാം നടന്നുന്ന് വരില്ല. പിന്നെ ചെക്കപ്പ് മുടങ്ങരുത്. ഇപ്പോൾ തന്നെ ഭാഗ്യം കൊണ്ടാ. ഇനി അത് നിങ്ങളുടെ കയ്യിലും.."

ഈ കാരണങ്ങൾ എല്ലാം വച്ച കൊണ്ട് വച്ച കോണ്ട് അയാൾ മകനൊരു കത്തയച്ചിരുന്നു. പെട്ടെന്നു തന്നെ ആശ്വാസം. അപ്പോഴും അയാൾ ഒന്നു ചിന്തിച്ച ഞാൻ തനിച്ച് എങ്ങനെ ഇവളെ നോക്കും.

അപ്പോഴും അയാൾ ഒന്നുറപ്പിച്ചു.

'എല്ലാം കാണുന്ന ഒരുവൻ മുകളിൽ ഇരിപ്പില്ലെ, എല്ലാം അവൻ നോക്കിക്കൊള്ളും'.

അങ്ങനെ അയാൾ തന്നെ ഭാര്യ

യുടെ കാര്യങ്ങളൊക്കെയും നോക്കി അങ്ങനെ കടന്നു പോന്നു. അപ്പോഴും ഒരാശ്വാസം, മുടങ്ങാതെ വരുന്ന മകന്റെ പണമായിരുന്നു. പെട്ടന്നൊരു ദിവസം അതും മുടങ്ങി. ആ ഒരു മാസം തട്ടിയും മുട്ടിയും അയാൾ കുടുംബം കഴിച്ചുകൂട്ടി. ഭാര്യയുടെ മരുന്നിനും ചികിത്സയ്ക്കും ഒക്കെയായി ഒരു മറുപടി പോലുമില്ല . ഭാര്യയുടെ ചികിത്സ മുടങ്ങി, കുടുംബം പട്ടിണിയായി. അങ്ങനെയിരിക്കെയാണ് ഭാര്യയെ അയൽവാസിയെ ഏൽപ്പിച്ച് അയാൾ ആരുടേയൊക്കെ കൈയ്യിൽ നിന്നും കടം വാങ്ങി മകനെ അന്വേഷിച്ച് മഹാനഗരമായ ഡൽഹിക്കിറങ്ങിയത്.

വെയിലിന്റെ കാഠിന്യം കുറയുന്നില്ല. രണ്ടുദിവസമായി വല്ലതും കഴിച്ചിട്ട്. ഇനി ഒരടിപോലും നടക്കാനുള്ള ശേഷിയില്ല. അയാൾ ആ നടുറോഡിൽ ഒരില വാടി വീഴും പോലെ താഴേക്ക് ഉതിർന്നു. പെട്ടെന്ന് ഒരു അപരിചിതമായ കൈ തന്റെ നേരെ വരുന്നത് അയാൾ കണ്ടു. ഏകദേശം തന്റെ മകന്റെ പ്രായം വരും അയാൾ ആ വൃദ്ധനായ മനുഷ്യനെ എഴുന്നേൽപ്പിച്ചു. ഒരു എളിയ ഭാവത്തോടെ അയാൾ ചോദിച്ചു.

'അച്ഛൻ എങ്ങോട്ടാ'

ഏറെ നാളത്തെ ഇടവേളയ്ക്കു ശേഷം അച്ഛാ എന്ന വിളികേട്ടപ്പോൾ തന്നെ അയാളുടെ അവശത വിട്ടുമാറി.ഒരു പതിഞ്ഞ ശബ്ദത്തിൽ അയാൾ പറഞ്ഞു.

"എന്റെ...... എന്റെ മകനെ അന്വേഷിച്ചിറങ്ങിയതാണ്, എനിക്കിവിടം അത്ര പരിചയം ഇല്ല. മോനെന്നെയൊന്നു സഹായിക്കാവോ?"

"പിന്നെന്താ, അച്ഛൻ പറ എങ്ങോട്ടാ പോവേണ്ടത്? അച്ഛനെ ഞാൻ കൊണ്ടു വിടാം"

"എനിക്ക് ആകെ അറിയാവുന്നത് ഈ അഡ്രസ്സാ "

ഇതും പറഞ്ഞ് അയാൾ ഒരു തുണ്ട് പേപ്പർ എടുത്ത് ആ യുവാവിനു നേരെ നീട്ടി.

"അല്ല ഇത് നമ്മുടെ രവിയുടെ അഡ്രസ്സല്ലേ"



"ഏത് രവിയുടെ , ഇത് എന്റെ മകൻ എനിക്കയച്ച കത്തിലുണ്ടായിരുന്ന അഡ്രസ്സ"

"അല്ലച്ഛാ എന്റെ കൂട്ടുകാരൻ താമസിക്കുന്ന വില്ലയുടെ അഡ്രസ്സാണിത്. അച്ഛന്റെയടുത്ത് മകന്റെ ഫോട്ടോയുണ്ടോ?"

"ഉണ്ട്"

ഒരാവേശഭാവത്തോടെ അയാൾ തന്റെ ബാഗിൽ നിന്നും ഒരു പഴഞ്ചൻ ബ്ലാക്ക് ആൻഡ് വൈറ്റ് ഫോട്ടോയെടുത്ത് ആ യുവാവിന് നേരെ നീട്ടി. എല്ലാം നോക്കിയ

ശേഷം ആ യുവാവ് പറഞ്ഞു.

“എന്തായാലും അച്ഛൻ വാ... നമുക്ക് ഈ അഡ്രസ്സുകാരന്റെ വീടുവരെയൊന്നു പോയി നോക്കാം."

ഇതും പറഞ്ഞ് അയാൾ ആ വൃദ്ധന്റെ കയ്യും പിടിച്ച് മുന്നോട്ട് നീങ്ങി. പോകും വഴി ആ വൃദ്ധൻ ഒരു കാര്യം അയാളോടായി തിരക്കി.

“മോന്റെ മോന്റെ പേരെന്താ?”

എന്റെ പേര് സുരേഷ്.”

ഉം , എന്റെ മോനും നിന്നെപ്പോലെ തന്നെ മിടുക്കനായിരുന്നു.

തുടർന്നുള്ള യാത്രയിൽ ആ വൃദ്ധൻ ജീവിതം മുഴുവൻ ആ യുവാവിന്റെ മുമ്പിൽ തുറന്നു വച്ചു. അവർ ഇരുവരും ആ അഡ്രസ്സുകാരന്റെ വീടിനുമുന്നിൽ ചെന്ന് ഡോറിനു മുട്ടി. പെട്ടെന്ന് ഒരാൾ ആ വാതിൽ തുറന്ന് പുറത്തുവന്നു.

“ആ അച്ഛാ ഇതാ ഞാൻ പറഞ്ഞ രവി , ഞാൻ പറഞ്ഞില്ലേ ഇത് രവിയുടെ അഡ്രസ്സാണെന്ന്.”

"അപ്പോൾ എന്റെ മോൻ " ഒരു ഞെട്ടലോടെ അയാൾ ചോദിച്ചു.

“അച്ഛൻ വാ നമുക്ക് ഇവനോട് തിരക്കാം.”

അവർ കാര്യ മെല്ലാം രവിയോടും പറഞ്ഞു.

എനിക്ക് നിങ്ങൾ പറഞ്ഞ ഇയാളെ അറിയാം. ഏറെനാൾ എന്റെ റൂം മേറ്റ് ആയിരുന്നു. പക്ഷേ.”

പക്ഷേ, അയാൾ ഇപ്പോൾ എവിടെ രവീ?

അത്...അത് അയാളെ കാണാതായിട്ട് ഇപ്പോൾ ഒന്നരമാസമായി ഞാൻ കരുതിയത് അയാൾ തന്റെ വീട്ടിൽ എത്തിയിരിക്കുമെന്നാണ്.

പെട്ടെന്ന് ഒരു കഠിന നൊമ്പരം ആ പിതാവിന്റെ മനസ്സിനെ ഇളക്കി മറിച്ചു.എങ്കിലും അയാൾ അത് പുറത്തുകാണിച്ചില്ല.അവർ മൂവരും അയാളെ തിരക്കി
കുറെ നടന്നെങ്കിലും ഒരു വിവരവും ലഭിച്ചില്ല.അങ്ങനെ അയാൾ തിരിച്ച് നാട്ടിലേക്ക് യാത്രയായി ഒപ്പം സുരേഷും ഉണ്ടായിരുന്നു. ഒരു കുറ്റൻ ഭാരവുമായി തന്റെ വീടിനുമുന്നിൽ എത്തിയ അയാളെ വരവേൽക്കാൻ ഒരു കൂട്ടം ജനങ്ങൾ ആ വീടിനുമുന്നിൽ തടിച്ചു കൂടിയിരുന്നു. അതിനിടയിൽ കരച്ചിലും അയാളുടെ കാതുകളെ തിരക്കിയെത്തി.

അയാൾ ഒരു ഞെട്ടലോടെ വീടിനുള്ളിലേക്ക് ഓടിക്കയറി. പുറകെ സുരേഷും. അയാൾ അവിടെ കണ്ടത് കൃത്യമായി ചികിത്സ കിട്ടാതെ മകനെയും അന്വേഷിച്ചുപോയ അച്ഛനേയും കാത്ത് മൃതശരീരമായി കിടക്കുന്ന ആ ശരീരത്തിനു മുന്നിൽ ആദ്യമായി ആ കണ്ണുകൾ കരകവിഞ്ഞൊഴുകുന്നത് കണ്ട് നാട്ടുകാർക്ക് സങ്കടം സഹിക്കാനായില്ല. ഒടുവിൽ ആ വീട് ഒരു കണ്ണീർ പുഴയായി മാറി.

ആളൊഴിഞ്ഞു. ഒടുവിൽ ആ വീട്ടിൽ ആ വൃദ്ധപിതാവും സുരേഷും മാത്രം.

അച്ഛാ.....അച്ഛനെന്റെ കൂടെ ഡൽഹിക്കു വന്നു കൂടെ നമുക്ക് അവിടെ നിന്ന് അച്ഛന്റെ മകനെ അന്വേഷിക്കണം '

'വേണ്ട ! എനിക്ക് ഇവിടെ കൂട്ട് എന്റെ ഭാര്യ ഉണ്ട്. അവളുടെ സൗഹൃദവും താരാട്ടും എന്നും  എന്റെ കൺമുന്നിലുണ്ട്. പിന്നെ കാത്തിരിക്കാൻ എന്റെ പൊന്നോമനയും..

പിന്നെ അയാൾ മറുത്ത് ഒന്നും പറഞ്ഞില്ല. ദിവസങ്ങളും മാസങ്ങളും കടന്നു പോയി. ഇന്നും തന്റെ ഭാര്യയുടെ താരാട്ടും കേട്ട് അതിൽ ലയിച്ച് അയാൾ തന്റെ മകനെ അണയാത്ത വെളിച്ചവുമായി ഏതു കൂരിരുട്ടിലും കാത്തിരിക്കുന്നു......



കവിത

# എല്ലാം നഷ്ടപ്പെട്ട ആൾ

അവനവിടെ തനിച്ചിരിക്കുന്നു
ആരോടുമൊന്നും മിണ്ടുവാനാകാതെ
ഏകനായവൻ തനിച്ചിരുന്നു.
പഴയകാല സ്മരണയിൽ മൂകനായി
അവനുമ്മറക്കോലയിൽ തനിച്ചിരുന്നു
ഒന്നുമേ മിണ്ടാതെയൊന്നും പറയാതെ
അവൻ തനിച്ചിരിക്കുന്നു

കർക്കടകത്തിലെയൊരു പേമാരിയിൽ
തന്റെയച്ഛനെയന്നവനു നഷ്ടമായി
ഇക്കഴിഞ്ഞ പെരുംതുലാമഴയിൽ
അവന്റെ പെറ്റമ്മയെയുമേ നഷ്ടമായി



സ്വജീവിതമൊരു മഴപോലെയാകുന്നു
ആർക്കുവേണ്ടിയിനി പെയ്തു തീർക്കാൻ!
ആർക്കുവേണ്ടിയിനി ജീവിക്കണമെന്ന
ചോദ്യമവനിലവശേഷിച്ചിടുന്നു
ഇനിയെന്തുചെയ്യുമിനിയെന്തുചെയ്യും
അവനൊന്നുറക്കെക്കരയണമെന്നുണ്ട്
അതിയായ മോഹമവനു മുന്നിലുണ്ട്
പക്ഷെയവനു കഴിയുന്നതില്ല

സങ്കടത്താൽ സ്വരം നഷ്ടമായി...
ഒന്നു നിലവിളിക്കാൻ കഴിയാതെ
അവനുമ്മറത്തിണ്ണയിലേകനായി
ചിറകു കരിഞ്ഞൊരു പറവയായി........



കഥ

# വിശപ്പടക്കാൻ........

വിയർപ്പുകണങ്ങൾ തുടച്ചുകൊണ്ട് അയാൾ ചോരകിനിയുന്ന കാലുകളിലെ വേദന കടിച്ചമർത്തുകയായിരുന്നു. എങ്ങനെയെങ്കിലും കുറച്ച് ഭക്ഷണം കണ്ടെത്തണം, അതുമാത്രമായിരുന്നു അയാളുടെ ലക്ഷ്യം. എങ്ങെങ്ങെന്നില്ലാത്ത ആ യാത്രയിൽ അയാൾ ഏകനായിരുന്നു. കുറച്ചു ഭക്ഷണത്തിനു വേണ്ടി വിലപിക്കുന്ന തന്റെ പൊന്നോമനയുടെ കണ്ണുനീരായിരുന്നു അയാളുടെ മനസ്സിൽ. ഏകനായ അയാളെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത് അയാളുടെ മകനാണ്.

അയാൾ ഏകനായിരുന്നു. ഭാര്യ മരിച്ചിട്ട് ഇന്നേക്ക് അഞ്ച് കൊല്ലം തികയുന്നു. മകന്റെ ജനനത്തോടെ അമ്മയുടെ ജീവിതം അസ്തമിച്ചു. ചെത്തുപണിക്കാരനായ അയാൾ ഒരു ദിവസം തെങ്ങിൽ നിന്നും വീണു. അതോടെ അയാളുടെ ഒരു കാൽ നഷ്ടപ്പെട്ടു. കടം കേറി മുടിഞ്ഞപ്പോൾ വീടും പോയി. ഇപ്പോൾ പുറംപോക്കു ഭൂമിയിലെ ഒരു ചെറ്റകുടിലിലാണ് താമസം. ഒറ്റക്കാലും താങ്ങി അയാൾ ഓരോ വീടും കയറിയിറങ്ങി. എന്നാൽ അയാളെ കള്ളനായി ചിത്രീകരിച്ചതല്ലാതെ വിശപ്പടക്കാൻ കുറച്ചാഹാരം ആരും നൽകിയില്ല മൂന്നു ദിവസമായി അയാളും മകനും ഭക്ഷണം കഴിച്ചിട്ട്. അച്ഛന്റെ അവസ്ഥയറിയാവുന്ന മകനും ഒന്നുംപറഞ്ഞില്ല . എങ്കിലും കുഞ്ഞിന് വിശപ്പ് സഹിക്കാതായപ്പോൾ കണ്ട പുല്ലും മണലും വാരിത്തിന്നാൻ തുടങ്ങി. ഇത് കണ്ട് സഹിക്കാനാവാതെ ആ ഒറ്റക്കാലും വച്ച് അലയുകയാണ് അയാൾ. എവിടെന്നെന്നില്ലാതെ...

നടന്നു തളർന്ന അയാൾ ഒരു വലിയ മതിൽക്കെട്ടിൽ ചാരിനിന്നു കണ്ണു ചിമ്മി.


"ഡോ.... മതില് തൊട്ട് വൃത്തികേടാക്കാതെ ഇറങ്ങിപ്പോഡോ...."

ഒരു വലിയ ചൂരലുമായി ഒരു സെക്യൂരിറ്റി അവിടെ പ്രത്യക്ഷപ്പെട്ടു.

അയാൾ കണ്ണുതുറന്നു.

'വെള്ളം.... വെള്ളം....... വെള്ളം'

അയാൾ കേണു.



'വെള്ളം വേണേൽ ആ പൈപ്പീന്റെ ചോട്ടിൽ  കാണും പോയികുടീ......

സഹതാപം  കൊണ്ടാണെന്ന തോന്നാം, സെക്യൂരിറ്റി  അയാളെ  പൈപ്പിന്റെ ചോട്ടിൽ കൊണ്ടു നിർത്തി. അലക്ഷ്യമായി ഇറ്റിറ്റു വീഴുന്ന വെള്ളം അയാൾ ആർത്തിയോടെ കുടിച്ചു.

പെട്ടന്ന് മിന്നായം പോലെ തന്റെ മകന്റെ നിലവിളി അയാളുടെ  കാതിൽ പ്രതിധ്വനിച്ചു...  അയാൾ അവിടെന്നെഴുന്നേറ്റ് വേച്ച്  വേച്ച്  നടന്നു... ആ വലിയ വീടിന്റെ ഗേറ്റിന്റെ ഇഴകളിലൂടെ  ഒരു ബലിഷ്ഠമായ നായ തന്റെ സ്വന്തം പാത്രത്തിൽ ഭക്ഷണം ആവേശത്തോടെ നക്കിത്തിന്നുന്നത് അയാൾ ആർത്തിയോടെ നോക്കിനിന്നു. ശേഷം ഒച്ചുകൾക്ക് സമം അയാൾ ഇഴഞ്ഞു.

ആ സായാഹ്നത്തിൽ നടന്നു തളർന്ന് ഹോട്ടൽ വരാന്തയുടെ മുന്നിൽ അയാൾ മിഴിച്ചു നിന്നു. അലക്ഷ്യമായി വലിച്ചെറിയുന്ന ആ ഭക്ഷണസാധനങ്ങൾ അയാൾ പെറുക്കിയെടുക്കവേ,  എവിടെ നിന്നോ പരക്കുന്ന ഒരു ഗന്ധം അയാളെ ഉണർത്തി. അയാളുടെ കണ്ണുകളിൽ പ്രതീക്ഷ നിറഞ്ഞു. ഹോട്ടലിന്റെ അടുക്കളയിലെ തുറന്ന വാതിലിൽ അയാൾ നടന്നു നീങ്ങി....

ഏതോ പച്ചിലയിൽ പൊതിഞ്ഞു വച്ച ആ പാത്രം അയാൾ തുറന്നു.

എടാ കള്ളാ...

ആ വിളിയിൽ അയാൾ താഴെ വീണു. വിറയ്ക്കുന്ന കൈകൾ അയാൾ കൂപ്പി.

ഞാൻ കള്ളനല്ല...

ഏതോ കൈയിൽ കിട്ടിയ വടി അപരിചിതൻ അയാൾക്കു നേരെ എറിഞ്ഞു. തൽക്ഷണം അയാൾ താഴെ പതിച്ചു...

എന്താ എന്താ പറ്റിയേ..

എവിടെ നിന്നോ കുറെ ആൾക്കാർ ഓടിവന്നു.

ഒരു കള്ളനെ പിടിച്ചതാ...

അവർ നടന്നു നീങ്ങുമ്പോൾ അവർ എന്തോ പിറുപിറുക്കുന്നുണ്ടായിരുന്നു.

സംഭവം നേരിൽ ദർശിച്ച ഒരു മാന്യൻ അയാളെ വിളിച്ചെഴുന്നേൽപ്പിച്ചു.

തനിക്കൊന്നും കക്കാതെ നടന്നൂടെ?

അപമാനത്തിന്റെയും  നിരപരാധിത്വത്തിന്റെയും  വേദനയുടെയും  ചുടുകണ്ണീർ അയാളുടെ ചുക്കിചുളിഞ്ഞ  നിറം മങ്ങിയ കവിളിലൂടെ ഒലിച്ചിറങ്ങി.

ഇനി കരയണ്ട....  എവിടെയാ പോണ്ടേന്ന് വച്ചാൽ .....ഞാൻ കൊണ്ടു വിടാം.

വേണ്ടാ ...

സഹതാപത്തോടെ ആ മാന്യൻ നടന്നു.

അയാൾ വേച്ചു വേച്ചു നടന്നു. ചോര കിനിയുന്ന കാൽപ്പാടുകൾ മറച്ചയാൾ നടന്നു നീങ്ങുകയാണ്. തന്റെ മകന്റെ കണ്ണുനീർ തുളുമ്പുന്ന മുഖം....... അയാളുടെ മനസ്സിൽ തങ്ങി നിന്നു. ശൂന്യമായ കൈകളോടെ മകന്റെ മുന്നിൽ എത്തുന്ന തന്റെ നിസ്സഹായതയെ മകൻ കാണുന്നത്, കണ്ണുനീരോടെ അച്ഛാ വിശക്കുന്നു എന്നു പറയുന്ന മകനെ അയാൾക്ക്

കാണാൻ കഴിയുമായിരുന്നില്ല. തന്റെ സങ്കടങ്ങളും വേദനകളും ദുരിതങ്ങളും അയാൾ കടിച്ചമർത്തി.....

അയാൾ ചുറ്റുപാടും തിരഞ്ഞു. പെട്ടെന്ന് അയാളുടെ ദൃഷ്ടിയിൽ അതു കണ്ടു. തുരുമ്പിച്ച ഒരു കഠാര...... അയാളുടെ ജീവിതാവസാനവേളയിൽ മകനെ കുറിച്ച് പോലും ചിന്തിച്ചില്ല..... മരണത്തെ ജീവിതത്തിൽ ആദ്യമായും അവസാനമായും ഒരു ചെറു പരിഹാസത്തോടെ അയാളുടെ കൈകളിൽ അയാൾ അമ്മാനമാടുകയാണ്...

ഒരു നിമിഷം ദൈവമേ എനിക്കെന്തിനാണീ ജീവിതം പ്രതീക്ഷിക്കാതെ ആ തുരുമ്പിച്ച കഠാരയുടെ മുന അയാളുടെ വിശപ്പസ്തമിക്കാത്ത വയറിലേക്ക് തുളച്ചുകയറി. എന്നുമയാൾ ഏകനായിരുന്നു. ഈ മരണവേദനയിലും അയാൾ എന്നെന്നും ഏകനായി.

അച്ഛന്റെ വരവും കാത്ത് വിശപ്പടക്കി ആ മകൻ ഇന്നും ആ മുറ്റത്ത് കണ്ണുനീരോടെ കാത്തിരിക്കുന്നു..........



കവിത

# കൂട്ടുകാർ നമ്മൾ



വിജനമാം ഭൂമിക്കു തണലല്ലേ നീ,
ജീവന്റെയാരംഭത്തിന്നുറവിടം നീ.

പച്ചയാം നീയെന്റെ കൂട്ടുകാരൻ,
പ്രകൃതിതൻ നിറവിലെ വരദാനം നീ.

തണലേകി നീയെന്റെ അമ്മയായി,
മടിയിലിരുത്തിയെൻ അച്ഛനായി.

നീയെന്നും ഭൂമിക്കു കവചമായി,
ഞാനെന്നും ഭൂമിക്കു ശത്രുവായി.

നീയെന്നും ഭൂമിക്കു തണലുനൽകി,
ഞാൻ നൽകി ഭൂമിക്കു സങ്കടങ്ങൾ.

എങ്കിലും ഞാൻ നിന്നെ മറന്നു പോയി,
വെട്ടിയെടുത്തങ്ങ് കൊണ്ടുപോയി.

ഇനിയെന്നു നമ്മൾ കണ്ടുമുട്ടും.........
ഇനിയെന്നു നമ്മൾ കണ്ടുമുട്ടും............

കഥ

# അശ്രദ്ധ


എത്രയും വേഗം ആശുപത്രിയിൽ എത്തിക്കണം എന്ന ചിന്ത മാത്രമായിരുന്നു അയാൾക്ക്. ചെരുപ്പ് നേരെയാകുന്നേയില്ല. സമയം അയാളെ കാത്തുനിൽക്കാതെ ഓടി കൊണ്ടിരിക്കുകയാണ്. അവസാനം തന്റെ ചെരുപ്പ് ഉപേക്ഷിച്ച് അയാൾ ഓടി തുടങ്ങി. മനസ്സിൽ മകളെ കുറിച്ചുള്ള ചിന്ത മാത്രമായിരുന്നു.

ഒരുപാട് നേർച്ചകൾനേർന്ന് കാത്തിരുന്നു കിട്ടിയ മകളാണ്. കണ്ണേ പൊന്നേ എന്നു വിളിച്ച് കഷ്ടപ്പാടറിയാതെ വളർത്തി എന്നിട്ടിപ്പോൾ താൻ കാരണം തന്റെ മക്കളിങ്ങനെ കിടക്കേണ്ടിവന്നതിൽ അയാൾക്ക് അതിയായ ദുഃഖംതോന്നി.

നാളെ ഓണമായതിനാൽ മാർക്കറ്റിൽ പച്ചക്കറിയും പൂവും വാങ്ങാനെത്തിയ തായിരുന്നു അവർ. ഭാര്യയെ ധിക്കരിച്ചാണ് അയാൾ മക്കളെയും കൊണ്ടിറങ്ങിയത്. കാലൻ നാഴികമണി മുഴക്കി അവരുടെ പിന്നാലെ വരുന്നുണ്ട് എന്ന് അവർ അറിഞ്ഞിരുന്നില്ല. ഒരു നിമിഷത്തെ അശ്രദ്ധ... ഒന്നവളുടെ കൈ പിടിച്ചെങ്കിൽ, ചേർത്തു നിർത്തിയിരുന്നെങ്കിൽ ആ ലോറി അവളെ ഇടിച്ചു തെറിപ്പിക്കില്ലായിരുന്നു. അലറിക്കരയാൻ തൊണ്ടയിൽ നിന്നും ശബ്ദം പൊന്തിയില്ല. വാരിയെടുത്ത് പാഞ്ഞു ആശുപത്രിയിലേക്ക്. പണമില്ലായ്മ അവിടേയും തന്നെ തോൽപ്പിച്ചു കളഞ്ഞു.

ഡോക്ടർ ചോദിച്ചു, എവിടെ പണം? തന്റെ ദയനീയാവസ്ഥ കണ്ട് ഡോക്ടർ പറഞ്ഞു. കുട്ടിയെ ഇവിടെ കിടത്തൂ, എന്നിട്ട് പണം കൊണ്ടു വരൂ അല്ലെങ്കിൽ കുട്ടി........

കേട്ടപാതി കേൾക്കാത്ത പാതി അയാൾ വീട്ടിലേക്കോടി. ആരോടും ഒന്നും പറയാൻ നിന്നില്ല. ഉള്ളതെല്ലാം വാരിക്കൂട്ടി ആശുപത്രിയിലേക്ക് ഓടി. പക്ഷേ അയാൾ എത്തുമ്പോഴേക്കും മകളുടെ അവസാന ശ്വാസവും നിലച്ചിരുന്നു.




പടവ്

കവിത

# എന്റെ തണൽ മരം

സ്നേഹമയിയാമമ്മ
മാമൂട്ടുന്ന, പിച്ചവെക്കാൻ,
നടക്കാൻ, പഠിപ്പിക്കുന്നൊരെന്നമ്മ
അമ്മിഞ്ഞപ്പാലൂട്ടുന്നൊരമ്മ
താരാട്ടുപാടിയുറക്കുന്ന
സ്നേഹത്തണലാണമ്മ
ആ തണലിൽ ഞാൻ
പിച്ചവെച്ചു നടന്നു
കളിച്ചു രസിച്ചു വളർന്നു
ആ മാറിടത്തിൽ ഞാൻ
തല ചായ്ച്ചുറങ്ങിയ സന്ധ്യകൾ
പിന്നിടുന്നു ദൂരേയ്ക്ക്,
അങ്ങകലേയ്ക്കാ ഓർമകൾ
മാഞ്ഞിടുന്നു മറയുന്നു മങ്ങുന്നു
ഇന്നാ അമ്മതൻ
തുടുത്ത കവിൾത്തടങ്ങൾ
ചുക്കുന്നു ചുളിയുന്നു.
ഒന്നെഴുന്നേൽക്കാൻ ശേഷിയില്ലാ-
ക്കാലുകൾ വിറങ്ങലിക്കുന്നു
എന്തു ചെയ്യേണ്ടൂവെന്നു ഞാനോർത്തു
ഒടുവിൽ... ഒടുവിൽ ഞാനും
എന്നമ്മയെയിരുട്ടിൽ,
നിലാവിന്റെയിത്തിരിവെട്ടത്തിൽ,
തെരുവിലുപേക്ഷിച്ചു.
ആ തണൽമരമെനിക്കു നഷ്ടമായ്
അല്ല, ആ തണൽമരത്തെ
ഞാൻ മുറിച്ചു...
ചുട്ടുപൊള്ളുമീ രാത്രിയിൽ
ഞാൻ കൊതിക്കുന്നു
ആ തണലിൻ തണുപ്പിനായ്...

അരുതേ മക്കളേ ഇനിയാരും,
ആരുമാ തണൽമരങ്ങൾ മുറിക്കരുതേ...



കഥ

# Maternity

It had been two hours I am waiting for the train. He was getting restless. He would have to go to Kozhikode very urgently. He don't know what is happening and what will happen. He would have to care his wife and children. so he is impatient and train is not arrived till.

He is a big business man in Delhi. He would have to complete many works. So doesn't mind his parents but he love his wife and children very much. Now he impatient. But he is always avoid his mothers calls and doesn't gave hear for his calling his fathers advice. But now he is calling his mother, who died with her own cruel sons mind that money is valuable than others.

Now he know what is valuable because he is in that position of that mother. She is always care him and never scold him even though he loss her in a orphanage. Now he is it orphan and will be orphan it he can't reach their at time. It's not the problem of a business meeting. This problem is made by impatient and why he left his family alone there

He thinks the horror of a flood in his childhood but then he don't want to took his family and not to look him. But now he is very tensed.

David Morgan is crying sitting on the bench. He don't know what will he do .

When closed his eyes he saw his mother they she said don't cry my boy nothing will happen to your family. Your mother is here for here.

They he saw the arrived of the train. He understand the care of maternal body. She didn't make her son and orphan with full of hope he entered in the train and with the bless of mother the train start its blessing journey.



കവിത

# നിശബ്ദമീ നിലവിളി

നിൻ മൃദുവായ ദേഹത്തിൽ
ഈ ദയനീയമാം വേളയിൽ
ആരാണീ ക്രൂരമ്പുകൾ നിൻ
നേർക്കെയ്തു വസുധേ?
ഇന്ന നിൻ ദേഹവും നിന്നെ
കൈവെടിഞ്ഞോ?

ഇന്നലെ കണ്ട നദിയുടെ ഈണവും
കുയിലിന്റമെ നാദവും കാറ്റിന്റെ മൂളലും
ഇന്ന നിനക്ക് നഷ്ടമായല്ലോ?
ഭൂമിയുടെ തേങ്ങലെൻ കാതിന്റെ
ദുഃഖമായ് മാറുന്നീ വേളയിൽ മൂർച്ചിച്ചിട്ടുന്ന
വിത്തിട്ട നെൻമണിക്കമ്മയായ് മാറവേ
നിൻ ഉദരത്തിൽ നിന്നുദിച്ച വന്ന



ഇന്നോ നിൻ തേങ്ങലറിയാതെ നെന്മണി
മാനവർ തന്നുടെ അന്നമായ് മാറവേ
കഠിന ഹൃദയരാമാനവതേ നിന്നെ
കഠിനമായി ദ്രോഹിക്കുകയാണീ വേളയിൽ
മണ്ണമാന്തുന്നൊരു യന്ത്രമുപയോഗിച്ച്
നിൻ മേനിയിൽ മാന്തിപ്പറിക്കുന്ന പാപികൾ
ഇനി വിളയുമോ നിൻ മേനിയിൽ
ഒരിക്കൽ കൂടി ആ നെന്മണിക്കതിരുകൾ?

നിന്റെ തേങ്ങലിലോ അവർ കെട്ടി-
പ്പടുക്കുന്ന സൗധങ്ങളും നിന്നെ
അമർച്ച ചെയ്യുന്നവോ?
നിന്റെ തേങ്ങലിൽ കണ്ണീർ തുള്ളിയായി
മാറുന്ന അരുവിയും പുഴകളും
ഇന്ന്
തിന്മതൻ വർണ്ണത്തിൽ കെട്ടിക്കിടക്കുന്ന
ഇനി ആരുനിൻ തേങ്ങലറിയും

നിന്റെ നിലവിളി എങ്ങനെ കേൾക്കും?
നിശബ്ദമായ തേങ്ങലിൽ ദുഃഖിക്കാൻ...

കവിത

# मत  कहो , आप बेटी है ।

मैं बेटा नहीं  बेटी हैं चाचा
नहीं इस समान मत कहो
लेकिन क्यूँ मत  ।
क्यों की ये  मानव समाचार है ।
यहाँ बेटी मत  ।
लेकिन ये क्या ?
माँ बेटी हैना ?
हाँ , लेकिन आपको मेरे समान
देखना को मैं मत चाहिए  ।
क्या तुम्हें मालूम यह समाज
वह नारियों का एक घास
के सात देखा है ।
क्या तुम बोलता है
कि तुम बेटी है  ।
वह तुम्हें भी. . . .
लेकिन माँ मैं बेटी है
लेकिन मैं बडा शक्ती हैं  ।
मैं नहीं चाहती आपको एक
घर में छोटा उम्र में
बडी काम करना  ।
इसलिए बेटी मत कहो
आप  बेटी  है  ।
और यह भी मैं नहीं चाहती
एक पुरुष के हाथ में
आप ही फूल
धरती मैं . . . . .
में नहीं चाहती
मत कहो आप बेटी हैं  ।



കഥ

# ജീവന്റെ വില

പൊരിവെയിലിന്റെ തുളയ്ക്കുന്ന താപശരങ്ങളെ അവഗണിച്ചുകൊണ്ട് അയാൾ മണ്ണിനെ പൊന്നണിയിക്കുന്നതിന്റെ വ്യഗ്രതയിലാണ്. അയാൾക്ക് തന്റെ കാഴ്ച മങ്ങുന്നതുപോലെ തോന്നി. കാലുകളിടറുന്നു. പെട്ടെന്നയാൾക്കു നിലതെറ്റി. ബോധം മറഞ്ഞു.

നിർത്താതെയുള്ള അധ്വാനം മൂലം അയാൾ വളരെയധികം ക്ഷീണിച്ചിരുന്നു. മകളുടെ ജീവനുവേണ്ടി അയാൾ തന്റെ മരണത്തോട് മല്ലിടുന്നു. വെറുമൊരു കൂലിപ്പണിക്കാരനായ അയാൾക്ക് തന്റെ മകളുടെ ജീവൻ കയ്യെത്താദൂരത്തായി തോന്നി. പത്താം തരത്തിൽ പഠിക്കുന്ന, അവളുടെ രോഗം ഭേദമാക്കാനുള്ള ചെലവ് അയാളെ സംബന്ധിച്ച് വളരെ വലുതായിരുന്നു. രണ്ടുദിവസത്തിനകം പണമെത്തിക്കണമെന്ന് ഡോക്ടർ പറഞ്ഞപ്പോൾ അയാൾക്കിതല്ലാതെ മറ്റൊരു മാർഗവുമില്ലായിരുന്നു. രാവും പകലും നിർത്താതെ പണിയെടുത്താലും 2 ലക്ഷം രൂപ അയാൾക്ക് കയ്യെത്തുന്ന ദൂരത്തല്ല. എങ്കിലും എങ്ങനെയെങ്കിലും പണം സ്വരൂപിക്കാൻ അയാൾ ശ്രമിച്ചുകൊണ്ടേയിരുന്നു.

ബോധം വന്നപ്പോൾ അയാൾ ആശുപത്രി കിടക്കയിലായിരുന്നു. ആരൊക്കെയോ കൂടി ആശുപത്രിയിലെത്തിച്ചിരുന്നു. എന്നിട്ടും അയാളുടെ ചിന്ത അതുമാത്രമായിരുന്നു. പണം. എങ്ങനെയെങ്കിലും അതുണ്ടാക്കാനുള്ളവിദ്യ അയാൾ മനസ്സിലുരുക്കിയുണ്ടാക്കി.

വീട്ടിൽ തിരിച്ചെത്തിയപ്പോഴും അയാളുടെകണ്ണിൽ നിന്നും കണ്ണീർ ഊർന്നു വീണുകൊണ്ടിരുന്നു. മകളുടെ കാലിൽമുറുകെ പിടിച്ചുകൊണ്ട് അയാൾ കരഞ്ഞു. കരഞ്ഞുകൊണ്ടേയിരുന്നു.

ടെലിഫോൺ ബെല്ലടി കേട്ടാണ് അവൾ എഴുന്നേറ്റത്. ഫോണെടുത്ത് ചെവിയിൽ വച്ച ഉടനെ അത് ശബ്ദിച്ചു.

“മിസ്റ്റർ ചന്ദ്രൻ താങ്കളുടെ വൃക്ക വിറ്റതിന്റെ പണം ഞങ്ങളിന്ന് ആശുപത്രിയി ലേക്ക് എത്തിക്കും. തങ്കളുടെ മകളുടെ ഓപ്പറേഷൻ നടക്കട്ടെ.”

ഒരു ചെറിയ ആളലോടെ അവൾ അച്ഛന്റെ അടുത്തേക്കോടി. എന്നാൽ അപ്പോഴേക്കും ആ താളം നിലച്ചിരുന്നു.

അവൾ ഉറക്കെ അലറി.

അച്ഛാാാാ...............

ലേഖനം

# ഇന്ത്യ വാക്കുകളിലൊതുങ്ങുന്നതല്ല

ഇന്ത്യ നമ്മുടെ മാതൃരാജ്യം. നമ്മൾക്കുള്ള സർവ്വവും നേടിത്തന്ന രാജ്യം. ഇന്ത്യക്കാരൻ എന്ന നിലയിൽ നാം ഒട്ടേറെ കാര്യങ്ങളിൽ അഭിമാനിക്കുന്നു. ഗാന്ധിജിയുടെയും നെഹ്റുവിന്റെയും രാജ്യം. ഒട്ടേറെ കാര്യങ്ങളിൽ ഇന്ത്യൻ ജനത ലോകത്തെ അതിശയപ്പെടുത്തിയിട്ടുണ്ട്. പശ്ചിമഘട്ട മലനിരകളും ഗംഗയും, സിന്ധുവും പ്രണയകുടീരമായ താജമഹലും നമ്മൾ ഇന്ത്യക്കാരെ പോലും അതിശയപ്പെടുത്തിയതാണ്.

സ്വാതന്ത്ര്യത്തിനു വേണ്ടി ഒട്ടേറെ കാര്യങ്ങൾ ത്യജിച്ചവരാണ് നമ്മൾ ഇന്ത്യക്കാർ. ബ്രിട്ടീഷുകാരുടെ ക്രൂരമായ ചൂഷണത്തിനെതിരെ തോൽക്കാതെ പോരാടിയവരാണ് നമ്മൾ. ഗാന്ധിജി നമ്മോട് പറഞ്ഞു, “പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക". ഈ മുദ്രവാക്യം ഉയർത്തിപ്പിടിച്ച് സ്വാതന്ത്ര്യം ലഭിക്കുന്നതു വരെ പോരാടി.

വൈവിധ്യങ്ങളുടെ കാര്യത്തിൽ ഇന്ത്യക്കാരൻ എന്ന നിലയിൽ നമുക്ക് അഭിമാനിക്കാം. 28 സംസ്ഥാനങ്ങളിൽ ഒതുങ്ങുന്നതല്ല നമ്മുടെ ഇന്ത്യ. ഒട്ടേറെ സൗന്ദര്യം നിറഞ്ഞ ഒരുപാട് കാര്യങ്ങൾ നമ്മുടെ ഇന്ത്യയിൽ ഉണ്ട്. നീലക്കുറിഞ്ഞികൾ പൂത്തു



നിൽക്കുന്ന പശ്ചിമഘട്ടവും പ്രണയവും വിരഹവും ഓർമ്മിപ്പിക്കുന്ന താജ്മഹലും വീരത്വത്തെ ഓർമ്മിപ്പിക്കുന്ന ചെങ്കോട്ടയും ടിപ്പുവിന്റെ പടയോട്ടവീര്യത്തെ ഓർമ്മിപ്പിക്കുന്ന മൈസൂർ പാലസും ബേക്കൽ കോട്ടയും കുത്തബ്മിനാറും ഇന്ത്യാഗേറ്റും ഇന്ത്യയിലെ ചില വൈവിധ്യങ്ങൾ മാത്രം.

നമ്മുടെ ഇന്ത്യയിൽ ഓരോ സംസ്ഥാനത്തിനും തനത് ഭാഷയും സംസ്കാരവും ആചാരവുമുണ്ട്. നമുക്കിതിൽ നിരവധി വൈവിധ്യങ്ങൾ കാണാനാവും. കേരളത്തിലെ ജനങ്ങൾ മലയാളവും, തമിഴ്നാട്ടിലെ ജനങ്ങൾ തമിഴും സംസാരിക്കുന്നു. ഭാഷയിൽ മാത്രമല്ല വസ്ത്രധാരണത്തിലും ഭക്ഷണത്തിലും ഈ വൈവിധ്യം കാണാം.

ആഘോഷങ്ങളുടെ കാര്യത്തിൽ ഇന്ത്യൻ ജനതയെ പിൻതള്ളാൻ ആർക്കും കഴിയില്ല. കേരളത്തിൽ തന്നെ നാം ഒട്ടേറെ ആഘോഷങ്ങൾ നടത്തുന്നു. അസുര ചക്രവർത്തിയായ മഹാബലിയുടെ ഓർമ്മകൾ അനുസ്മരിക്കുന്ന ഓണവും, വിഷുവും, ക്രിസ്തുമസും പെരുന്നാളും ഇവയിൽ ചിലതുമാത്രം. കേരളത്തെപ്പോലെ ഉത്തരേന്ത്യൻ ജനത ഹോളിയും തമിഴ്നാട്ടുകാർ പൊങ്കലും കൊണ്ടാടുന്നു.

ഇതുപോലെയാണ് ഇന്ത്യൻ ആചാരങ്ങളും. ഹിന്ദുക്കൾ അമ്പലത്തിലും ക്രൈസ്തവർ ചർച്ചിലും മുഹമ്മദീയർ പള്ളിയിലും അവരുടെ ദൈവങ്ങളെ ആരാധിക്കുന്നു. നമ്മുടെ ആരാധനാസ്വാതന്ത്ര്യത്തെ ആർക്കും തോൽപ്പിക്കാൻ കഴിയില്ല. ഇന്ത്യയിലെ ആഘോഷങ്ങളും ആചാരങ്ങളും അനുഭവിച്ചറിഞ്ഞ സത്യമാണ്.

ഒരുപാട് ദേശീയനായകൻമാരുടെ രാജ്യമാണ് ഇന്ത്യ. നാം സ്നേഹപൂർവ്വം ബാപ്പുജി എന്ന് വിളിക്കുന്ന ഗാന്ധിജിയും ചാച്ചാജി എന്ന് വിളിക്കുന്ന നെഹ്റുവും ശ്രീനാരായണഗുരുവും, സ്വാമി വിവേകാനന്ദനും നമ്മുടെ അഭിമാനമാണ്. ജല സമൃദ്ധികൊണ്ട് അനുഗ്രഹമായി തീർന്നതാണ് ഇന്ത്യ. കേരളത്തിലെ ഏറ്റവും വലിയ നദിയായ പെരിയാറും ഗംഗയും ജലസമൃദ്ധിയുടെ ചെറിയൊരു ഭാഗമാണ്. ഹിമാലയം നമ്മുടെ അനുഗ്രഹമാണ്. വിസ്തൃതിയുടെ കാര്യത്തിൽ ഒരു ചെറിയ രാജ്യമാണ് ഇന്ത്യ. ഭൂമിയിൽ മാത്രമല്ല ചന്ദ്രനിലും ചൊവ്വയിലും നാം നമ്മുടെ ശക്തി കാണിച്ചു. ചന്ദ്രനിൽ ചന്ദ്രയാനിലൂടെ നമ്മുടെ വിജയം കാണിച്ചു.

ഓരോ വിഭാഗങ്ങളിലും ചരിത്രം കുറിച്ച ഇന്ത്യൻ ദേശീയത കൊടുമുടി കയറുകയാണ്. ഇതിൽ ഒതുങ്ങുന്നതല്ല ഇന്ത്യൻ വൈവിധ്യം. അത് കണ്ടറിയേണ്ട ഒരു സത്യമാണ്.

ലേഖനം

# നാട്ടുവൈദ്യം



**മഞ്ഞൾ**

മഞ്ഞളില്ലാത്ത വീടോ അത് ഉപയോഗിക്കാത്ത ദിവസമോ മലയാളികൾക്ക് ഉണ്ടാവുകയില്ല.അത്രയ്ക്ക് വേണ്ടപ്പെട്ടതായിട്ടും മഞ്ഞളിന്റെ ഔഷധവീര്യം നാം വേണ്ടപോലെ ഗ്രഹിച്ചട്ടില്ല എന്നതാണ് കൗതുകതരം . വിവിധരോഗങ്ങൾക്കെതിരായ മഞ്ഞളിന്റെ ഗുണഗണങ്ങൾ ദിനംപ്രതിയെന്നോളമാണ് ശാസ്ത്രമാസികകളിൽ അച്ചടിച്ചുവരുന്നത്. കാൻസറിനെതിരായ മഞ്ഞൾക്കരുത്ത് അതിൽ ഒന്നുമാത്രമാണ്.

കുർക്കുമ ലോംഗ (curcuma longa) എന്നതാണ് മഞ്ഞളിന്റെ ശാസ്ത്രനാമം. ഭാരതത്തിലാകെയും കാണപ്പെടുന്ന ഒരു ഔഷധസസ്യമാണിത്. ചൂടും ഈർപ്പവും നീർവാർച്ചയുമുള്ള മണ്ണിൽ സമൃദ്ധമായി വളരും. മണ്ണിൽ നിന്നും ഒരു മീറ്ററോളം ഉയരത്തിൽ വളരുന്ന ചെടിയുടെ ഇലകൾക്ക് മഞ്ഞകലർന്ന പച്ചനിറമാണ്. മണ്ണിനടിയിൽ വളരുന്ന പ്രകന്ദമാണ് ഭക്ഷ്യ- ചികിത്സാഭാഗം.

കുർക്കമിൻ എന്ന വർണ്ണവസ്തുവാണ് മഞ്ഞളിന് നിറം നൽകുന്നത്. ടർമറോൾ സുഗന്ധം ഉണ്ടാക്കുന്നു. ഭക്ഷ്യവിഷാംശങ്ങൾക്കെതിരായ ശക്തിയും ബാക്ടീരിയയെ പ്രതിരോധിക്കാൻ കഴിയുന്നതുമാവണം മഞ്ഞളിനെ ഇന്ത്യൻ അടുക്കളയിലെ കുടികിടപ്പുകാരനാക്കിയത്. വാതം, പിത്തം, ത്വക്ക് രോഗങ്ങൾ എന്നിവയെ ചെറുക്കാനും മഞ്ഞളിനാകും. പരസ്യങ്ങൾ നൽകുന്ന ചർമ്മകാന്തിയും പിൻബലത്തിൽ മഞ്ഞൾ നേടിയ വിശ്വസുന്ദരിപ്പട്ടം ഇന്ന ലോകമാകെയും കുളിമുറികളിലെ റാണിയായി മഞ്ഞളിനെ മാറ്റിയിരിക്കുന്നു



<u>ഔഷധഗുണവും ഉപയോഗരീതിയും</u>

1 മഞ്ഞളും മഞ്ഞളിലയും സേവിക്കുന്നതും അരച്ച് ലേപനം ചെയ്യുന്നതും ചർമ്മകാന്തികൂട്ടും.

2 മഞ്ഞൾപ്പൊടിയും നെല്ലിക്കാനീരും അമൃത്നീരും ചേർത്ത് സേവിച്ചാൽ പ്രമേഹം നിയന്ത്രിക്കാം.

3 പച്ചമഞ്ഞൾ അരച്ചുപൂശിയാൽ തേൾ, പഴുതാര, ചിലന്തി, ഇവ കടിച്ചുള്ള നീരും വേദനയും ശമിക്കും. മുറിവുണങ്ങും.

## തുളസി



തുളസി അപൂർവ ഔഷധഗുണങ്ങളുടെ കലവറയാണ്. ഒസിമം സാങ്ടം (Ocimum sanctum linn.) എന്നതാണ് തുളസിയുടെ ശാസ്ത്രനാമം. ഒരു മീറ്റർ വരെ ഉയരം വയ്ക്കുന്ന ഔഷധിയാണ് തുളസി. നീലകലർന്ന പച്ചനിറമുള്ള കൃഷ്ണതുളസിയാണ് കൂടുതൽ ഗുണസമ്പുഷ്ടം. പ്രതിരോധശേഷി കൂട്ടാനും ശ്വാസകോശരോഗം കുറയ്ക്കാനും ഇതിന് കഴിവുണ്ട്.

ആയുർവേദവിധിപ്രകാരം കടുരസവും രൂക്ഷഗുണവും ഉഷ്ണവീര്യവുമാണ് തുളസിക്കുള്ളത്. ത്വക്‌രോഗങ്ങളെ ശമിപ്പിക്കുകയും മൂത്രാശയത്തെ ഉദ്ദീപിപ്പിക്കുകയും ചെയ്യും. സമൂലം ഔഷധമാണ്.

ഔഷധഗുണങ്ങളും ഉപയോഗങ്ങളും

1. ഇലപിഴിഞ്ഞ നീര് ചെവിക്കുത്തിന് ചെവിയിലൊഴിക്കുവാൻ നല്ലത്.

2. വേർക്കഷായം മലമ്പനി അടക്കമുള്ള വൈറൽ പനികളെ മാറ്റും.

3.ഇലനീർ മൂന്നുനേരവും കണ്ണിലൊഴിച്ചാൽ ചെങ്കണ്ണ് പകർന്ന് കിട്ടുകയില്ല. ചെങ്കണ്ണ് ഉള്ളവർ ഇലനീർ മൂന്ന് മണിക്കൂർ ഇടവിട്ട് ഒഴിക്കുക. വേഗം സുഖപ്പെടും.

4. തുളസിനീരിൽ മഞ്ഞൾ അരച്ച് പുരട്ടിയാൽ ചിലന്തി, തേൾ വിഷം മാറും. ഉള്ളിലും കഴിക്കുന്നത് വിശേഷം.

## ചെറുനാരകം



ജീവകം സിയുടെ സമൃഷ്ടകലവറയാണ് ചെറുനാരകം. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലാകെയും സമൃദ്ധമായി വളരുന്ന ചെറുനാരകം നമ്മുടെ ഉഷ്ണകാലപാനീയങ്ങളിൽ മുഖ്യസ്ഥാനമുള്ള ഒരു പഴവും ധാരാളം ഔഷധഗുണവീര്യം അടങ്ങിയതുമാണ്. സിട്രസ് ഓറാന്റിഫോളിയ (citrus aurantifolia christm) എന്നാണ് ചെറുനാരകത്തിന്റെ ശാസ്ത്രനാമം. ഇറ്റലിയുടെ തീരങ്ങളിലും ചെറുനാരകം വ്യാപകമായി കൃഷിചെയ്തു വരുന്നു. നമ്മുടെ സാധാരണ ഉപയോഗങ്ങൾക്കുപുറമെ ഭക്ഷണഡിഷുകൾ അലങ്കരിക്കുവാനും ഫ്രൂട്ട്ജല്ലി, ഫർണ്ണിച്ചർ പോളിഷ് ഇവ ഉണ്ടാക്കുവാനും ഇന്നാട്ടുകാർ ചെറുനാരകം ഉപയോഗിക്കുന്നു.

ഏതാണ്ട് രണ്ടുമീറ്റർ വരെ ഉയരത്തിൽ വളരുന്ന മുള്ളോടുകൂടിയ വൃക്ഷമാണ് ചെറുനാരകം. വരണ്ട പ്രദേശങ്ങളിലും വളരും. വെളുത്ത ചെറുപൂവുകൾക്ക് ഹൃദ്യമായ മണമുണ്ട്. നാരങ്ങയ്ക്ക് പച്ചനിറവും പാകമാവുമ്പോൾ മഞ്ഞനിറവുമാണ്. ആയുർവേദത്തിലും നാട്ടുചികിത്സയിലും ചെറുനാരങ്ങ ഉപയോഗിക്കപ്പെടുന്നുണ്ട്. പഴുത്തകായ മാത്രമാണ് ഔഷധമായി ഉപയോഗിക്കുക.

<u>ഔഷധഗുണവും ഉപയോഗരീതികളും</u>

1 ചെറുനാരങ്ങാനീര് തേനോ പഞ്ചസാരയോ ചേർത്ത് കഴിക്കുന്നത് ദഹനം വർദ്ധിപ്പിക്കും. ഉദരരോഗങ്ങൾ കുറയ്ക്കും.

2 ചെറുനാങ്ങാനീര് തലയിൽ തേച്ചു പിടിപ്പിക്കുന്നതും വെളിച്ചെണ്ണയ്ക്കൊപ്പം തലയിൽ തേയ്ക്കുന്നതും താരൻ ശമിപ്പിക്കും.

3 തുളസിയില നീരും ചെറുനാരങ്ങാനീരും സമം ചേർത്ത് പുരട്ടിയാൽ വിഷജീവികൾ കടിച്ചുള്ള നീരും വേദനയും മാറും.

4 നാരങ്ങാവെള്ളം ശീലമാക്കുന്നത് രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കും.

കഥ

# ശബ്ദം കേട്ട വഴി

ശീലംകൊണ്ടാണ് രാവിലെ അഞ്ച് മണിക്ക് തന്നെ ഞെട്ടിയുണർന്നത്. ഇപ്പോഴിതിനെ ദുശ്ശീലം എന്നും പറയാം. രാവിലെ തന്നെ കണ്ണൻ കണ്ണും തിരുമ്മികൊണ്ട് വരാന്തയിലേക്ക് നടന്നു. ചെറുതായി ആടുന്നുണ്ട്. വരാന്തയിലിട്ട കസേരയിൽ ചന്തികുത്തി ഇരുന്ന ശേഷം ഒരു കാപ്പി കുടിച്ച് പുറത്തേക്കുള്ള നിരീക്ഷണം കണ്ണനിപ്പോൾ പതിവാണ്.

പുതപ്പ് മടക്കികൊണ്ട് അമ്മ അവനെ കലമ്പുന്നത് കേൾക്കാം. പെട്ടൊന്നൊരു പ്രത്യകതരം ശബ്ദം. ശബ്ദം കേട്ട ഭാഗത്തേക്ക് ഒന്ന് കണ്ണോടിച്ച് അമ്മയോട്, 'ഇപ്പം വരാം' എന്ന് പറഞ്ഞ് രഘുവേട്ടന്റെ പറമ്പിലേക്ക് ഓടി. മെഷീൻ ഉപയോഗിച്ച് പലതരം മരങ്ങളെ വെട്ടിക്കളയുന്ന കാഴ്ചയാണ് കണ്ടത്. ആ ശബ്ദം ആ മെഷീന്റെതായിരുന്നില്ല. മറിച്ച് പ്രകൃതിയുടെ മരണനിലവിളി ആയിരുന്നു അത്. ആശബ്ദം അവനെയാകെ അലോസരപ്പെടുത്തി. അവൻ എന്തുചെയ്യണമെന്നറിയാതെ വീട്ടിലേക്കോടി. കിടക്കയിൽ കമിഴ്ന്ന് കിടന്നു. അവൻ കരഞ്ഞു. ഇതിനിടയിൽ അമ്മ പ്രാതൽ ഒരുക്കിയ ശേഷം അവനെ വിളിച്ചു.



"കണ്ണാ.......കണ്ണാ...."

അവൻ മറിച്ചൊന്നും പറഞ്ഞില്ല. കുറച്ച് കഴിഞ്ഞ് അമ്മ നോക്കിയപ്പോൾ പ്രാതൽ അങ്ങനെതന്നെയിരിക്കുന്നു. അമ്മ അവന്റെ അടുത്തേക്ക് പോയി.

"കണ്ണാ എന്തിനാണ് നീ കരയുന്നത്?"

"അമ്മ കേൾക്കുന്നില്ലേ, പ്രകൃതിയുടെ മരണവേദനയുടെ നിലവിളി? അമ്മ കേൾക്കുന്നില്ലേ ആ ശബ്ദം?"

"ഏത് പ്രകൃതിയുടെ മരണവേദനയുടെ നിലവിളി?" അമ്മയ്ക്കൊന്നും മനസിലായില്ല. പക്ഷേ അമ്മയ്ക്കൊന്നറിയാമായിരുന്നു. അവൻ പ്രകൃതിയെ അടുത്തറിഞ്ഞിരിക്കുന്നു.

കുറച്ചുകൂടി വിശദീകരിച്ച് അമ്മ അവനോട് ചോദിച്ചപ്പോൾ മനസിലായി, രഘുവേട്ടന്റെ പറമ്പിലെ മരം മുറിച്ചതാണ് പറയുന്നതെന്ന്. പ്രകൃതി നമ്മുക്കെന്തെല്ലാം തരുന്നു, കുറെ കുട്ടികളുടെ കളിസ്ഥലവും ജീവജാലങ്ങളുടെ വാസസ്ഥലവും ആയിരുന്നു പ്രകൃതി. നമുക്ക് സ്നേഹം മാത്രം നൽകി, നാം തിരിച്ച് വേദനകൾ മാത്രം നൽകി.

"കണ്ണാ അതങ്ങനെയാണ്, പ്രകൃതിയുടെ നിലവിളികൾ ഒടുങ്ങുന്നില്ല."

'കണ്ണാ കണ്ണാ' പെട്ടെന്ന് അവൻ സ്വപ്നത്തിൽ നിന്ന് ഞെട്ടി. കണ്ണനെ ചെറു തളിർകാറ്റ് തഴുകിപ്പോയി.

# SAVE EARTH

# SAVE LIFE



കഥ

# കുഴലൂത്തുകാരൻ

അയാളെ യാത്രയയച്ച് ഞാൻ മടങ്ങി. അകലുന്ന തീവണ്ടിയെ നോക്കി അവൾ എനിക്കുമുന്നൽ കൈവീശുന്നുണ്ടായിരുന്നു. ടവ്വൽ കൊണ്ട് കണ്ണുകൾ തുടച്ച് അവൾ പിന്നാലെവന്നു. തന്റെ മിഴികളും കണ്ണുനീരാൽ നനഞ്ഞു. മറ്റാരും കാണാതിരിക്കാൻ പൊടുന്നനെ ഞാനതു തുടച്ചു.

അവൾ ഇപ്പോഴും തന്റെ പിറകെയുണ്ട്. ഞാനന്റെ വേഗത കുറച്ചു. വാടിത്തളർന്ന അവളുടെ മുഖം എന്നെ കൂടുതൽ തളർത്തി. പരാജയപ്പെട്ടവനായിരുന്ന ഞാൻ ഇനി ഒറ്റയ്ക്കല്ലെന്ന തോന്നൽ എന്നെ സന്തോഷിപ്പിച്ചു. അവൾക്ക് ഈ ലോകത്തിൽ അല്പമെങ്കിലും പരിചയം തന്നെ മാത്രമാണ്. ഇനി ഞാനാണ് അവൾക്കെല്ലാം, ആ ഓർമ തന്നെ സന്തോഷിപ്പിക്കുകയും ഒപ്പം വേദനിപ്പിക്കുകയും ചെയ്തു.

ഇപ്പോളവളുടെ നടത്തം എന്റെ പിന്നിലല്ല. എന്നെക്കാൾ ഒരുപടി മുന്നിലാണ്. തനിക്ക് വഴി തെളിക്കുന്നതു പോലെ അവളുടെ ദുഃഖം തെല്ലസ്തമിച്ചോ... അല്ലെങ്കിലും കുട്ടികൾക്ക് ഓർമകളോട് അധികം മത്സരിക്കാൻ കഴിയില്ലല്ലോ.......ബസ്സിന്റെ ജനലഴികളിലൂടെ അവൾ പുറത്തെ കാഴ്ചകൾ ആസ്വദിക്കുകയാണ്.

തന്റെ മനസ്സാണിപ്പോൾ കൂടുതൽ കലുഷിതം. താരാട്ട് പാടിയുറക്കാൻ ഒരു കുട്ടിയെ സമ്മാനിക്കാത്ത ഞാൻ തന്റെ ഭാര്യയുടെ മുന്നിൽ പോലും എത്രയോ ചെറുതായിട്ടുണ്ട്, നല്ല ജോലിയും, ചുറ്റുപാടുകളുമുണ്ടായിട്ടും താൻ കൂട്ടുകാരുടെ ഇടയിലും കുടുംബത്തിലും പരിഹാസ പാത്രമാണ്.

വിവാഹം കഴിഞ്ഞ വേളകളിൽ അവളെന്നോട് പറയുമായിരുന്നു, നമുക്കൊരു പെൺകുഞ്ഞ് മാത്രം മതി നമ്മുടെ എല്ലാ സ്നേഹവും അവൾക്ക് മാത്രം നൽകണം. പക്ഷെ......

"ദേ, നോക്ക് ഒരു കുഴലൂത്തുകാരൻ" പെൺകുട്ടി എന്നെ തോണ്ടിവിളിച്ചു.

ഓർമകളിൽനിന്ന് ഞെട്ടിയുണർന്ന് അവളെത്തന്നെ നോക്കിക്കൊണ്ടിരുന്നു. തന്റെ മനസ്സപ്പോൾ ശൂന്യമായിരുന്നു. യാഥാർഥ്യത്തിലേക്ക് മടങ്ങിവരാൻ അൽപസമയമെടുത്തു. പെൺകുട്ടിയപ്പോൾ അവ്യക്തമായ കുഴൽവിളിശബ്ദം കാതോർക്കുകയാണ്.

ബസ് മുന്നോട്ടുപോകുന്തോറും കുഴലൂത്തുകാരൻ അവ്യക്തനായി അന്തരീക്ഷത്തിൽ മറഞ്ഞു. അച്ഛനെ മോക്കിഷ്ടായിരുന്നോ? താൻ ആദ്യമായി അവളോട് സംസാരിക്കുകയായിരുന്നു തന്റെ ശബ്ദം വിറകൊണ്ടിരുന്നു.

ഉം...നിക്കെന്റെ അച്ഛൻ ഓടക്കുഴൽ വാങ്ങിത്തരും. ഞാൻ പുഞ്ചിരിച്ചു.

മോൾക്ക് അച്ഛേനയോ? ഉം.. അവളുടെ ശബ്ദം ഇടറി....

പടവ്

താൻ തിരക്കിട്ട് ഹോസ്പിറ്റലിന്റെ ഇടനാഴിയിലൂടെ നടക്കുമ്പോഴാണ് അവളെ കാണുന്നത്. ഭിത്തിയിലൂടെ വിരലുകളോടിച്ച് കളിക്കുകയായിരുന്നു അവൾ,. കസേരയിൽ കറുത്തു മെലിഞ്ഞ തന്റെ സ്ഥിരം പേഷ്യന്റ്

ഉം... ന്താട്ടോ സുഖല്ലേ ....? താൻ തിരക്കി

ഉം. എല്ലാ രോഗികളും പറയുന്ന മറുപടി.

ഭക്ഷണം കഴിച്ച് തിരിച്ചു വരുമ്പോഴും അയാൾ അവിടെ തന്നെയുണ്ട്.

സാർ, എന്റെ മോളാ.....

അയാളുടെ ശബ്ദം വിറക്കുന്നുണ്ടായിരുന്നു, കരച്ചിലിന്റെ വക്കോളമെത്തിയ അയാളെ ഞാൻ സംശയത്തോടെ നോക്കി.

ഞാനില്ലാണ്ടായാല് ന്റെ മോക്ക്......വീട്ടിൽ ആരുല്ലേ....? ഞാൻ തിരക്കി

മൗനം മാത്രമായിരുന്നു മറുപടി.

അന്നാദ്യമായാണ് താൻ തന്റെ രോഗികളെ കുറിച്ച് ചിന്തിച്ചത്, മരണത്തെ മുഖാമുഖം കാണുന്ന ഇവർ തന്റെ കണ്ണുകൾ നനച്ചിട്ടില്ല. ഇവരുടെ മക്കളെയോ കുടുംബത്തെയോ കുറിച്ച് താൻ ചിന്തിച്ചിട്ടില്ലാ. പക്ഷേ, ആ പെൺകുട്ടിയുടെ മുഖം തന്നെ ഒരുപാട് ചിന്തിപ്പിച്ചു. ഇവരുടെ നാടോ വീടോ ഒന്നും തനിക്കറിയില്ല എന്നിട്ടും....

താനൊരു ഡോക്ടറേക്കാളുപരി മനുഷ്യനാവുന്ന വെന്ന് താൻ തിരിച്ചറിഞ്ഞു. അയാളെന്റെ പേഷ്യന്റ് മാത്രമാണ് പക്ഷേ, അയാളെ യാത്രയയക്കാൻ എനിക്കും പോകണമെന്ന് തോന്നി ഒരച്ഛന്റെയും മകളുടെയും സ്നേഹത്തിന്റെയും ലാളനയുടെയും വിരഹത്തിന്റെയും വേർപിരിയലിന്റെയും നേർകാഴ്ചകളാണ് പിന്നിട് ഞാൻ കണ്ടത് അയാൾ ഇനിയൊരിക്കലും തിരിച്ചുവരില്ലെന്ന ചിന്ത എന്റെ ഹൃദയത്തെ മഴിച്ചു. ഇവളെ നിക്ക് തരുവോ ഏതോ അദൃശ്യ ശക്തിയുടെ ശബ്ദം എന്നിൽ നിന്ന് മുഴങ്ങി.

മറുപടി പ്രതിക്ഷിച്ച് നിന്ന് അയാൾ തന്റെ മുന്നിൽ മുട്ടുകുത്തി വിഴുകയാണാ ചെയ്തത്. ഞാൻ സ്തബ്ധനായി നിന്നു. ഒരുപക്ഷേ തന്റെ ചോദ്യത്തിനയാൾ കാത്തിരിക്കുകയായിരുന്നിരിക്കാം. ബസിറങ്ങി വഴിയരികിലൂടെ വീട്ടിലേക്ക് നടക്കുമ്പോൾ, തന്നെയും പെൺകുട്ടിയെയും സംശയത്തോടെ നോക്കിക്കൊണ്ട് പരിചയക്കാർ അടക്കം പറഞ്ഞു, ആർക്കും പിടികൊടുത്തില്ല, ചോദ്യങ്ങൾക്ക് തന്റെ മുന്നിൽ വ്യക്തമായ മറുപടികളൊന്നുമില്ല അവൾ തന്നെ പറ്റിച്ചേർന്ന്നടന്നു. ഞങ്ങൾക്കിടയിലുള്ള മൗനമാണ് അവൾക്ക് തന്നോടുള്ള സ്നേഹത്തിന്റെ പ്രതീകമെന്ന് എനിക്കു തോന്നി വിടിന്റെ പടികയറുമ്പോൾ ഭാര്യ ഓടിവന്നു.

ഇത് നമ്മടെ മോളാ....ഭാര്യയുടെ കൈയിലേക്ക് ആ കൊച്ചു കൈകൾ ഞാൻ കോർത്തു നൽകി.

എന്തൊക്കയോ ചോദ്യങ്ങൾ രണ്ടുപേരുടെയും മുഖത്ത് പ്രതിധ്വനിക്കുന്നത് ഞാൻ തിരിച്ചറിഞ്ഞു. എങ്കിലും ആരും ഒന്നും സംസാരിച്ചില്ല.

കുറച്ച മാസങ്ങൾ കഴിഞ്ഞു ലേബർ റൂമിന്റെ വരാന്തയിൽ കാത്തിരിക്കുമ്പോൾ തന്റെ മനസ് സന്തോഷത്താൽ പുളകിതമാവുകയായിരുന്നു. പെട്ടന്ന് ആ സന്തോഷം വിഷാദത്തിന്റെ നിഴലായി മാറി.....

## പ്രശ്നോത്തരി



1. ജീവശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാര് ?
 - അരിസ്റ്റോട്ടിൽ (Aristotil)
2. സസ്യശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാര് ?
 -തിയോഫ്രോസ്റ്റസ് (Thiyophrostus )
3. മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ രക്തക്കുഴൽ ?
 -അയോർട്ട (Ayorta)
4. ഇക്കൊല്ലത്തെ ഫുട്ബോൾ വേൾഡ് കപ്പ് വിജയികൾ ആര് ?
 -ഫ്രാൻസ് ( France )
5. ഭൂമിയിൽ ആദ്യം രൂപം കൊണ്ട വൻകര ?
 -പാൻജിയ ( Pangia )
6. ഏറ്റവും വലിയ സമതലം ?
 -ഗംഗാ സമതലം
7. സൂര്യന് ശേഷം ഏറ്റവും തിളക്കമുള്ള നക്ഷത്രം ?
 -സിറിയസ് (Sirius )
8. ഐ ഫോൺ ഐ പാഡ് എന്നിവ കണ്ടുപിടിച്ച നവയുഗ ശിൽപ്പി ?
 -സ്റ്റീവ് ജോബ്സ് (Steve Jobs )

കഥ

# മരണജീവിതം

ഉറക്കം അയാളെ വല്ലാതെ അലോസരപ്പെടുത്തിയിരുന്നു. അയാൾക്ക് തന്റെ പ്രവൃത്തിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിഞ്ഞില്ല. നേരം വളരെ വൈകിയിരുന്നു. അയാൾ തന്റെ കുടുംബത്തിലേക്ക് തന്റെ ഓർമ്മകളെ അഴിച്ചുവിട്ടു. മകൾ ഇപ്പോൾ വിശന്ന് കരയുന്നുണ്ടാവും. ഭാര്യ അവളെ ആശ്വസിപ്പിക്കുക യാവും. അച്ഛൻ ഉറങ്ങിയോ ആവോ........... തണുത്ത കാറ്റ് അയാളെ തഴുകുന്നതിനൊപ്പം അയാളുടെ ഓർമ്മകളും അലതല്ലി.

കത്തുന്ന ശവശരീരങ്ങളെ വല്ലായ്മയോടെ നോക്കിനിക്കുകയായിരുന്ന അയാളുടെ കുടുംബപ്രാരാബ്ധങ്ങൾ ചെറുതൊന്നും ആയിരുന്നില്ല. വെറുമൊരു ശ്മശാന കാവൽക്കാരനായിരുന്ന അയാളുടെ ജീവിതവും ഒരു ശവത്തിനെപ്പോലെ എരിഞ്ഞു തീരുകയാണെന്ന് അയാൾക്ക് തോന്നിപ്പോയി. ഇനിയും നാലഞ്ച് ശവങ്ങൾ കൂടി കത്തിത്തീരാനുണ്ട്. അപ്പോഴേക്കും തന്റെ കുഞ്ഞ്.......!

അരിയും സാധനങ്ങളും തീർന്നുപോയെന്നുള്ള ഭാര്യയുടെ ആവലാതികേട്ട് മറന്നുകളയുകയല്ലാതെ വേറെ തരമില്ലായരുന്ന അയാൾ ഇനി ഒരുത്തരല്ലാതെ വീട്ടിലേക്കില്ല എന്ന് തീരുമാനിക്കുകയായിരുന്നു.

മുതലാളി എപ്പോഴാണാവോ വരുന്നത്. അയാളെ മുഷിപ്പിക്കാൻ പാടില്ല. കർക്കശക്കാരനാണ്.......അയാൾ വീണ്ടും തന്റെ ജോലിയിലേക്ക് ശ്രദ്ധ ചെലുത്തി.

വഴിയരികിലൂടെ ഒരു പറ്റം നാടോടികുട്ടികൾ കിടക്കാനൊരിടമില്ലാതെ അലയുന്നുണ്ടായിരുന്നു. വിളിച്ചിട്ട് ഒന്ന് തലോടി 'ഇവിടെ കിടന്നോ മക്കളെ .........'! എന്നു പറയണമെന്നുണ്ടായിരുന്നു അയാൾക്ക്. പക്ഷെ .......അയാളൊരു ദീർഘനിശ്വാസത്തോടെ ഒന്നുകൂടി നിവർന്നിരുന്നു. തന്റെ ജോലി ഏകദേശം പൂർത്തിയാവാനായി.

അപ്പൊഴാണ് കാത് തുളപ്പിക്കുന്നവിധത്തിൽ ആ മോട്ടോർസൈക്കിൾ അയാളുടെ അടുത്തുകൂടി ചീറിപ്പാഞ്ഞ്പോയത്. അധികനേരം അയാൾക്ക് തന്റെ ഏകാന്തതയെ തുളച്ചുകയറും വിധമുള്ള ആ ശബ്ദം കേൾക്കാനായില്ല. പെട്ടന്നുതന്നെ ഒരു മുരളലോടെ അതിന്റെ ശബ്ദം നിലച്ചു. മോട്ടോർസൈക്കിളിന്റെ വേഗതയെ നിർവീര്യമാക്കി കൊണ്ട് സാമാന്യം വലുപ്പമുള്ള മറ്റൊരു വാഹനം മലയടിവാരത്തെ ലക്ഷ്യമാക്കികൊണ്ട് പാഞ്ഞ് വരുന്നത് അയാൾ സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ടായിരുന്നു. ശ്മശാനത്തിനരികി ലെത്തിയപ്പോൾ ആ വാഹനത്തിന്റെ വേഗം കുറഞ്ഞു. പിന്നെയും ഒരു വലിയ മുരളലോടുകൂടി അത് ചീറിപ്പാഞ്ഞുപ്പോയി. അയാൾക്ക് പിന്നെ അവിടെ നിൽക്കാൻ സാധിച്ചില്ല. അതിയായ ഭയമോടെ അയാൾ റോഡിലേക്ക് ഓടിച്ചെന്നു.

ഒരു ചുവന്ന പട്ടിൽ ഒരു യുവാവ് കിടക്കുന്നതായി തോന്നിയ ആ അപൂർവ്വരംഗത്തിലേക്ക് അടുക്കുന്തോറും അയാൾക്ക് വ്യക്തമായി, ആ ഭീകരത യാഥാർഥ്യത്തിൽ എന്താണെന്ന്.

അധികനേരമൊന്നും ആ മനുഷ്യ സ്നേഹിക്ക് ആ രംഗം കണ്ടുനിൽക്കാനായില്ല. ഉടനെ തന്നെ അയാളെ ഒരു ആശുപത്രിയിലെത്തിക്കാൻ തന്നെ കാവൽക്കാരൻ തീരുമാനിച്ചു. അത് പ്രാവർത്തികമാക്കാൻ സജ്ജമെന്നോണം അടുത്തുതന്നെ ഒരു മെഡിക്കൽക്കോളേജ് ഉണ്ടെന്നുള്ളത് അയാൾ ഓർത്തില്ല. ഇത്തരമൊരു സാഹചര്യം കണ്ടാസ്വദിക്കുന്ന ഇന്നത്തെ തലമുറയെ സഹതാപത്തോടെ ഓർത്തുകൊണ്ടായിരുന്നു അയാൾ മെഡിക്കൽ ആശുപത്രിയുടെ പടിവാതിൽക്കൽ നിന്നും ഇറങ്ങിയത്.

നിരവധി ശവശരീരങ്ങൾ ഒരുപിടിച്ചാരമാക്കിയിട്ടുള്ള തനിക്ക് ഈ ലോകത്ത് ചെയ്യാവുന്ന ഏറ്റവും വലിയ ഒരു കാര്യം....... ഒരു ജീവൻ....... അതുമായി ബന്ധപ്പെട്ട കുടുംബാംഗങ്ങൾ.....

എല്ലാം രക്ഷിക്കാനായി എന്ന ഒരു ഉറപ്പ് അയാൾക്കുണ്ടായിരുന്നു.

മനസ്സിനെ തണുപ്പിക്കുന്ന അയാളുടെ ചിന്തകൾ മുന്നോട്ട് നീങ്ങിക്കൊണ്ടിരുന്നു. അപ്പോഴാണ് ഒട്ടും പ്രതീക്ഷിക്കാതെ തന്റെ മുതലാളി അയാളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടത് .

ഒരു ഞെട്ടലോടെ ഒറ്റ നിമിഷം കൊണ്ട് തന്റെ കുടുംബവും നിർണ്ണായകമായ ജോലിയും അയാളുടെ മനസ്സിലേക്ക് താങ്ങാനാകാത്ത ഒരു പ്രാരബ്ധമായി വന്നടിഞ്ഞു.

മുതലാളി തന്റെ കണ്ണടയൂരി അയാൾക്കുനേരെ തുറിച്ചുനോക്കിക്കൊണ്ട് ചോദിച്ചു .

'എന്താടോ ഡെഡ് ബോഡികളും ശ്മശാനവും ഇട്ടേച്ചാണോ താനിങ്ങനെ ചോരയിൽ പൂണ്ടുനിൽക്കുന്നത് ?

പറയാനൊന്നും പെട്ടെന്നയാൾക്ക് കിട്ടിയില്ല.

കാരണം അയാൾ ഇനിയും തന്റെ ഭാര്യയോടും മകളോടും ഒരുത്തരം പറഞ്ഞിട്ടുണ്ടായിരുന്നില്ല.




OBEY TRAFFIC RULES
AND SAVE LIFE

കഥ

# ആ രാത്രി (ഒരു കല്യാണത്തലേന്ന്)

പ്രഭാതസൂര്യന്റെ രശ്മികൾ കണ്ണിൽ പതിഞ്ഞപ്പോഴാണ് അവളുടെ പാതിചിമ്മിയ കണ്ണുകൾ പതിയെ ഉണർന്നത് പതിവുപോലെ അവളെ തട്ടിയുണർത്താനെത്തിയത് മുത്തശ്ശിയാണ്.

"അനൂ.......മോളേ എണീക്ക്, ന്തൊറക്കാപ്പാ ദ് ഇന്ന് മോക്ക് ന്തോ ഇന്റർവ്യൂണ്ട്ന്ന് ല്ലേ പറഞ്ഞേ" മുത്തശ്ശി പറഞ്ഞു.

"മുത്തശ്ശി ഞാൻ അതു മറന്നുട്ടോ ന്തായാലും ഓർമ്മിപ്പിച്ചത് നന്നായി. അനു മറുപടി നൽകി

പെട്ടന്ന് റെഡിയാവാൻ തുടങ്ങി. എന്നും പത്രം വായിക്കാൻ മുത്തശ്ശൻ തന്റെ കണ്ണടയ്ക്ക് അനുവിനെ അന്വേഷിക്കും. അവൾ അത് മുത്തശ്ശന് എടുത്തുകൊടുക്കുകയും ചെയ്യും. മിന്നൽ വേഗത്തിലൂടെ ഒടുന്ന ഓർമ്മയിൽ ജീവിക്കുന്ന മുത്തശ്ശന് പത്രം വായിച്ചുകൊടുക്കുന്നത് അനുവാണ്.

പതിവുപോലെ അനു പത്രം വായനതുടങ്ങി

"സ്ത്രീ പീഡനം പ്രതി ഒളിവിൽ" ആദ്യത്തെ തലവാചകം അവൾ വായിച്ചു.

"ന്താ കുട്ട്യേ പീഡനമൊഴിഞ്ഞ ഒരു ഭാരതം ഉണ്ടാവില്ലാന്നാണോ? ന്നിട്ട് നിക്ക് കണ്ണടയ്ക്കാനാവ്വോ?" മുത്തശ്ശൻ മറുപടിനൽകി.

തുടർന്നും അവൾ ഓരോ വാർത്തകൾ വായിച്ചുകൊണ്ടേയിരുന്നു. ദൈവഭാഗ്യം ന്ന് അല്ലാണ്ട് എന്ത് പറയാനാ ആദ്യ ഇന്റർവ്യൂവിൽ തന്നെ അവൾ ആഗ്രഹിച്ച ജോലി അവൾക്ക് കിട്ടി. വീട്ടിലെത്തിയപ്പോൾ ഇരട്ടി മധുരമെന്ന വണ്ണം അച്ഛനമ്മമാരില്ലാത്ത അവൾക്ക് മുത്തശ്ശനും മുത്തശ്ശിയും ഒരു കല്യാണാലോചന കൊണ്ടുവന്നു .

മുത്തശ്ശി പറഞ്ഞു

"ന്താ കുട്ട്യേ നിനക്ക് ഇഷ്ട്ടായോ "

അനു മറുപടി പറഞ്ഞു. "ന്റെ മുത്തശ്ശിക്കും മുത്തശ്ശനും ഇഷ്ട്ടമായാൽ അത് അനുവിനും ഇഷ്ട്ടാന്ന്"

അങ്ങനെ അവളുടെ കല്യാണത്തിനായി ഒരുക്കങ്ങൾ നടക്കാൻ തുടങ്ങി. ചടങ്ങുകൾ ഓരോന്നായി നടത്തി. അങ്ങനെ കല്യാണ തലേന്ന് എത്തി.

നിർഭാഗ്യം എന്നുപറയട്ടെ അവൾ അന്നും ജോലിക്കുപോകേണ്ടതായി വന്നു. തിരിച്ചു മടങ്ങവെയാണ് അത് സംഭവിച്ചത്. വവ്വാൽ കൂട്ടങ്ങൾ അവൾക്കുചുറ്റും പറന്നു രാത്രിയുടെ നിശായാമത്തിൽ മൂങ്ങകൾ ഒച്ചവെച്ചു. പട്ടികൾ അലറി. പെട്ടന്ന് വാനിൽ വന്ന നാലഞ്ചുപേർ അവളെ ബന്ധിതയാക്കി.

അവൾക്ക് പിന്നീടൊന്നും ഓർമ്മയില്ല. ആരൊക്കെയോ ചേർന്ന് ആശുപത്രിയിലാക്കി. ഓടി വന്ന് മുത്തശ്ശി കെട്ടിപിടിച്ചു.

" ന്താ ന്റെ മോക്ക് പറ്റ്യേ? അനുവേ..........." മുത്തശ്ശി ആശുപത്രിക്കിടക്കയിൽ നിന്നും അവളെ വിളിച്ചുണർത്താൻ ശ്രമിച്ചു.

പാതി ചിമ്മിയ കണ്ണുകൾ തുറന്നപ്പോൾ അവൾ കരയുകയാ യിരുന്നു.

“ന്താ മോളേ ഇന്ന് നിന്റെ കല്യണല്ലേ, വാ എണിക്ക് "മുത്തശ്ശി പറഞ്ഞു. അവളെ ചികിത്സിച്ച ഡോക്ടർ മുത്തശ്ശിയോട് പറഞ്ഞു അവളെ ആരൊക്കെയോ ചേർന്ന്..............” “മതി ഡോക്ടർ സാറേ ന്റെ കുട്ടിയെ ഞാൻ പൊന്നുപോലെയാ നോക്കിയെ എന്നിട്ടിപ്പോൾ ഇങ്ങനെ....” നിക്ക് ല്ലാ, ഒന്നൂല്ല "


മുത്തശ്ശി സ്വയം എന്തൊക്കെയോ പറഞ്ഞുകൊണ്ട് വേദന കടിച്ചമർത്താൻ ശ്രമിച്ചു . മുത്തശ്ശി ഞാൻ ഇനി ന്തിനാ ഒരു പാഴ്ജന്മം. ആ കാട്ടാനകൂട്ടങ്ങൾ വാനിൽ വന്ന് ന്നെ ............” അന്ന വിങ്ങിപൊട്ടി പറഞ്ഞു.

ന്റെ മോള് രക്ഷപ്പെടാൻ ഒരുപാട് ശ്രമിച്ചിട്ടുണ്ടാവും അല്ലേ ? മോള് ഫോണിൽ മിസ്ഡ് കോൾ ചെയ്യാനെങ്കിലും ശ്രമിച്ചിട്ടുണ്ടാവും. ന്നാ ഈ ഭാഗ്യദോഷകരമായ മുത്തശ്ശിക്കും മുത്തശ്ശനും ആധുനികതയുടെ ഫോണിനെ ഉൾക്കൊള്ളാൻ കഴിയാത്തത് കൊണ്ടല്ലേ ഇപ്പോ ഇതല്ലാം സംഭവിച്ചത് "മുത്തശ്ശി പറഞ്ഞു.

“ഇല്ല മുത്തശ്ശീ ഇനി ഒരു മിസ്ഡ് കോൾ ചെയ്യാൻ പറ്റാത്ത ദൂരത്തിൽ ഒരു സ്ത്രീക്കും ഇത് സംഭവിക്കരുത്. ഇന്ന് എനിക്ക് സംഭവിച്ചത് എന്നിൽ തന്നെ തീരണം

"മുത്തശ്ശനും മുത്തശ്ശിയും മാത്രമാണ് തനിക്ക് ഉള്ളത് എന്നും അവരുടെ കാലശേഷം താൻ ഒറ്റപ്പെടുമെന്ന സത്യം ഉൾകൊണ്ടും കൊണ്ട് അവൾ വിധിയെ പഴിക്കാതെ 'ആ രാത്രി ' ലെ പേടിയിൽ നിന്ന് ഊർജം കൊണ്ട് അവൾ നാളയുടെ പ്രതിഷേധമായി മാറി. ഇന്ന് അവൾ ഒരു എഴുത്തുകാരിയാണ്. ജാതിയോ മതമോ വർഗമോ ഒന്നും അവൾക്ക് പ്രശ്നമല്ല.

തന്റെ ജീവിതത്തിലെ ചില യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സത്യത്തിനും ധർമ്മത്തിനും നീതിക്കും വേണ്ടി അവൾ അവളുടെ തൂലിക ചലിപ്പിച്ചു. അവൾക്ക് ഈ ലോകത്തിൽ ആകെ ഉള്ളതും അവൾക്ക് ഇഷ്ടമുള്ളതുമായ ഏക വ്യക്തിമാത്രം. അത് ദൈവം ആയിരുന്നു ................



ലേഖനം

# സ്വപ്നം കാണാം ഏവർക്കും പുതിയ ഒരിന്ത്യയെ

ഇന്ത്യ- ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രം. എന്നാൽ ഇന്നും നമ്മുടെ സമൂഹത്തിൽ ജാതി-മത-വർഗ-വർണ ചിന്തകൾക്ക് സ്ഥാനമുണ്ട്. അതിന്റെ പല പല തെളിവുകൾ ഇന്ന് നമുക്ക് നാം ജീവിക്കുന്ന സമൂഹത്തിൽ തന്നെ കാണാൻ കഴിയുന്നു. സ്വാതന്ത്ര്യം ലഭിച്ച നമ്മുടെ സമൂഹം പണ്ടത്തെ വ്യവസ്ഥിതിയിൽ നിന്നും പരിഷ്കൃതമായ ഈ ഇന്ത്യ ഇന്നും അധിക പ്രാധാന്യം നൽകുന്നില്ലെങ്കിലും ജാതീയതയെ മനസ്സിൽ കൊണ്ടു നടക്കുന്നു എന്നതാണ് സത്യം.

നമ്മുടെ മാതൃരാജ്യമായ ഇന്ത്യയിൽ യഥാർത്ഥത്തിൽ എല്ലാവരും സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ടോ?. അയിത്തോച്ചാടനവും ക്ഷേത്രപ്രവേശനം എതിർത്തതിനേയും കുറിച്ച് പല പ്രശ്നങ്ങളും നടന്നിരുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനം ജാതി വ്യവസ്ഥയാണ്. ഏവരും തുല്യരായി കഴിയേണ്ട ആ സമൂഹത്തിൽ ബ്രഹ്മണർ എന്നും ശൂദ്രരെന്നും ദളിതരെന്നും മറ്റും വിവേചനം നിലനിന്നിരുന്നു. അങ്ങനെ തന്നെ ബ്രാഹ്മണർ വഴി നടക്കുന്ന പാതയിലൂടെ കീഴ്ജാതിക്കാർ നടക്കാൻ പാടില്ല. വരുന്ന വഴിയിൽ വച്ച് അവർ ബ്രാഹ്മണരെ കാണുകയാണെങ്കിൽ അവർ നിശ്ചിത ദൂരത്തിൽ മാറിനിന്ന് അവർക്ക് വഴി നൽകണമായിരുന്നു.

അക്കാലത്ത് നിലനിന്നിരുന്ന മറ്റൊരു വ്യവസ്ഥിതിയായിരുന്നു ക്ഷേത്രപ്രവേശന വിലക്ക്. ബ്രാഹ്മണർ ഒഴികെ മറ്റാരും ക്ഷേത്രത്തിൽ പ്രവേശിക്കാൻ പാടില്ലായിരുന്നു. അഥവാ അതിനു ശ്രമിച്ചാൽ അവരെ കഠിനശിക്ഷയ്ക്ക് വിധേയമാക്കുമായിരുന്നു. അത് ഭയന്ന് താഴ്ന്ന ജാതിയിൽപ്പെട്ട ആരും ക്ഷേത്രത്തിൽ പ്രവേശിക്കില്ല. ക്ഷേത്ര പ്രവേശനത്തിനായി നിരവധി സമരങ്ങളും പ്രക്ഷോഭങ്ങളും നടന്നു. അതിന്റെ ഫലമായി ക്ഷേത്ര പ്രവേശനത്തിന് എല്ലാവർക്കും തുല്യാവകാശം നേടിയെടുക്കാൻ കഴിഞ്ഞു. അന്ന് താഴ്ന്ന ജാതിക്കാരും ഉയർന്ന ജാതിക്കാരും തമ്മിൽ വലിയ അന്തരമുണ്ടായിരുന്നു. രാജാ റാം മോഹൻ റോയ്, ശ്രീനാരായണഗുരു അയ്യങ്കാളി എന്നിങ്ങനെയുള്ള നവോത്ഥാന നേതാക്കൾ ഇതിനെ വളരെ ശക്തമായി എതിർത്തു.

1947 ആഗസ്റ്റ് 15-ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചു. ഏറെക്കുറെ അക്രമങ്ങളും അനീതികളും നിയന്ത്രിക്കപ്പെട്ടു. ഇന്ത്യ ഒരു സ്വതന്ത്രരാജ്യമായി മാറി . എന്നാലും താഴ്ന്ന ജാതിക്കാരും ഉയർന്ന ജാതിക്കാരും തമ്മിൽ ഉള്ള അന്തരത്തിൽ വലിയ മാറ്റമൊന്നും ഉണ്ടായിരുന്നില്ല.

രാജ്യത്ത് ഇന്നും വിവേചനം നിലനിൽക്കുന്നുണ്ട്. ഏതൊരു രാജ്യത്തിനും മാതൃകയായ നമ്മുടെ ഇന്ത്യയിൽ ഇന്നും വിവേചനം നടന്നു കൊണ്ടിരിക്കുന്നു. കാലം മാറി, രാജഭരണം മാറി, ജനാധിപത്യഭരണമായി. ജനങ്ങൾ പൂർണ സ്വാതന്ത്ര്യത്തോടും പൂർണ സന്തോഷത്തോടും തുല്യതയോടും കൂടി ജീവിക്കേണ്ട സമൂഹത്തിൽ ഇന്നും വർഗീയത നിലനിൽക്കുന്നു എന്നതാണ് സത്യം.

നമ്മുടെ ഈ രാജ്യത്ത് ഏവർക്കും തുല്യനീതിയാണ് ലഭിക്കുന്നത് എന്നതിൽ ആർക്ക് ഉറപ്പ് നൽകാൻ കഴിയും? ഇന്നും നമ്മുടെ രാജ്യത്ത് പണ്ടത്തേതുപോലുള്ള വ്യവസ്ഥിതികൾ നിലനിന്നുവരുന്നു. അത് നമ്മുടെ നവമാധ്യമങ്ങൾ നൽകുന്ന വിവരങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. എങ്കിലും പണ്ടുള്ളതുപോലെ അത്രയും കർശനമായ രീതിയിൽ വർഗീയത നിലനിൽക്കുന്നില്ലെന്ന് പറഞ്ഞ് നമുക്ക് ആശ്വസിക്കാം.

എല്ലാവർക്കും തുല്യ പ്രധാന്യം ഉള്ള തുല്യ നീതിയുള്ള എവിടെയും നല്ല ബന്ധങ്ങൾ നിലനിൽക്കുന്ന ഒരു പുതിയ ഇന്ത്യയെ സ്വപ്നം കാണുക. ഇങ്ങനെ ഒരു ഇന്ത്യ നിലവിൽ വരട്ടെ എന്ന് നമ്മൾ ഓരോരുത്തർക്കും ആശംസിക്കാം.



# അറിയാമോ?

1. ചരിത്രരേഖകളിൽ ഹെർക്വല എന്ന് വിശേഷിപ്പിക്കുന്ന പ്രദേശം ?
   കാസർകോട്
2. ലോകത്തിൽ ആദ്യമായി ഭൗമസൂചിക പദവി ലഭിച്ച മരം ?
   നിലമ്പൂർ തേക്ക്
3. മലയാള സർവകലാശലയുടെ ഔദ്യോഗിക പ്രസിദ്ധീകരണം?
   എഴുത്തോല
4. കേരളത്തിലെ ചരിത്ര മ്യൂസിയം സ്ഥതി ചെയ്യുന്നത് ?
   ഇടപ്പള്ളി
5. മലമ്പുഴ റോക്ക് ഗാർഡന്റെ ശിൽപി ?
   നേക്ക്ചന്ദ്
6. ചുമർ ചിത്ര നഗരം ?
   കോട്ടയം
7. കേരളത്തിലെ താറാവു വളർത്തൽ കേന്ദ്രം സ്ഥിതി ചെയ്യുന്നത് ?
   നിരണം
8. ചരിത്ര രേഖകളിൽ മാർത്ത എന്ന് രേഖപ്പെടുത്തിയിട്ടുള്ള പ്രദേശം?
   കരുനാഗപ്പള്ളി
9. ചന്ദ്രഗിരി കോട്ട സ്ഥിതി ചെയ്യുന്നത് എവിടെ?
   കാസർഗോട്
10. മോയിൻകുട്ടി വൈദ്യൻ മെമ്മോറിയൽ സ്ഥിതിചെയ്യുന്നതെവിടെ?
    കൊണ്ടോട്ടി

11. ഏറ്റവും വലിയ ജീവി?
    നീലതിമിംഗലം.
12. കരയിൽ ജീവിക്കുന്നവയിൽ ഏറ്റവും വലുത്?
    ആഫ്രിക്കൻ ആന.
13. മരുഭൂമിയിലെ കപ്പൽ?
    ഒട്ടകം.
14. പ്രകൃതിയുടെ കലപ്പ?
    മണ്ണിര.
15. കർഷകന്റെ ബന്ധു?
    മണ്ണിര.
16. കേരളത്തിൽ ജനസാന്ദ്രത കുറഞ്ഞ ജില്ല?
    ഇടുക്കി.

17. കേരളത്തിലെ സ്വിറ്റ് സർലാന്റ്?
വാഗമൺ.
18. കേരളത്തിലെ ഏറ്റവും കൂടുതൽ നദികൾ ഒഴുകുന്ന ജില്ല?
കാസർഗോഡ്.
19. ജൂതകുളം സ്ഥിതി ചെയ്യുന്നത്?
മാടായിപാറ (കണ്ണൂർ)
20. ഏറ്റവും കൂടുതൽ ആനകൾ അണിനിരക്കുന്ന ഉത്സവം?
ആറാട്ടുപുഴ പൂരം.
21. കേരളത്തിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്ന മണ്ണിനം?
ലാറ്ററൈറ്റ് മണ്ണ്.
22. പപ്പായയുടെ ജന്മദേശം?
അമേരിക്ക.
23. ഏറ്റവും വലിയ ഓഷധി?
വാഴ
24. ഏറ്റവും വേഗം വളരുന്ന സസ്യം?
മുള.
25. തേയില ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന രാജ്യം?
ഇന്ത്യ.
26. ഓറഞ്ചിന്റെ ജന്മദേശം?
ചൈന.
27. മരച്ചീനിയുടെ ജന്മദേശം?
ബ്രസീൽ.

## ഇംഗ്ലീഷ് പദകേളി (ഉത്തരങ്ങൾ)

| വലത്തോട്ട് | താഴോട്ട് |
|---|---|
| 1. Ocean | 2. Clear |
| 4. Length | 3. Animal |
| 5. Calm | 6. Tour |
| 7. Owl | 8. Whole |
| 10. Arrow | 9. Rent |
| 12. Lily | 11. Rich |
| 13. Teeth | 13. Take |
| 15. Net | 14. Earth |
| 16. Eternal | 15. Tear |


SAVE
Nature....!

# പ്രശ്നോത്തരി
# (ബഹിരാകാശം)


1. ബഹിരാകാശയാത്ര നടത്തിയ ആദ്യ വ്യക്തി?
   യൂറി ഗഗാറിൻ
2. ശൂന്യാകാശത്തെത്തിയ ആദ്യ അമേരിക്കക്കാരൻ?
   അലൻ ബി ഷെപ്പേർഡ്
3. ബഹിരാകാശത്തെത്തിയ ആദ്യ വനിത?
   വാലന്റീന തെരഷ്കോവ
4. ബഹിരാകാശത്തു നടന്ന ആദ്യ മനുഷ്യൻ?
   അലക്സി ലിയനോവ്
5. ബഹിരാകാശത്തിൽ നടന്ന ആദ്യ അമേരിക്കക്കാരൻ?
   എഡ്വേഡ് വൈറ്റ് III
6. ലോകത്തിലെ ആദ്യത്തെ കൃത്രിമ ഉപഗ്രഹം?
   ലൂണ – 1
7. കാലാവസ്ഥാ വിവരങ്ങൾ അയച്ച ആദ്യ ഉപഗ്രഹങ്ങൾ?
   വാൻഗാഡ് - 2
8. ആദ്യത്തെ കാലാവസ്ഥാ ഉപഗ്രഹം?
   TIROS – 1

## സ്ഥലനാമങ്ങൾ

| *പഴയത്* | | *പുതിയത്* |
|---|---|---|
| മെസോപ്പൊട്ടേമിയ | - | ഇറാക്ക് |
| ദക്ഷിണ റൊഡേഷ്യ | - | സിംബാംവേ |
| ഉത്തര റൊഡേഷ്യ | - | സാംബിയ |
| ഹോളണ്ട് | - | നെതർലാന്റ് |
| പേർഷ്യ | - | ഇറാൻ |
| കോംഗോ | - | സയർ |
| ബർമ | - | മ്യാൻമർ |
| സിലോൺ | - | ശ്രീലങ്ക |

# ചോദ്യകേളി

1. 'കമ്പ്യൂട്ടറിന്റെ പിതാവ് ' എന്നറിയപ്പെടുന്നത് ?
   -ചാൾസ് ബബേജ്
2. കണ്ണൂർ എയർപോർട്ട് ആരംഭിച്ച വർഷം?
   -2018
3. തെയ്യങ്ങളുടെ നാട് എന്നറിയപ്പെടുന്ന ജില്ല?
   -കണ്ണൂർ
4. ഇന്ത്യയിൽ എത്ര കാലാവസ്ഥാ ഗവേഷണ കേന്ദ്രങ്ങളുണ്ട് ?
   -68
5. കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി ?
   ഇ എം എസ് നമ്പൂതിരിപ്പാട്
6. ഓട്ടൻതുള്ളലിന്റെ ഉപജ്ഞാതാവ് എന്നറിയപ്പെടുന്നത് ?
   -കുഞ്ചൻനമ്പ്യാർ
7. മലയാളത്തിലെ ആദ്യത്തെ 3D ചലച്ചിത്രം?
   -മൈ ഡിയർ കുട്ടിച്ചാത്തൻ
8. മലയാളത്തിലെ ആദ്യത്തെ ചലച്ചിത്രം?
   -വിഗതകുമാരൻ
9. മലയാളത്തിലെ ആദ്യത്തെ ശബ്ദ ചലച്ചിത്രം?
   -ബാലൻ
10. ചന്ദ്രനിൽ ആദ്യമായി കാലുകുത്തിയത് ?
    -നീൽ ആംസ്ട്രോങ്
11. ഇന്ത്യൻ നിർമിത വാർത്താവിനിമയ ഉപഗ്രഹം?
    -ആര്യഭട്ട
12. ഇന്ത്യയിലെ ആദ്യത്തെ ബഹിരാകാശ സഞ്ചാരി ?
    -രാകേഷ് ശർമ്മ
13. കേരളം രൂപംകൊണ്ട വർഷം?
    -1956
14. ഏറ്റവും വലിയ ഗ്രഹം?
    -വ്യാഴം
15. കേരളത്തിൽ റെയിൽവേ പാതയില്ലാത്ത രണ്ട് ജില്ലകൾ ?
    -ഇടുക്കി, വയനാട്



# G.K QUIZ



1. കിഴക്കിന്റെ മാഞ്ചസ്റ്റർ എന്നറിയപ്പെടുന്ന നഗരം?
   ഒസാക്ക
2. ഏഴുമലകളുടെ നാട് എന്നറിയപ്പെടുന്ന നഗരം?
   ജോർദാൻ
3. ഇന്ത്യ ഏതു തരത്തിലുള്ള ദ്വീപാണ്?
   ഉപദ്വീപ്
4. ബുക്കർ സമ്മാനം നേടിയ കേരളീയ വനിത?
   അരുന്ധതി റോയ്
5. എവിടെയാണ് തണ്ണീർമുക്കം ബണ്ട് നിർമ്മീച്ചിരിക്കുന്നത്?
   വേമ്പനാട്ട് കായൽ
6. കേരളത്തിലെ ഏറ്റവും വലിയ ജലസംഭരണി ഏത്?
   മലമ്പുഴ ഡാം
7. കേരളത്തിലെ ആദ്യ ബാങ്ക്?
   നെടുങ്ങാടി ബാങ്ക്
8. ലോകത്തിൽ ആദ്യമായി നിർമ്മിക്കപ്പെട്ട ത്രിമാനചിത്രം ഏത്?
   ദി പവർ ഓഫ് ലൗ (അമേരിക്ക)
9. ആദ്യമായി ലോകം ചുറ്റി സഞ്ചരിച്ച വ്യക്തി ആരാണ്?
   മഗെല്ലൻ
10. 2018 ലെ കോമൺവെൽത്ത് ഗെയിംസിന്റെ വേദി?
    ഗോൾഡ് കോസ്റ്റ്
11. പാവപ്പെട്ടവന്റെ ആപ്പിൾ?
    തക്കാളി
12. തൊഴിൽരഹിതർ കുറഞ്ഞ കേരളത്തിലെ ജില്ല?
    വയനാട്
13. ടിപ്പുവിന്റെ ആക്രമണം തടയാൻ ധർമ്മരാജാവ് നിർമ്മിച്ച കോട്ട ഏത് ?
    നെടുങ്കോട്ട

# കേരളം ക്വിസ്




1. കേരളത്തിന്റെ കിഴക്കു ഭാഗത്ത് സ്ഥിതി ചെയ്യുന്ന മലനിരകളെ പറയുന്ന പേരെന്ത്?

   പശ്ചിമഘട്ടം

2. ആനമുടി സ്ഥിതിചെയ്യുന്ന ജില്ല ഏത്?

   ഇടുക്കി

3. ആശാൻ പുരസ്കാരം ആദ്യമായി നേടിയ വ്യക്തി?

   എൻ. എൻ. കാക്കാട്

4. കേരളത്തിലെ ആദ്യത്തെ പത്രം?

   രാജ്യസമാചാരം

5. 'കറുത്ത പൊന്ന് ' എന്നറിയപ്പെടുന്ന വിള?

   കുരുമുളക്

6. കേരളത്തിലെ ആദ്യത്തെ സ്വകാര്യ ടെലിവിഷൻ ചാനൽ ഏതാണ്?

   ഏഷ്യാനെറ്റ്

7. ഇന്ത്യൻ പ്രസിഡന്റായ ആദ്യ കേരളീയൻ ?

   കെ.ആർ. നാരായണൻ


# പഴഞ്ചൊല്ലുകൾ

വിത്തുഗുണം പത്ത് ഗുണം.
സമ്പത്ത് കാലത്ത് തൈ പത്ത് വച്ചാൽ ആപത്ത് കാലത്ത് കാ പത്ത് തിന്നാം.
മൂത്തവർ ചൊല്ലും മുതുനെല്ലിക്കയും, ആദ്യം കയ്ക്കും പിന്നെ മധുരിക്കും.
മൂക്കില്ലാ രാജ്യത്ത് മുറിമൂക്കൻ രാജാവ് .
വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.
ഒരു വെടിക്ക് രണ്ടു പക്ഷി .
അടി കൊടുത്ത് വടി വാങ്ങുക.
കടിച്ചതുമില്ല പിടിച്ചതുമില്ല.
കാണം വിറ്റും ഓണം ഉണ്ണണം.
കുരയ്ക്കും പട്ടി കടിക്കില്ല.
ഗതികെട്ടാൽ പുലി പുല്ലും തിന്നും.
മുറ്റത്തെ മുല്ലയക്ക് മണമില്ല.
ഐകമത്യം മഹാബലം.
കണ്ടറിയാത്താവൻ കൊണ്ടറിയും.
വിത്തുഗുണം പത്തുഗുണം.
കാക്ക കുളിച്ചാൽ കൊക്കാകില്ല.
മടിയൻ മല ചുമക്കും.



വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.
പണത്തിനുമീതെ പരുന്തും പറക്കും.
ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.
ഒഴുക്കുള്ള വെള്ളത്തിൽ അഴുക്കില്ല.
കയ്യൂക്കുള്ളവൻ  കാര്യക്കാരൻ.
എല്ലുമുറിയെ പണിയെടുത്താൽ പല്ലുമുറിയെ തിന്നാം
ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
ഒരുമയുണ്ടെങ്കിലുലക്കമേലും കിടക്കാം
അന്നവിചാരം മുന്ന വിചാരം
കണ്ടറിയാത്തവൻ കൊണ്ടറിയും
കാക്കയ്ക്കും തൻ കുഞ്ഞ് പൊൻകുഞ്ഞ്
അത്താഴം അത്തിപ്പഴത്തോളം
അന്നബലം പ്രാണബലം
അവൽ മുക്കി തിന്നണം എള്ള് നക്കി തിന്നണം
കാലു നനച്ച് ഉണ്ണണം കാലു ഉടച്ച് ഉറങ്ങണം

ഊണിന് കൃത്യം വാക്കിന് സത്യം
ചൊട്ടയിലെ ശീലം ചുടല വരെ
ആരാന്റെയമ്മയ്ക്ക് ഭ്രാന്ത് പിടിച്ചാൽ കാണാൻ നല്ല ചേല്
അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
ചിങ്ങത്തിൽ മഴ ചിണുങ്ങി ചിണുങ്ങി
പയ്യെതിന്നാൽ പനയും തിന്നാം
അടി തെറ്റിയാൽ ആനയും വീഴും
ഉണ്ട ചോറിൽ കല്ലിടരുത്
പാപി ചെല്ലുന്നിടം പാതാളം
നിറകുടം തുളുമ്പില്ല
മിന്നുന്നതെല്ലാം പൊന്നല്ല
ഒരു കുന്നിന് ഒരു കുഴി
കാളപെറ്റെന്നു കേട്ടു കയറെടുക്കരുത്
ആറ്റിൽ കളഞ്ഞാലും അളന്നു കളയണം



# മഹദ്‌വചനങ്ങൾ

സ്വയം സഹിക്കാത്ത ആരെയും സ്വർഗം സഹായിക്കില്ല. (സോഫോക്ലിസ്)
പുരോഗതിയിലേക്കുള്ള ആദ്യ പടി സ്വാതന്ത്ര്യം തന്നെയാണ്. (മുഹമ്മദ് ഇക്‌ബാൽ)
ദൈവത്തെ ആകാശത്തിൽ മാത്രം അന്വേഷിക്കുന്നവരെ സൂക്ഷിക്കുക. (ബർണാഡ്ഷാ)
ചരിത്രം എന്നത് വർഗയുദ്ധങ്ങളാണ്. (കാൾ മാർക്സ് )
വിദ്യാഭ്യാസമാണ് ജീവിതത്തെ നയിക്കുന്ന ശക്തി. (ലിയോ ടോൾസ്റ്റോയ്)
എന്ത് ത്യാഗം സഹിച്ചും ചെയ്യേണ്ടത് ചെയ്യാൻ ധൈര്യപ്പെടണം. (മഹാത്മ ഗാന്ധി)
കണക്കിലേറെ കരുതിയാൽ കാര്യം ഫലം തുച്ഛം. (ഷില്ലർ)
മനുഷ്യന് വേണ്ടതെല്ലാം ഭൂമിയിൽ ഉണ്ട്. പക്ഷേ അത്യാഗ്രഹത്തിനല്ല. (മഹാത്മാഗാന്ധി)
നിന്റെ ആഹാരം എന്നത് നിന്റെ ഔഷധം ആണ്. (ഹിപ്പോക്രാറ്റസ്)
പുസ്തകം ഒരു പലഹാരത്തെക്കാൾ പ്രയപ്പെട്ടതാണ്. (എം.ടി വാസുദേവൻ നായർ)
നാവിനു രസംപകരും പക്ഷേ വയറ്റിനു വശക്കേട്. (ഷേക്സ്പിയർ)
രണ്ടുമണ്ടൻമാർ ചേർന്നാലും ബുദ്ധിയുള്ള ഒരുതീരുമാനമാവില്ല. (ഹിറ്റ്ലർ)
സ്നേഹമില്ലാത്ത ജീവിതമെന്നത് മരണത്തിനു തുല്യമാണ്. (മഹാത്മാഗാന്ധി)
ഉജ്ജ്വലമായ ആത്മാവിന് ഒരിക്കലും അടിതെറ്റില്ല. (അരിസ്റ്റോട്ടിൽ)
വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും. വായിച്ചാൽ വിളയും,
വായിച്ചില്ലെങ്കിൽ വളയും. (കുഞ്ഞുണ്ണി മാഷ്)
അഹിംസയാണ് പരമമായ ധർമം-ശ്രീബുദ്ധൻ
കോപം ജനിക്കുമ്പോൾ അതിന്റെ അനന്തര ഫലങ്ങളെപ്പറ്റി ചിന്തിക്കുക. (കൺഫ്യൂഷസ്)
സൽപ്രവർത്തികളുടെ തുടക്കം സൽചിന്തയിൽ നിന്നാണ്-സോക്രട്ടീസ്
കൈയിൽ വെളിച്ചമുള്ളവർ അത് മറ്റുള്ളവരിലേക്ക് പകരുന്നു.
വിദ്യാഭ്യാസത്തിന്റെ വേരുകൾ കയ്പുനിറഞ്ഞവയും പഴങ്ങൾ മധുരമുള്ളവയും ആയിരിക്കും. (അരിസ്റ്റോട്ടിൽ)
പുസ്തകങ്ങളില്ലാത്ത ഭവനം ആത്മാവില്ലാത്ത ദേഹം പോലെയാണ്. (സിസെറോ)
എല്ലാ വിളക്കും വിളക്കല്ല; സത്യമാണ് ഏറ്റവും നല്ല വിളക്ക്. (തിരുവള്ളുവർ)
പൊതു നന്മയാണ് ഏറ്റവും കുലീനമായ ഉദ്ദേശ്യം. (വിർജിൽ)
ഉള്ളതുകൊണ്ട് ജീവിക്കാൻ അറിയാത്തവനും പഠിക്കാത്തവനും എന്നും അടിമ ആയിരിക്കും. (ഹൊറെസ്)
ഇഹലോക ജീവിതം നമുക്കു കടന്നുപോകാനുള്ള ഒരു പാലമാകുന്നു. (മുഹമ്മദ് നബി)
സ്നേഹം എന്ന രണ്ടക്ഷരത്തിൽ സർവവും അടങ്ങിയിരിക്കുന്നു. (കബീർദാസ്)
രോഗത്തേക്കാൾ അപകടകാരിയാണ് ഔഷധം. (ഫ്രാൻസിസ് ബേക്കൺ)
സ്വഭാവം നന്നെങ്കിൽ യശസ്സും ലഭിക്കും. (ഷേക്സ്പിയർ)
പ്രകൃതിയിലൂടെ ഈശ്വരനിലേക്ക് ഉയരണം. (ജോൺ മിൽട്ടൻ)
സ്വയം നിയന്ത്രണമുള്ളവനാണ് ഏറ്റവും ശക്തൻ. (സെനിക്കാ)
തെറ്റു ചെയ്യുക മാനുഷികമാണ് ക്ഷമിക്കുക ദൈവികവും. (അലക്സാണ്ടർ പോപ്പ്)

പഴകിയ ദുരാചാരങ്ങളെ മനുഷ്യൻ പുണ്യമായി വാഴ്ത്തുന്നു. (വോൾട്ടയർ)

ഇന്ന് ചെയ്യാൻ കഴിയുന്നത് നാളേയ്ക്ക് നീട്ടിവയ്ക്കാതിരിക്കുക. (ബഞ്ചമിൻ ഫ്രാങ്ക്ളിൻ)

ഉച്ചാരണം ഭാഷയുടെ ജീവനാണ്. (റൂസ്സോ) )

ധനം വർദ്ധിക്കുമ്പോൾ മനുഷ്യൻ മോശമാകുന്നു. (ഗോൾഡ് സ്മിത്ത്)

സഹനം ഒരു സുകൃതമല്ലാതായിത്തീരുന്ന സന്ദർഭങ്ങളുണ്ട്. (എഡ്മണ്ട് ബർക്ക്)

സമുദായത്തെ ഒന്നിപ്പിക്കുന്ന സ്വർണ്ണച്ചങ്ങലയാണ് ദയ. (ഗോയ്ഥെ)

പൂക്കൾ വാടി വീഴുന്നിടത്ത് മനുഷ്യൻ മനുഷ്യന് ജീവിക്കാനൊക്കില്ല. (നെപ്പോളിയൻ)

വായിച്ചതിനെപ്പറ്റി ചിന്തിക്കാൻ ശീലിക്കണം. (കോൾറിജ്)

സത്യത്തിലേയ്ക്കുള്ള ആദ്യ പടി ആപത്താണ്. (ലോർഡ് ബൈറൺ)

